بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 3

ലക്കം 49

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഡിസംബർ 06/ഹി:ശം:1397 ഫത്ഹ് 06/ഹി:ഖ:1440 റബിയ്യുൽഅവ്വൽ 27


## അല്ലാഹുവിന്റെ വചനം

لَا یُکَلِّفُ اللّٰہُ نَفۡسًا اِلَّا وُسۡعَہَا ؕ لَہَا مَا کَسَبَتۡ وَعَلَیۡہَا مَا اکۡتَسَبَتۡ ؕ رَبَّنَا لَا تُؤَاخِذۡنَاۤ اِنۡ نَّسِیۡنَاۤ اَوۡ اَخۡطَاۡنَا ۚ

(سورة البقرة:287)

അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്വമേൽപിക്കുന്നില്ല. അവൻ ചെയ്ത സൽക്കർമത്തിന്റെ ഫലം അവനു ലഭിക്കുന്നതാണ്; അവൻ ചെയ്ത ദുഷ്കർമത്തിന്റെ ശിക്ഷയും അവന് അനുഭവിക്കേണ്ടി വരുന്നതാണ്. (2:287)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**നിങ്ങളുടെ ആയുസ്സ് വർധിക്കുന്നതിനും അല്ലാഹുവിൽനിന്നു അനുഗ്രഹം പ്രാപിക്കുന്നതിനുംവേണ്ടി കുറ്റങ്ങളിൽ അതിരുവിടുകയെന്നത് ശപിക്കപ്പെട്ട ജീവിതമാണ്. അതിരുകടന്നുള്ള ദുഃസ്വഭാവവും നിർഭയത്വവും ശപിക്കപ്പെട്ട ജീവിതമാണ്. ദൈവത്തിനോട് അല്ലെങ്കിൽ അവന്റെ ദാസരോടു സഹതാപം കാണിക്കുന്നതിൽ അതിരുവിട്ടുള്ള അശ്രദ്ധയും ശപിക്കപ്പെട്ട ജീവിതമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നിങ്ങളുടെ ആയുസ്സ് വർധിക്കുന്നതിനും അല്ലാഹുവിൽനിന്നു അനുഗ്രഹം പ്രാപിക്കുന്നതിനും വേണ്ടി കുറ്റങ്ങളിൽ അതിരുവിടുകയെന്നത് ശപിക്കപ്പെട്ട ജീവിതമാണ്. അതിരുകടന്നുള്ള ദുഃസ്വഭാവവും നിർഭയത്വവും ശപിക്കപ്പെട്ട ജീവിതമാണ്. ദൈവത്തിനോട് അല്ലെങ്കിൽ അവന്റെ ദാസരോടു സഹതാപം കാണിക്കുന്നതിൽ അതിരുവിട്ടുള്ള അശ്രദ്ധയും ശപിക്കപ്പെട്ട ജീവിതമാണ്.

ദൈവത്തോടുള്ള കടമകളെപ്പറ്റിയും മനുഷ്യരോടുള്ള ബാധ്യതകളെപ്പറ്റിയും ഒരു ദരിദ്രനോടു ചോദിക്കുന്നതുപോലെ ഓരോ ധനികനോടും ചോദിക്കപ്പെടുന്നതായിരിക്കും. എന്നല്ല, അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ചു പൂർണമായും ദൈവത്തിൽനിന്ന് മുഖം തിരിക്കുന്നവൻ എത്രമാത്രം ദൗർഭാഗ്യനാണ്. ദൈവം നിഷിദ്ധമാക്കിയതിനെ ഒരു ഭയവും കൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തന്മാരെപ്പോലെ ചിലരെ ചീത്തവിളിക്കാനും ചിലരെ പരിക്കേല്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയാൽ നാണംകെട്ട മാർഗങ്ങളെല്ലാം പാരമ്യത്തിലെത്തിക്കുന്നു. അവർ മരിക്കുന്നതുവരെ യഥാർഥ ആനന്ദാവസ്ഥ പ്രാപിക്കുന്നതല്ല.

അല്ലയോ പ്രിയമുള്ളവരേ! നിങ്ങൾ അല്പകാലത്തേക്കാണ് ലോകത്ത് വന്നിട്ടുള്ളത്. അതും ഒരുപാടുകഴിഞ്ഞുപോയി. അതുകൊണ്ട് നിങ്ങളുടെ യജമാനനായ ദൈവത്തെ വെറുപ്പിക്കാതിരിക്കുക. നിങ്ങളേക്കാൾ ശക്തമായിരിക്കുന്ന മനുഷ്യനിർമിതമായ ഒരു ഭരണകൂടത്തിന് നിങ്ങളോട് വെറുപ്പുണ്ടെങ്കിൽ അവർക്ക് നിങ്ങളെ നശിപ്പിക്കാൻ കഴിയും. അതിനാൽ, നിങ്ങൾ ചിന്തിക്കുക. അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് നിങ്ങൾക്കെങ്ങനെയാണ് രക്ഷപ്പെടാൻ സാധിക്കുക. അല്ലാഹുവിന്റെ കൺമുമ്പിൽ നിങ്ങൾ യഥാർഥ ഭക്തരാണെങ്കിൽ ആർക്കും നിങ്ങളെ നശിപ്പിക്കാൻ കഴിയില്ല; അവൻ സ്വയം നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവന്റെ പിന്നാലെ കൂടിയിരിക്കുന്ന ശത്രുവിന് നിങ്ങളെ അധീനപ്പെടുത്താൻ കഴിയില്ല. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ജീവന് ഒരു സംരക്ഷകനുമില്ല. നിങ്ങൾ ശത്രുക്കളെ ഭയന്നോ അല്ലെങ്കിൽ വിപത്തുകളിൽ അകപ്പെട്ടോ ഗതിയില്ലാതെ ജീവിക്കുകയും നിങ്ങളുടെ ആയുസ്സിന്റെ അവസാനത്തെ നാളുകൾ വലിയ ദുഃഖത്തോടും ദ്വേഷത്തോടുംകൂടി കഴിഞ്ഞുപോവുകയും ചെയ്യും. തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിലേക്കു വരിക. അവനോടുള്ള എല്ലാ എതിർപ്പും ഉപേക്ഷിക്കുക. അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടി കാണിക്കരുത്. അവന്റെ അടിയാന്മാരോടു നാവുകൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും' ദൈവത്തിൽനിന്നുള്ള വിപത്തിനേയും കോപത്തേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. ഇതുതന്നെയാണ് മോക്ഷത്തിന്റെ വഴി.

അല്ലയോ മുസ്ലിം പണ്ഡിതന്മാരേ! എന്നെ നിഷേധിക്കുന്നതിൽ ധിറുതി കാണിക്കാതിരിക്കുവിൻ. മനുഷ്യനു പെട്ടെന്നു മനസ്സിലാക്കാൻ പറ്റാത്ത നിരവധി രഹസ്യങ്ങളുണ്ട്. കാര്യം കേട്ടയുടനെ നിഷേധിക്കുവാൻ ഒരുങ്ങുന്നത് തഖ്‌വയുടെ– ഭയഭക്തിയുടെ മാർഗമല്ല. നിങ്ങളിൽ ചില തെറ്റുകൾ ഇല്ലാതിരിക്കുകയും നിങ്ങൾ ചില ഹദീഥുകൾക്കു വിപരീതാർഥം മനസ്സിലാക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ 'വിധികർത്താവായ' വാഗ്ദത്ത മസീഹിന്റെ വരവുതന്നെ വ്യർഥമാകുമായിരുന്നു. നിങ്ങൾക്ക് പാഠം പഠിക്കാൻ പറ്റിയ സന്ദർഭം മുമ്പേ നിലവിലുണ്ട്. ഏതൊന്നിലാണോ നിങ്ങൾ ഉറച്ചിരിക്കുന്നത്, ഏതൊരു സ്ഥലത്താണോ നിങ്ങൾ കാലെടുത്തുവെച്ചിരിക്കുന്നത് അതേ സ്ഥലത്തുതന്നെയായിരുന്നു യഹൂദികളും കാലെടുത്തുവെച്ചിരുന്നത്– ഈസാനബിവീണ്ടും വരുന്നതാണെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ അവരും ഇൽയാസ്നബി വീണ്ടും വരുമെന്ന പ്രതീക്ഷയിലായിരുന്നു. ആദ്യം ഇൽയാസ് (ഏലിയാ പ്രവാചകൻ) ആകാശത്തുനിന്ന് ഭൂമിയിൽ ഇറങ്ങിവരുമെന്നും അതിനു ശേഷമേ മസീഹ് വരികയുള്ളൂവെന്നും ഇൽയാസ് നബി വരുന്നതിനു മുമ്പേ ആരെങ്കിലും താൻ മസീഹാണെന്ന് വാദിച്ചാൽ അയാൾ വ്യാജനായിരിക്കുമെന്നും അവർ പറഞ്ഞിരുന്നു. ഇപ്രകാരം അവർ വിശ്വസിച്ചിരുന്നത് ഹദീഥുകളനുസരിച്ച് മാത്രമല്ല, മലാക്കിനബിയുടെ വേദഗ്രന്ഥത്തിൽനിന്ന് തങ്ങളുടെ വിശ്വാസത്തിന്നുള്ള തെളിവ് സമർപിച്ചുകൊണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് ഈസാനബി(അ) താൻ യഹൂദികൾക്കായുള്ള വാഗ്ദത്ത മസീഹാണെന്നു വാദിക്കുകയും ഈ വാദത്തിന്റെ നിബന്ധനയായ ഇൽയാസ് ആകാശത്തുനിന്ന് ഇറങ്ങാതിരിക്കുകയും ചെയ്തപ്പോൾ യഹൂദികളുടെ എല്ലാ വാദങ്ങളും അടിസ്ഥാനരഹിതമാണെന്നു സ്ഥാപിതമായി. ഇൽയാസ് നബി സ്ഥൂലശരീരത്തോടെ ആകാശത്തുനിന്നിറങ്ങുന്നതാണെന്ന യഹൂദികളുടെ വിശ്വാസത്തിന്റെ യാഥാർഥ്യം ഇൽയാസിന്റെ പ്രകൃതിയിലും സ്വഭാവത്തിലുമുള്ള മറ്റൊരാൾ പ്രത്യക്ഷനാകും എന്നാണെന്ന് അവസാനം വ്യക്തമായി. ഈ അർഥം ഹദ്റത്ത് ഈസാനബി(അ)തന്നെയാണ് വിവരിച്ചത്. എന്നാൽ, അദ്ദേഹത്തെത്തന്നെ നിങ്ങൾ വീണ്ടും ആകാശത്തുനിന്ന് ഇറക്കുകയാണല്ലോ ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾക്കുമുമ്പേ യഹൂദികൾ വഞ്ചിതരായ അതേസ്ഥലത്തുതന്നെ എന്തിനാണ് നിങ്ങൾ വഞ്ചിതരാകുന്നത്? നിങ്ങളുടെ രാജ്യത്ത് ആയിരക്കണക്കിലുള്ള യഹൂദികളോടു ഇതുതന്നെയല്ലേ നിങ്ങളുടെ വിശ്വാസം എന്നു ചോദിച്ചു നോക്കുക.

ഈസാ(അ)യ്ക്കുവേണ്ടി ഏലിയാ പ്രവാചകനെ ആകാശത്തുനിന്നു ദൈവം ഇറക്കിയില്ല. എന്നല്ല യഹൂദികളുടെ മുമ്പാകെ വ്യാഖ്യാനങ്ങൾകൊണ്ട് പ്രവർത്തിക്കേണ്ടതായും വന്നു. അങ്ങനെയിരിക്കെ അവൻ നിങ്ങൾക്കുവേണ്ടി ഈസായെ എങ്ങനെയിറക്കും? അദ്ദേഹത്തെ നിങ്ങളാണ് വീണ്ടും ഇറക്കുന്നത്! അല്ലാഹുവിന്റെ തീരുമാനത്തെ നിഷേധിക്കുന്നവരാണു നിങ്ങൾ. നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ ഈ രാജ്യത്തുണ്ട്. അവരുടെ ഇഞ്ചീലുമുണ്ട്. അവരോട് ചോദിക്കുക ഇത് സത്യമല്ലേ എന്ന്. അതായത് വരാനിരിക്കുന്ന ഏലിയാ,

( ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# തഹ്‌രീക്കെ ജദീദിന്റെ ചരിത്ര പശ്ചാത്തലം

മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

അഹ്മദിയ്യ മുസ്‌ലീം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ജമാഅത്തിന് നേരിടേണ്ടി വരുന്ന ഭയാനകമായ പരീക്ഷണത്തെ സംബന്ധിച്ച് 1927 മുതൽ മുന്നറിയിപ്പ് നല്കുകയും അതിനെ നേരിടാൻ ജമാഅത്തിനെ സജ്ജമാക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ മഹാത്മാവ് പറഞ്ഞു: 'റഹ്മാനും ശയ്ത്വാനും തമ്മിലുള്ള അവസാന പോരാട്ടത്തിന്റെ സമയം അടുത്തിരിക്കുന്നു...നമ്മൾ ഉണരണം, ജാഗരൂകരാകണം...ത്യാഗം വരിക്കണം...അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇന്ത്യയിൽ സത്യവും അസത്യവും തുറന്നു കാണിക്കുന്ന രീതിയിലുള്ള മാറ്റമുണ്ടാകും....ഇന്ത്യയിൽ ഏതു ജമാഅത്ത് നിലനില്ക്കണം. ഏത് ഉന്മൂലനം ചെയ്യപ്പെടണം എന്ന കാര്യത്തിൽ തീരുമാനമാകും...' ആ മഹാത്മാവ് ജമാഅത്തിന് ആവേശം പകർന്നുകൊണ്ട് പറഞ്ഞു: "വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നമ്മളിൽ സൃഷ്ടിച്ചിട്ടുള്ള കരുത്ത് നിലനില്ക്കുമ്പോൾതന്നെ നാം ലോകത്തെ വിജയിച്ചടക്കണം. മരിച്ചു കഴിഞ്ഞാൽ നമുക്കെന്താണ് ചെയ്യാൻ കഴിയുക. വാഗ്ദത്ത മസീഹ്(അ) നിങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ശക്തിയോടും ആത്മാവോടുംകൂടി പ്രവർത്തിക്കുകയും മുഴുലോകത്തേയും ഒരറ്റം മുതൽ മറ്റേ അറ്റംവരെ ഇളക്കിമറിക്കുകയും ലോകത്തെ കീഴടക്കാൻ ഇപ്പോൾ മുതൽതന്നെ തയ്യാറാകുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ നാശത്തെ വിളിച്ചു വരുത്തുകയായിരിക്കും ചെയ്യുന്നത്" (മജ്‌ലിസെ മുശാവറത്ത് 1927 ഏപ്രിൽ 15–17)

ഈ പ്രഖ്യാപനത്തിനുമുമ്പേ അഹ്മദിയ്യ ജമാഅത്തിന്നെതിരെ വ്യക്തിപരമായ എതിർപ്പുകളാണുണ്ടായിരുന്നത്. ഇതിന് നാലു വർഷത്തിനുശേഷമാണ് സംഘടിതമായ എതിർപ്പുകൾ തുടങ്ങുന്നത്. ജമാഅത്തിനെ ഭൂലോകത്തുനിന്ന് തുടച്ചുനീക്കുന്നതിനുവേണ്ടി രാഷ്ട്രീയമായും മതപരമായുമുള്ള നീക്കങ്ങൾക്ക് ശത്രുക്കൾ ആരംഭം കുറിച്ചു. ആഞ്ഞുവീശിയ എതിർപിനു പിന്നിൽ മുഖ്യമായും പ്രവർത്തിച്ചത് മജ്‌ലിസെ അഹ്റാർ ആയിരുന്നു.(താരീഖെ അഹ്മദിയ്യത്ത് വാള്യം 6 പേജ് 316)

## ആരാണ് മജ്‌ലിസെ അഹ്റാർ?

"സമീന്ദാർ പത്രത്തിന്റെ എഡിറ്ററായിരുന്ന മൗലവി സഫ്ർ അലി ഖാൻ സാഹിബിന്റെ "മുത്തഹദ ഖൗമിയത്ത്" എന്ന ഫോർമുലയെ മുസ്‌ലീംകളിൽ സ്വീകാര്യമാക്കുന്നതിനും കോൺഗ്രസ്സിന്റെ എല്ലാ പരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുംവേണ്ടി മൗലാനാ അബുൽകലാം ആസാദ് 1929 ഡിസംബറിൽ 'പഞ്ചാബിലെ മുൻ ഖിലാഫത്തി ഉലമായുടെ ഒരു പുതിയ മജ്‌ലിസ്സിന്' അടിത്തറയിട്ടു. അതിന് പേരിട്ടത് 'മജ്‌ലിസെ അഹ്റാർ' എന്നായിരുന്നു.........

ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ മീറ്റിംങ് ലാഹോറിൽ സംഘടിപ്പിച്ചപ്പോൾ ഇമാമുൽഹിന്ദ് ഹദ്റത്ത് മൗലാനാ അബുൽകലാം ആസാദിന്റെ സാന്നിധ്യത്തിൽ, മുസ്‌ലീംകൾക്ക് ഒരു സ്വതന്ത്രചിന്താ സംഘടന രൂപീകരിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു. മതപരമായ അധ്യാപനങ്ങൾ മുസ്‌ലീംകൾക്ക് നല്കുന്നതോടൊപ്പം മുസ്‌ലിം ജനതയെ മറ്റുള്ളവരുടെ കബളിപ്പിക്കലിൽനിന്നും ചതിയിൽനിന്നും രക്ഷിക്കണമെന്ന അഭിപ്രയത്തോടു എല്ലാവരും യോജിച്ചു. ആ സംഘടനയുടെ പേരെന്തായിരിക്കണമെന്നതിനെക്കുറിച്ച് ചർച്ച നടന്നു. അവസാനം 'മജ്‌ലിസെ അഹ്റാരെ ഇസ്‌ലാം' എന്ന് പേരിടുകയും എല്ലാവരും സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു."

"1929 ഡിസംബർ 29ന് ചേർന്ന കോൺഗ്രസ്സിന്റെ യോഗത്തിൽ മൗലാനാ അബുൽകലാം ആസാദിന്റെ അഭിപ്രായമനുസരിച്ച് ആൾ ഇന്ത്യാ കോൺഗ്രസ്സിന്റെ സ്റ്റേജിൽ ചൗധരീ അഫ്സൽഹഖിന്റെ അധ്യക്ഷതയിൽ മജ്‌ലിസെ അഹ്റാറിന്റെ ആദ്യ മീറ്റിംങ് നടന്നു. മൗലാനാ സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരിയായിരുന്നു മജ്‌ലിസെ അഹ്റാറിന്റെ ആദ്യത്തെ പ്രസിഡന്റ്.

## ഖാദിയാനിൽ അഹ്റാരികളുടേയും ഭരണകൂടത്തിന്റേയും പ്രകോപനപരമായ പ്രവർത്തനങ്ങൾ

അഹ്മദിയ്യ ജമാഅത്ത് ഒരു പരിശുദ്ധ വ്യവസ്ഥിതിയുള്ള ജമാഅത്താണ്. നിർബന്ധമായും അനുസരിക്കപ്പെടുന്ന ഒരു നേതാവ് അതിനുണ്ട്. പ്രവർത്തനനിരതമായ ഒരു കേന്ദ്രവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അഹ്റാരികളും ഭരണകൂടവും അഹ്മദിയ്യ ജമാഅത്തിനെ തകർത്തെറിയുന്നതിനുവേണ്ടി നേരിട്ട് ഖാദിയാനെത്തന്നെ തങ്ങളുടെ പ്രകോപനങ്ങളുടെ ലക്ഷ്യസ്ഥാനമാക്കിയത്. അവർ അതിനുവേണ്ടി കിണഞ്ഞു പരിശ്രമിച്ചു. അഹ്മദികൾക്കെതിരെ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വൈരാഗ്യത്തിന്റേയും ഒരു അന്തരീക്ഷം സൃഷ്ടിച്ചു. അഹ്മദികൾ എങ്ങനേയും വീർപ്പുമുട്ടി ക്ഷമകൈയൊഴിച്ച് സമാധാനത്തിന്റെ കോന്തല കൈവിട്ട് തെരുവിലിറങ്ങാൻ നിർബന്ധിതരാവണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ അഹ്മദികൾ രാജ്യത്തിന്റെ ഭരണഘടനയുമായി ഏറ്റുമുട്ടുന്ന ഒരു അവസ്ഥ ഉണ്ടാക്കണം. അപ്പോൾ ഭരണകൂടത്തിന് ആദ്യം ഖലീഫയ്ക്കെതിരിലും പിന്നീട് ഖാദിയാനെതിരിലും അതിനുശേഷം സംസ്ഥാനത്ത് മുഴുവനുമുള്ള അഹ്മദികൾക്കെതിരിലും നടപടിയെടുക്കാൻ എളുപ്പമായിരിക്കും. ഇൻസ്പെക്ടർ ജനറൽ സി. ഐ. ഡി മിർസാ മിഅ്റാജുദ്ദീൻ സാഹിബ് പ്രസിദ്ധനായ ഒരു അഹ്മദിയോടു പറഞ്ഞ ഈ വാക്കുകൾ ശ്രദ്ധിക്കുക:

" കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ താങ്കളുടെ ജമാഅത്തിന്നെതിരെ തയ്യാറാക്കിയ പദ്ധതി എത്രമാത്രം ഭയാനകവും ഭയങ്കരവുമായിരുന്നുവെന്നാൽ, അതു ചിന്തിക്കുമ്പോൾ മനുഷ്യന്റെ ഹൃദയം വിറകൊള്ളുന്നു. എന്നാൽ, ജമാഅത്തിന്റെ ശക്തമായനേതൃത്വം അതിനെയെല്ലാം പരാജയപ്പെടുത്തി. അതുകൊണ്ടാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിൽ ആസക്തനായത്" (താരീഖ് അഹ്മദിയ്യത്ത് വാള്യം 6 പേജ് 414)

അഹ്മദിയ്യ കേന്ദ്രം ആക്രമിക്കുന്നതിനും അവരുടെ ഗൂഢപദ്ധതി നടപ്പിൽ വരുത്തുന്നതിനുംവേണ്ടി അവർ ചെയ്ത ആദ്യനടപടി 1933 ഒക്ടോബർ 6ന് രണ്ടു യുവാക്കളെ ഖാദിയാനിൽ പരിശോധനയ്ക്കായി അയക്കുകയായിരുന്നു. ആ യുവാക്കൾ വന്നപ്പോൾ ഖാദിയാനിലെ അഹ്‌ലു സുന്നത്തി വൽജമാഅത്തും ഹിന്ദുക്കളും ചേർന്ന് അൽഫദ്ൽ പത്രത്തിൽ ഒരു പ്രസ്താവന നടത്തി: "1933 ഒക്ടോബർ 6 ന് രണ്ടു യുവാക്കൾ വന്നു. തങ്ങളെ അയച്ചത് അഹ്റാരെ ഇസ്‌ലാമാണെന്ന് അവർ പറഞ്ഞു. ഖാദിയാനിലെ അഹ്‌ലുസുന്നത്ത് വൽജമാഅത്തിന്റെ പള്ളിയിലാണ് അവർ താമസിച്ചത്. ഞങ്ങൾ അഹ്റാരികളുടെ പ്രവർത്തനങ്ങളെ മുസ്‌ലീംവിരുദ്ധമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഞങ്ങൾ അവരോടു പറഞ്ഞു, 'മസ്ജിദ് ആരാധനയ്ക്കുള്ള സ്ഥലമാണ്. ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് കുഴപ്പവും കലഹവുമുണ്ടാകും. അതുകൊണ്ട് നിങ്ങൾ പള്ളിയിൽനിന്ന് പോകുക. അങ്ങനെ അവർ രണ്ടുപേരും അവിടെന്ന് പോയി. ഇതല്ലാതെ മറ്റൊരു സംഭവവും അവിടെ ഉണ്ടായിട്ടില്ല. അഹ്റാറിന് ഖാദിയാനിൽ ഒരു ഓഫീസില്ല. ധർമ ഭോജനശാലയുമില്ല. ജമാഅത്തുമില്ല."

അഹ്റാറാണെങ്കിൽ കള്ള പ്രചാരണത്തിൽ വൈദഗ്ധ്യം നേടിയവരായിരുന്നു. അവർ ഈ നിസാര കാര്യത്തെ ശരിക്കും ആയുധമാക്കി. മുസ്‌ലീംകളെ പ്രകോപിപ്പിക്കാൻവേണ്ടി ഒരു കള്ളക്കഥ കെട്ടിച്ചമച്ചു. അവർ പറഞ്ഞു, "അഹ്മദികൾ തങ്ങളുടെ ആധിപത്യത്തിന്റെ ലഹരിയിൽ ഈ അഹ്റാരി യുവാക്കളെ ലാത്തികൊണ്ടടിച്ചടിച്ച് ജീവച്ഛവമാക്കി." അഹ്റാർ ചിന്തകനായ ചൗധരീ അഫ്ദൽ ഹഖ് സാഹിബ് 'താരീഖെ അഹ്റാർ' എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെ തികച്ചും കോലംമാറ്റി എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

"കുറച്ചു യുവാക്കളായ വാളന്റിയർമാരെ ഖാദിയാനിൽ അയച്ചു. മുസ്‌ലീകളുടെ പള്ളികളിൽപോയി നമസ്കരിക്കാനാണ് അയച്ചത്. അറിയാതെ ഖാദിയാനികളുടെ പളളികളിൽ പ്രവേശിക്കേണ്ട എന്നു കരുതിയാണ് അങ്ങനെ നിർദേശിച്ചത്. അങ്ങനെ മിർസായികൾക്ക് നിങ്ങളുടെ മേൽ ആക്രമണം നടത്തിയിട്ട് ഉചിതമായ ഒഴികഴിവ് പറയാൻ അവസരം കിട്ടണ്ട. പക്ഷേ, ഖാദിയാനീമിർസായികൾക്ക് മുസ്‌ലിം പള്ളികളിൽനിന്നുയരുന്ന ബാങ്കിന്റെ ശബ്ദം എങ്ങനെ സഹിക്കാനാണ്. പണ്ടേ മുസ്‌ലീംകളുടെമേൽ അവരുടെ ലാത്തി വീണുകൊണ്ടിരുന്നതാണ്. അവർ വന്നു, ലാത്തിയുടെ ശക്തി കാണിക്കാൻ തുടങ്ങി. നിർദ്ദയരായ അവർ ലാത്തികൊണ്ട് അഹ്റാരികളേയും വാളന്റിയർമാരേയും എത്രമാത്രം മർദിച്ചുവെന്നാൽ, അല്ലാഹുവിൽ അഭയം! ഭീരുവായ ശത്രു കൈയിൽ കിട്ടിയാൽ നിന്ദ്യമായിട്ട് അങ്ങനെ തന്നെയാണ് കാണിക്കാറുള്ളത്."

ഖാദിയാനിൽ വന്ന അഹ്റാരികളുടെ ഈ ആദ്യ സംഘത്തിനുശേഷം ഇനായത്തുല്ലാഹ് എന്നൊരാൾ അഹ്റാരികളുടെ മുബല്ലിഗ് എന്നനിലയിൽ ഇവിടെ എത്തി. അയാൾ ചില സൂത്രശാലികളേയും തെമ്മാടികളേയും ആയുധമാക്കി അഹ്മദികൾക്കെതിരിൽ ഗൂഢാലോചന നടത്താൻ തുടങ്ങി. എങ്ങനെയെങ്കിലും തദ്ദേശ അഹ്മദികളുമായി ഏറ്റുമുട്ടുകയും അങ്ങനെ തങ്ങളുടെ കരച്ചിലും നിലവിളിയുംകൊണ്ട് മുസ്‌ലീംകളുടെ സഹതാപം പിടിച്ചുപറ്റുക മാത്രമല്ല അമുസ്‌ലീംകളുമായിട്ട് സുദൃഢബന്ധം ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അഹ്മദികൾക്കെതിരെ സർക്കാർ എന്ത് നടപടിയെടുത്താലും അതവരുടെ പിന്തുണയോടെയാണെന്ന് വരുത്തിതീർക്കാനായിരുന്നു അവർ ഇങ്ങനെ ചെയ്തത്.

'പേഗാമെ ഹഖ്' എന്ന പത്രംമുഖേന അഞ്ചുമൻ 'അഹ്റാറുൽ മുസ്‌ലിമീൻ' 1929–ൽ ഖാദിയാനിലെ അനഹ്മദികളുടേയും അമുസ്‌ലീംകളുടേയുംമേൽ അഹ്മദികൾ അക്രമം അഴിച്ചുവിടുന്നുവെന്നുള്ള കിംവദന്തി പരത്തിയിരുന്നു. ഇപ്പോഴത്തെ അവരുടെ പ്രചാരണം അതായത് ഖാദിയാനിൽ ഇംഗ്ലീഷ് സർക്കാർ നിശ്ചലമായി കഴിഞ്ഞിരിക്കുന്നു, മിർസായികൾ സമാന്തര ഭരണം സ്ഥാപിച്ച് തദ്ദേശ ഹിന്ദുക്കളുടേയും മുസ്‌ലീംകളുടേയും ജീവിതകാലം ദുരിതത്തിലാക്കിയതുകൊണ്ട് അവിടത്തെ ജനങ്ങളുടെ വിളികേട്ട് അഹ്റാറിന് ഖാദിയാനിൽ പോകേണ്ടിവന്നിരിക്കുന്നു, ഇനി അവരെ മോചിപ്പിച്ചേ അടങ്ങൂ എന്നുള്ള പ്രചാരണം എരിതീയിൽ എണ്ണ ഒഴിച്ചതുപോലെയായി. 'അഹ്റാർ ചിന്തക'നായ ചൗധരീ അഫ്ദൽ ഹഖ് സാഹിബ് ഖാദിയാനിൽ അഹ്റാരികൾ പ്രവേശിച്ചതിനുള്ള മറ്റൊരു കാരണവും എഴുതി. അഹ്റാരികളുടെ ഈ നടപടിയെ ഒരു ദൈവികപദ്ധതിയാണെന്ന് വിശേഷിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

"കശ്മീരിലെ നിരാലംബരായ സാധുജനങ്ങളുടെ വിപത്തുകൾ കണ്ടിട്ട് വിലപിക്കുകയായിരുന്നവരുടെ വേദനാജനകമായ ആവലാതികേട്ട് എഴുന്നേറ്റതുപോലെ ഞങ്ങൾ ഖാദിയാനിലെ ദുരിതങ്ങളിൽ കഴിയുന്ന ഹിന്ദുക്കളുടേയും മുസ്‌ലീംകളുടേയും നിലവിളികേട്ട് ഉണർന്നിരിക്കുകയാണ്. ഭൂമിയിലെ വേദനാജനകമായ ആവലാതികൾ ആകാശത്തിലെ ദൈവംവരെ എത്തുകയില്ലെന്നാണ് ഖാദിയാനിലെ മുതലാളിമാർ വിശ്വസിച്ചത്..............പക്ഷേ, നോക്കൂ! ആകാശത്തിലെ ദൈവം പറയുന്നതുപോലെ തോന്നി, 'അഹങ്കാരികളായ യജമാന്മാരേ, നിങ്ങളുടെ ഈ അക്രമപരമായ ജീവിതത്തിന്റെ ബൈബിളിന്റെ പേജുകൾ മടക്കിവയ്ക്കേണ്ടതാണ്. അതുകൊണ്ട് അവൻ കള്ളമസീഹന്റേയും അയാളുടെ അനുയായികളുടേയും അക്രമങ്ങളെ തടയാൻ സാധുക്കളുടെ ജമാഅത്തിനോട് പറഞ്ഞിരിക്കുകയാണ്.'

'ഖാദിയാനികളുടെ മർദനം' അവസാനിപ്പിക്കാൻ അഹ്റാരികൾ 1933ലെ ജൽസാ സാലാന(വാർഷിക സമ്മേളനം) അവസരമാണ് തീരുമാനിച്ചത്. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്ന് ആയിരക്കണക്കിന് അഹ്മദികൾ തങ്ങളുടെ വിശുദ്ധകേന്ദ്രത്തിൽ സംഘടിച്ചിരുന്നപ്പോൾ അവർ അഹ്മദികളെ പീഢിപ്പിക്കാൻവേണ്ടി മാത്രം സമ്മേളനം സംഘടിപ്പിച്ചു. പ്രകോപനമായപരമായ നോട്ടീസുകൾ വിതരണം ചെയ്തു. ആ അവസരത്തിൽ തദ്ദേശപോലീസ് ഒരു ഭാഗത്ത് കലഹത്തെ പ്രോത്സാഹിപ്പിച്ചു. മറുഭാഗത്ത് അഹ്മദികളിൽനിന്ന് ആക്രമണത്തിന്റെ ഭീഷണിയുണ്ടെന്ന് പറഞ്ഞ് ഉന്നത ഉദ്യോഗസ്ഥനെ തെറ്റു ധരിപ്പിച്ച് വൻപോലീസ് സംഘത്തെ വരുത്തിച്ചു. സ്ഥലത്തെ മജിസ്ട്രേട്ട്, ജമാഅത്തിന്റെ ഉത്തരവാദപ്പെട്ട അംഗങ്ങളോട് ആരും അവരുടെ സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് നിർദേശിച്ചു. അറിയാതെ ആരെങ്കിലും അങ്ങോട്ടു പോകുന്നതു കണ്ടാൽ അവരെ തിരിച്ചയക്കുന്നതിനുവേണ്ടി അഹ്റാരികളുടെ സമ്മേളനസ്ഥലത്തേക്കുള്ള എല്ലാ വഴികളിലും ആളുകളെ നിറുത്തി. വളരെ സൂക്ഷ്മതയോടെ അഹ്റാരികൾക്ക് ഒരു തരത്തിലുള്ള പരാതിയ്ക്കും ഇടം നല്കാതിരിക്കാനുള്ള ശ്രമമാണ് നടത്തിയത്. പക്ഷേ, അക്കൂട്ടരുടെ ഉദ്ദേശ്യം അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ബഹളമുണ്ടാക്കുക എന്നതു മാത്രമായിരുന്നു. അതിന് തദ്ദേശപോലീസുകാർ അവരെ സഹായിക്കുകയും ചെയ്തു. അതുകൊണ്ട് കുഴപ്പമുണ്ടാക്കാൻ ഒരു കാര്യവും കിട്ടാതെ വന്നപ്പോൾ അവരുടെ സമ്മേളനനഗറിന്റെ കുറച്ചകലെ ഒരു അഹ്മദി വീട്ടിൽ ഒന്നുരണ്ട് അഹ്മദി അതിഥികൾ പദ്യം ചൊല്ലുന്ന ശബ്ദം തങ്ങൾ കേൾക്കുന്നുവെന്ന് പറഞ്ഞ് ബഹളമുണ്ടാക്കാൻ തുടങ്ങി. കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ട്, അതിനാൽ അഹ്മദി പദ്യം ചൊല്ലുന്നത് ഉടനെ നിറുത്താൻ തദ്ദേശപോലീസ് അധികാരി കല്പന പുറപ്പെടുവിച്ചു. അങ്ങനെ പദ്യ പാരായണം നിറുത്തി. പിന്നീട് ഒരു അഹ്മദിയുടെ വീടിന്റെ ഭിത്തിയിൽ അഹ്റാരികൾ (അദ്ദേഹം പതിക്കരുതെന്ന് വിലക്കിയിട്ടും) ഒരു പോസ്റ്റർ പതിച്ചു. ആ പോസ്റ്റർ ആ സമ്മേളനത്തെ കുറിച്ചുള്ളതായിരുന്നില്ല. അതിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യെ കുറിച്ചും അഹ്മദിയ്യ ജമാഅത്തിനെ കുറിച്ചും പ്രകോപനപരമായ അസഭ്യകാര്യങ്ങളാണ് എഴുതിയിരുന്നത്. അഹ്മദി ആരും അറിയാതെ അത് കീറിക്കളഞ്ഞു. അപ്പോൾ തങ്ങ

( ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

● അല്ലാഹുവും കടം വെച്ചിട്ടില്ല. ● ഹദ്റത്ത് ഇമാം മഹ്ദി(അ)യെ വിശ്വസിക്കുന്നവർക്ക്, അല്ലാഹു തന്റെ കൃപയാൽ ഒരു ഭൗതിക കാരണവും കൂടാതെ തന്റെ വഴിയിൽ ത്യാഗം ചെയ്യുന്ന കാരണത്താൽ ഈ അനുഗ്രഹം നല്കിയെന്ന് നല്ലവണ്ണം മനസ്സിലാകുന്നതാണ്. ● അല്ലാഹു ഇതിന്റെ ഏർപാട് ചെയ്യുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. പക്ഷേ, 24 മണിക്കൂറിനുള്ളിൽ ഈ ഏർപാട് ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ● ആദ്യം ഞാൻ ഇത്തരം സംഭവങ്ങൾ കേൾക്കാറുണ്ടായിരുന്നതേയുള്ളൂ. അല്ലാഹു യഥാർഥത്തിൽ തന്റെ ദാസരോടു ഇങ്ങനെ പെരുമാറുമോ എന്ന് ചിന്തിച്ചിരുന്നു. എന്നാൽ, ഇപ്പോൾ എനിക്ക് നേരിട്ട് അനുഭവമുണ്ടായി. ● ഈ ചെറിയ കുട്ടി ഈ ചന്ദ കൊടുക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് വളരെ സ്നേഹം തോന്നി. ചെറുപ്രായത്തിൽ ധനം ത്യാഗം ചെയ്യാൻ എത്രമാത്രം താൽപര്യമാണ്. ● ഇപ്രാവശ്യം പോക്കറ്റുമണിയിൽനിന്ന് ചന്ദ കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഇന്ന് പണിക്ക് പോകുകയാണ്. അതിൽനിന്ന് കിട്ടുന്ന തുക ചന്ദ കൊടുക്കുന്നതായിരിക്കും. ● ഈ ആളുകളുടെ ഈമാനും ആത്മാർഥതയും അല്ലാഹുവിലുള്ള തവക്കുലും അവരുടെ വാഗ്ദാനങ്ങളിലുള്ള ദൃഢവിശ്വാസവും മറ്റുള്ളവരേയും ഇസ്‌ലാമിന്റെ സത്യത്തെ സംബന്ധിച്ച് ചിന്തിക്കുന്നതിന് നിർബന്ധിക്കുന്നു.

**തഹ്‌രീക്കെ ജദീദിന്റെ 84-ാം വർഷ(2017-2018)ത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് ഒരു കോടി ഇരുപത്തിയേഴു ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം പൗണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപിക്കാൻ തൗഫീഖ് കിട്ടി അൽഹംദുലില്ലാഹ്**

**മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ പാക്കിസ്താൻ ഒന്നാം സ്ഥനത്താണ്. അതിനുശേഷം ജർമനി, ബ്രിട്ടൻ, അമേരിക്ക.**

**ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ സ്വിറ്റ്സർലൻഡ്(Switzerland)ഒന്നാംസ്ഥാനത്താണുള്ളത്. ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ ഘാന(Ghana). വലിയ ജമാഅത്തികളിൽ ഇന്തൊനീഷ്യ(Indonesia)പ്രഥമ സ്ഥാനത്താണ്.**

**വിവിധ വശങ്ങളിലൂടെ പാക്കിസ്താൻ, ജർമനി, ബ്രിട്ടൺ, അമേരിക്ക, കനഡ, ആസ്ത്രേലിയ, എന്നീ മാതൃകാപരമയി ത്യാഗങ്ങൾ ചെയ്യുന്ന ജമാഅത്തുകളുടെ വിലയിരുത്തൽ**

**തഹ്‌രീക്കെ ജദീദിന്റെ 85-ാമത് വർഷത്തിന്റെ വിളംബരാവസരത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ പാലിക്കുന്ന ലോകത്തിലെ വിവിധരാജ്യങ്ങളുമായി ബന്ധം വെക്കുന്ന ജമാഅത്തിലെ മുഖലീസങ്ങളായവരുടെ ധനത്യാഗത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

**ഖുത്ബ ജുമുഅ 2018 നവംബർ 09/1397 തബൂക് 09**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ -

مَثَلُ الَّذِينَ يُنْفِقُونَ أَمْوَالَهُمْ فِي سَبِيلِ اللّٰهِ كَمَثَلِ حَبَّةٍ أَنْبَتَتْ سَبْعَ سَنَابِلَ فِي كُلِّ سُنْبُلَةٍ مِّائَةُ حَبَّةٍ ۗ وَاللّٰهُ يُضٰعِفُ لِمَنْ يَّشَآءُ ۗ وَاللّٰهُ وَاسِعٌ عَلِيمٌ ○ اَلَّذِينَ يُنْفِقُونَ أَمْوَالَهُمْ فِي سَبِيلِ اللّٰهِ ثُمَّ لَا يُتْبِعُونَ مَآ أَنْفَقُوا مَنًّا وَّلَآ أَذًى ۙ لَّهُمْ أَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (البقرة:262،263)

وَمَثَلُ الَّذِينَ يُنْفِقُونَ أَمْوَالَهُمُ ابْتِغَآءَ مَرْضَاتِ اللّٰهِ وَتَثْبِيتًا مِّنْ أَنْفُسِهِمْ كَمَثَلِ جَنَّةٍ بِرَبْوَةٍ أَصَابَهَا وَابِلٌ فَاٰتَتْ أُكُلَهَا ضِعْفَيْنِ ۚ فَإِنْ لَّمْ يُصِبْهَا وَابِلٌ فَطَلٌّ ۗ وَاللّٰهُ بِمَا تَعْمَلُونَ بَصِيرٌ (البقرة:266)

اَلشَّيْطٰنُ يَعِدُكُمُ الْفَقْرَ وَيَأْمُرُكُمْ بِالْفَحْشَآءِ ۚ وَاللّٰهُ يَعِدُكُمْ مَّغْفِرَةً مِّنْهُ وَفَضْلًا ۗ وَاللّٰهُ وَاسِعٌ عَلِيمٌ (البقرة:269)

لَيْسَ عَلَيْكَ هُدٰهُمْ وَلٰكِنَّ اللّٰهَ يَهْدِي مَنْ يَّشَآءُ ۗ وَمَا تُنْفِقُوا مِنْ خَيْرٍ فَلِأَنْفُسِكُمْ ۗ وَمَا تُنْفِقُونَ إِلَّا ابْتِغَآءَ وَجْهِ اللّٰهِ ۗ وَمَا تُنْفِقُوا مِنْ خَيْرٍ يُّوَفَّ إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ (البقرة:273)
اَلَّذِينَ يُنْفِقُونَ أَمْوَالَهُمْ بِالَّيْلِ وَالنَّهَارِ سِرًّا وَّعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ ۚ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (البقرة:275)

ഞാനോതിയ ഈ ആയത്തുകൾ ബഖ്റ അധ്യായത്തിലുള്ളതാണ്. ഇവയിൽ ധനത്യാഗത്തെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ത്യാഗങ്ങളെ സംബന്ധിച്ച് ഏകദേശം ഒരു പരമ്പര അല്ലാഹു ഇവിടെ വിവരിച്ചിരിക്കുന്നു. അവയുടെ തർജമ ഇപ്രകാരമാണ്:

''അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതുപോലെയാകുന്നു. അത് ഏഴു കതിരുകളെ ഉദ്പാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണി വീതമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഇതിനെക്കാൾ ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു.

"അല്ലാഹവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവു ചെയ്യുകയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവു ചെയ്തത് അത് സ്വീകരിച്ചവരോടു ഔദാര്യമായി എടുത്ത് പറയാതിരിക്കുകയും അവരുടെ മനസ്സ് വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് ഒരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല."(2:262-263)

"അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയുംകൊണ്ട് തങ്ങളുടെ ധനം ചെലവുചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതുപോലെയാണ്. അതിന് കനത്ത മഴകിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നല്കി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ തന്നെയും ലഘുവായ മഴയായാലും അതിനു മതിയാവും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്."(2:266)

"പിശാച് നിങ്ങളെ ദാരിദ്ര്യത്തെ കുറിച്ച് ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങൾക്കു നിങ്ങളെ പ്രേരിപ്പക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് തന്റെ പക്കൽ നിന്നുള്ള പാപപ്പൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു."(2:269)

"അവരെ നേർമാർഗത്തിലാക്കുക എന്നത് നിന്റെ ചുമതലയല്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയെ നടത്തുന്നു. ഏതൊരു നല്ല മുതൽ നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും. അല്ലാഹു

വിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. ഏതൊരു നല്ല ധനം നിങ്ങൾ ചെലവഴിക്കുന്നുവോ അത് നിങ്ങൾക്കു തന്നെയാണ്. നിങ്ങളോടു അനീതി ചെയ്യപ്പെടുകയില്ല."(2:273)

"രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗത്തിൽ രാവും പകലും തങ്ങളുടെ ധനം ചെലവു ചെയ്യുന്നവർ, അവർക്ക് അവരുടെ നാഥന്റെ അടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിതരാവുകയുമില്ല."(2:275)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ധനത്യാഗത്തെ സംബന്ധിച്ച് ഒരവസരത്തിൽ പറഞ്ഞു: അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ ഞാൻ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ കല്പനയിൽനിന്നുള്ളതാണ്. ഇസ്‌ലാം മറ്റു ശത്രുമതങ്ങളുടെ വേട്ടയായിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റെ പേരും അടയാളവും ഉന്മൂലനം ചെയ്യാൻ അവർ ആഗ്രഹിക്കുന്നു. ഈ അവസ്ഥയായിരിക്കുമ്പോൾ, ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കുവേണ്ടി നമ്മൾ ചുവടുയർത്തണ്ടേ? അല്ലാഹു ഈ ഉദ്ദേശ്യത്തിനാണ് ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. അതിനാൽ ഇതിന്റെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുക എന്നത് അല്ലാഹുവിന്റെ കല്പനയും ഇച്ഛയും നിറവേറ്റലാണ്." അദ്ദേഹം പറഞ്ഞു: 'ആരാണോ അല്ലാഹുവിനുവേണ്ടി കൊടുക്കുന്നത് താൻ അവന് ഇരട്ടിയായി ബർക്കത്ത് നല്കുമെന്ന് അവൻ വാഗ്ദാനവും ചെയ്തിട്ടുണ്ട്. ഈ ലോകത്തുതന്നെ അവന് ധാരാളം ലഭിക്കുന്നതായിരിക്കും. മരിച്ചതിനുശേഷം പരലോക പ്രതിഫലവും എത്രമാത്രം സൗഖ്യം ലഭ്യമാണെന്ന് കാണുന്നതായിരിക്കും." (മൽഫൂദാത്ത്, വാല്യം 8, പേജ് 393–394, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ആത്മാർഥരായവരുടെ ജമാഅത്ത് പ്രദാനം ചെയ്തു. അവർ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും ലബ്ബൈക്ക് പറയുകയും ത്യാഗങ്ങൾ സമർപ്പിക്കുകയും ചെയ്തു. ത്യാഗങ്ങളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ ജമാഅത്തിലെ വലിയൊരു ഭാഗം ദരിദ്രരാണ്. പക്ഷേ, അല്ലാഹുവിനു നന്ദി. ദരിദ്രരുടെ ജമാഅത്തായിരുന്നിട്ടും അവരിൽ സത്യസന്ധതയും സഹതാപവും ഞാൻ കാണുന്നു; അവർ ഇസ്‌ലാമിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി കഴിയുന്നിടത്തോളം ചെലവഴിക്കുന്നതിൽ വ്യത്യാസമൊന്നും കാണിക്കുന്നുമില്ല." (മൽഫൂദാത്ത്, വാല്യം 8, പേജ് 25, 1985, ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന സ്ഥാപിച്ച ജമാഅത്തിലെ അംഗങ്ങൾക്ക് കേവലം അദ്ദേഹത്തിന്റെ ജീവിതകാലത്തു മാത്രമല്ല ത്യാഗങ്ങളിലും ആത്മാർഥതയിലും കൂറിലും അല്ലാഹു വർധിപ്പിച്ചത്, പ്രത്യുത തന്റെ വാഗ്ദാനമനുസരിച്ച് ഇന്നേക്ക് ഏകദേശം 130 വർഷം മുമ്പേ സ്ഥാപിച്ച ജമാഅത്തിൽ ത്യാഗം ചെയ്യുന്നവരായ ആത്മാർഥരെ നല്കിക്കൊണ്ടിരുന്നു; നല്കികൊണ്ടിരിക്കുന്നു; അവർ ദീനിനുവേണ്ടി തങ്ങളുടെ കഴിവനുസരിച്ചും ചിലപ്പോൾ കഴിവിനതീതമായും ത്യാഗം ചെയ്തുകൊണ്ടിരിക്കുകയും ആ നിലവാരത്തിലേക്ക് പൂർണമായും ഇറങ്ങുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളിൽ ഭാഗഭാക്കായികൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ നിലവാരം അല്ലാഹുവിന്റെ കൃപയാൽ ഇന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന സ്ഥാപിച്ച ജമാഅത്തിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂ. അതിന്റെ ഇക്കാലത്തെ ചില ഉദാഹരണങ്ങൾ സമർപിക്കുകയാണ്. ഈ സംഭവങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ആളുകളുടേതാണ്. അവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ നിറവേറ്റിക്കൊണ്ട് തങ്ങളുടെ ധനം സമർപിക്കുന്നതിന് എപ്പോഴും തയ്യാറാണ്.

കാമറൂണിലെ ഒരു സംഭവമാണ് ആദ്യത്തേത്. അവിടത്തെ മുഅല്ലിം എഴുതുന്നു. വെസ്റ്റേൺ റീജ്യണിലെ ഒരു ജമാഅത്തായ മാർത്തായിൽ ചന്ദ തഹ്‌രീക്കെ ജദീദുമായി ബന്ധപ്പെട്ട് ഞങ്ങൾ പോയപ്പോൾ അവിടത്തെ ചീഫ് സാഹാം ഉഥ്മാൻ സാഹിബ് ഗ്രാമവാസികളെ ഒരുമിച്ചുകൂട്ടി. അദ്ദേഹം പറഞ്ഞു: ജമാഅത്തിന്റെ മുഅല്ലിം സാഹിബ് തഹ്‌രീക്കെ ജദീദ് ചന്ദയ്ക്കുവേണ്ടി ഇവിടെ വന്നിരിക്കുകയാണ്. എല്ലാവരും ഈ ധനത്യാഗത്തിൽ പങ്കെടുക്കുക. ചീഫ് പറഞ്ഞു: കാരണം ഇന്നേയ്ക്ക് രണ്ടുവർഷം മുമ്പേ ഞാൻ തനിച്ചായിരുന്നു. അല്ലെങ്കിൽ ചില നേരങ്ങളിൽ രണ്ടോ മൂന്നോ ആളുകൾ എന്നോടൊപ്പം മസ്ജിദിൽ നമസ്കരിച്ചിരുന്നു. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് ഇവിടെ രൂപീകരിച്ചതു മുതൽ നമ്മൾ ഈ ജമാഅത്ത് സ്വീകരിച്ചതു മുതൽ നമ്മുടെ മസ്ജിദ് നമസ്കാരക്കാരെക്കൊണ്ട് നിറയാൻ തുടങ്ങി. ചിലപ്പോൾ സ്ഥലമില്ലാത്തതിനാൽ മസ്ജിദിനു വെളിയിലും നമസ്കരിക്കേണ്ടി വരുന്നു. അദ്ദേഹം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് ഇവിടെ വന്നതുമുതൽ മാത്രമാണ് ഈ വ്യക്തമായ വ്യത്യാസങ്ങളുണ്ടായിട്ടുള്ളത്. അതുകൊണ്ട് നമ്മൾ ജമാഅത്തിന്റെ എല്ലാ പദ്ധതിയിലും പങ്കെടുക്കേണ്ടതാണ്.

അഹ്മദിയ്യത്ത് മുഖേന അവരിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റം, ആരാധനകളിലും ധനത്യാഗങ്ങളിലും വർധിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റം ഒരു അത്ഭുതാവഹമായ മാറ്റമാണ്. ആരാധനകളിലേക്ക് ശ്രദ്ധ കുറഞ്ഞുപോയിട്ടുള്ളവരും പഴയ അഹ്മദികളും നല്ല സാമ്പത്തികനിലയിലായിരുന്നിട്ടും ധനത്യാഗത്തിലേക്ക് ശ്രദ്ധ കുറഞ്ഞവരുമായ പഴയ അഹ്മദികളും ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കാമറൂണിലെ ഒരു മുഅല്ലിം അബൂബക്കർ സാഹിബ് വിവരിക്കുന്നു: കാമറൂണിലെ വടക്കേ അറ്റത്തുള്ള മാഡിയോ ജമാഅത്തിൽ തഹ്‌രീക്കെ ജദീദ് ചന്ദയെ കുറിച്ച് പറയാൻ പോയിരുന്നു. ഓരോ വീട്ടിലും പോയി നവഅഹ്മദികളോടു ചന്ദ നല്കണമെന്ന് പറഞ്ഞു. അപ്പോൾ ഒരു അഹ്മദി ഉഥ്മാൻ സാഹിബ് പറഞ്ഞു: നിങ്ങൾ കഴിഞ്ഞതവണ ചന്ദ കൊടുക്കാൻ പറഞ്ഞുപോയപ്പോൾ 10,000 ഫ്രാങ്ക് സഎഫ്എ കൊടുക്കണമെന്ന് ഞാൻ നിയ്യത്തു ചെയ്തിരുന്നു; ചോളവും കൊടുക്കുന്നതാണ്. അതിന് കുറച്ച് ദിവസം കഴിഞ്ഞ് എന്റെ മകൻ, കസ്റ്റംസ് ഡിപ്പാർട്ടുമെന്റിൽ ജോലിക്ക് ഇന്റർവ്യൂവിന് പോകാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു; പക്ഷേ, അതിന് കുറേയധികം പണം വേണം. അവിടേയും മൂന്നാംതര ലോകത്തിലെ ചില രാജ്യങ്ങളെപ്പോലെ ജോലി കിട്ടുന്നതിന് ഓഫീസർമാർക്ക് പണം കൊടുക്കേണ്ടി വരുന്നു; ഞാൻ എന്റെ മകനോടു പറഞ്ഞു: ഞാൻ ദരിദ്രനാണ്. ഇത്ര വലിയ തുക സംഘടിപ്പിക്കാൻ എനിക്ക് കഴിയുകയില്ല. എന്റെ കൈയിൽ ആകെയുള്ള 10,000 ഫ്രാങ്ക് സീഎഫ്എയാണ്. അത് ചെയ്യാൻ തഹ്‌രീക്കെ ജദീദിൽ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് നീ പോകുക. ജോലിക്ക് ഇന്റർവ്യൂ കൊടുക്കുക. അല്ലാഹു നിന്നെ സഹായിക്കുന്നതായിരിക്കും. ഉഥ്മാൻ സാഹിബ് പറയുന്നു: ഞാൻ ആ തുക ചന്ദ കൊടുത്തു. അതിന് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ നഗരത്തിൽനിന്ന് താൻ ഇന്റർവ്യൂവിൽ പാസായിരിക്കുന്നുവെന്നും ഉടനെ തനിക്ക് ജോലി കിട്ടും എന്ന് പറഞ്ഞ് എന്റെ മകൻ ഫോൺ ചെയ്തു. അല്ലാഹു അവിടത്തെ ഓഫീസർമാരുടെ മനസ് എങ്ങനെ തിരിച്ചുവെന്നാൽ ധാരാളം പണം കൊടുക്കാൻ തയ്യാറുള്ളവർക്ക് ജോലി കിട്ടിയില്ല. ആ മകനുവേണ്ടി, അവന്റെ പ്രാർഥനകളും സദുദ്ദേശ്യവും ത്യാഗവും കാരണത്താൽ അല്ലാഹു ജോലിക്കുള്ള ഏർപ്പാട് ചെയ്തു.

ഗാംബിയായിലെ അമീർ സാഹിബ് എഴുതുന്നു: നിയാമി ജില്ലയിലെ ഒരു ഗ്രാമത്തിൽ തഹ്‌രീക്കെ ജദീദ് സംബന്ധമായി പരിപാടി സംഘടിപ്പിച്ചു. എല്ലാ നവഅഹ്മദികളും തഹ്‌രീക്കെ ജദീദിൽ പങ്കെടുക്കണമെന്ന് അതിൽ പറയപ്പെട്ടു. അവിടെ സന്നിഹിതരായിരുന്ന സകലരും ചന്ദകൾ നല്കി. ഒരു സ്ത്രീ ജായായെ സാഹിബ, മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ 20 ഡലാസി താൻ ചന്ദ കൊടുക്കുന്നുവെന്ന് പറഞ്ഞു. അവരുടെ കൈയിൽ ആ നേരത്ത് 20 ഡലാസി മാത്രമേ ഉണ്ടായിരുന്നുള്ളൂ; അത് അടിയന്തിര സമയത്ത് ഉപയോഗിക്കാൻ അവർ വെച്ചതായിരുന്നു. അവർ വീട്ടിലെത്തിയപ്പോൾ അവരുടെ ഒരു അതിഥി അവർക്ക് 500 ഡലാസി സമ്മാനം നല്കിയതായി വിവരിക്കുന്നു. അങ്ങനെ അടുത്തദിവസം രാവിലെ അവർ വീണ്ടും മസ്ജിദിലെത്തി. വീണ്ടും 50 ഡലാസി ചന്ദ കൊടുത്തു. ഇത് തനിക്ക് ചന്ദ കൊടുത്ത ബർക്കത്ത് കൊണ്ടുമാത്രമാണ് കിട്ടിയതെന്ന് അവർ പറയുന്നു. തിരിച്ചുകൊടുക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനവും അവരുടെ ഈമാനിലും ദൃഢനിശ്ചയത്തിലും അഭിവൃദ്ധിക്കും നിമിത്തമാകുന്നു. അല്ലാഹു തനിക്ക് ഉടനെ മടക്കിത്തരും അല്ലെങ്കിൽ ഉടനെ കിട്ടുമെന്നുള്ള നിയ്യത്തോടുകൂടിയല്ല അവർ ധനത്യാഗം ചെയ്തത്. പക്ഷേ, അല്ലാഹു കടം വെച്ചില്ല.

ബെനിനിലെ ബോഹീകൂം റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: ഈ നഗരത്തിലെ ജമാഅത്തിന്റെ സെക്രട്ടറി മാലിന്റെ ഉപജീവന മാർഗമായിരുന്ന, മോട്ടോർ സൈക്കിൾ റിക്ഷ മോഷണം പോയി. ആഫ്രിക്കയിൽ പൊതുവെ ഏതെങ്കിലും ഒരു സാധനം മോഷണം പോയാൽ തിരിച്ചുകിട്ടുക എന്നത് അസംഭാവ്യമായ കാര്യമാണ്. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തെ കാണാൻ വന്നപ്പോൾ, മോഷണകാര്യം കേട്ട് ഖേദം പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ തവക്കുലിന്റെ അവസ്ഥ നോക്കുക. അദ്ദേഹം പറയുന്നു: എനിക്ക് അല്ലാഹുവിൽ പൂർണവിശ്വാസമാണ്. കാരണം ഞാനൊരു ദരിദ്രനാണ്. ഒരു മോട്ടോർസൈക്കിൾ കൊണ്ടാണ് ഞാൻ എന്റെ മക്കളുടെ വയറുപോറ്റുന്നത്. കൃത്യമായി ചന്ദ കൊടുക്കുന്നു. അതുകൊണ്ട് ഒരുപക്ഷേ, ആർക്കെങ്കിലും എന്നെക്കാൾ കൂടുതൽ ആവശ്യമുണ്ടായപ്പോൾ അല്ലാഹു താൽക്കാലികമായി അയാൾ തന്റെ ആവശ്യം നിറവേറ്റി എനിക്ക് മടക്കിത്തരുന്നതിന് ഏർപ്പാട് ചെയ്തതായിരിക്കും. ഇതു കേട്ട് ഒരുപക്ഷേ, ഇദ്ദേഹത്തിന് മോഷണം പോയതിൽ കൂടുതൽ വിഷമമുണ്ടായിട്ടുണ്ടെന്നും ഇക്കാരണത്താൽ അദ്ദേഹത്തിന് മാനസികാഘാതം ഏറ്റിരിക്കുകയാണെന്നും ആളുകൾ ധരിച്ചു. എന്തായാലും അദ്ദേഹം രാജ്യനിയമം പൂർത്തിയാക്കുന്നതിനുവേണ്ടി പോലീസിലും റിപ്പോർട്ട് ചെയ്തു. സുഖമായി വീട്ടിലിരുന്നു. അദ്ദേഹം പറയുന്നു: രണ്ടാഴ്ച കഴിഞ്ഞിരുന്നു. മോട്ടോർ സൈക്കിൾ ടാക്സി ഓടിച്ചിരുന്ന അദ്ദേഹത്തിന്റെ ഒരു അയൽവാസി, താൻ താങ്കളുടെ മോട്ടോർ സൈക്കിൾറിക്ഷ കണ്ടുവെന്ന് ഗനിയോൻ സാഹിബിനെ ഫോൺ ചെയ്തറിയിച്ചു; പക്ഷേ, അതിന്റെ നിറം മാറ്റിയിട്ടുണ്ട്. അങ്ങനെ പോലീസിന് വിവരം നല്കി. പോലീസുകാർ രണ്ട് ഉടമസ്ഥർക്കും മോട്ടോർ സൈക്കിളിന്റെ യഥാർഥ പേപ്പറുമായി പോലീസ് സ്റ്റേഷനിൽ ഹാജരാവാൻ പറഞ്ഞു. അന്വേഷണത്തിൽ അയാളുടെ പേപ്പറു

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്‌ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

കൾ വ്യാജമാണെന്നു കണ്ടെത്തി. അപ്പോൾ പോലീസ് അയാളോടു രണ്ടു ദിവസത്തിനുള്ളിൽ മോട്ടോർ സൈക്കിൾ റിപ്പയർ ചെയ്യാനും അതിന്റെ നിറം ആദ്യത്തേതുപോലെ ആക്കാനും ഉടമസ്ഥന് നല്കാനും പറഞ്ഞു. ഇപ്രകാരം ഈ മോട്ടോർ സൈക്കിൾ അദ്ദേഹത്തിന് തിരിച്ചുകിട്ടി. അദ്ദേഹം മോട്ടോർ സൈക്കിളുമായി മിഷൻ ഹൗസിൽ വന്നു. നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. അതിനോടൊപ്പം, ഇപ്പോൾ തന്റെ തഹ്‌രീക്കെ ജദീദ് ചന്ദ ബാക്കിയുണ്ടെന്നും ഞാനിപ്പോൾ ജോലി അന്വേഷിച്ച് പോകുകയാണെന്നും ഈ ആഴ്ച കിട്ടുന്ന ലാഭമെല്ലാം ചന്ദയിൽ കൊടുക്കുമെന്നും, കാരണം ചന്ദയുടെ ബർക്കത്തുകൊണ്ടാണ് ഈ മോട്ടോർ സൈക്കിൾ തിരിച്ചുകിട്ടിയതെന്നും പറഞ്ഞു. അങ്ങനെ അദ്ദേഹം ഒരാഴ്ചയിൽ 12000 ഫ്രാങ്ക് സീ എഫ്. എ സമ്പാദിച്ച് തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു. ഇതും അല്ലാഹുവിലുള്ള തവക്കുലിന്റേയും ഈമാനിന്റേയും അത്ഭുതകരമായ ഉദാഹരണമാണ്.

ഇന്ത്യയിൽനിന്ന് ഇൻസ്‌പെക്ടർ തഹ്‌രീക്കെ ജദീദ് ശിഹാബ് സാഹിബ് എഴുതുന്നു: ചിന്താഗുണ്ട ജമാഅത്തിലെ ഒരു പെൺകുട്ടി സ്വൂഫിയാ ബീഗം തന്റെ സഹോദരന്റെ കൈയിൽ സന്ദേശമയച്ചു. അതിൽ എഴുതി: എന്റെ ചെറുപ്രായത്തിൽ ഞാൻ മാതാവിനോടൊപ്പം ജൽസകളിൽ പോകാറുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക്കെ ജദീദിന് അസ്തിവാരമിട്ടപ്പോൾ, അതിനുവേണ്ടിയുള്ള ധനത്യാഗത്തിന്റെ പദ്ധതിയിൽ ധാരാളം സ്ത്രീകൾ അവരുടെ സ്വർണാഭരണങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ സമർപ്പിച്ചുവെന്ന് ആദരണീയരായ ഉലമാക്കളുടെ പ്രസംഗങ്ങളിൽ കേൾക്കാറുണ്ടായിരുന്നു. ഈമാൻ ദൃഢീകരിക്കുന്ന ഈ സംഭവം കേൾക്കുമ്പോൾ എന്റെ മനസ്സിലും എന്റെ കൈയിൽ സ്വർണാഭരണം ഉണ്ടായിരുന്നെങ്കിൽ തനിക്കും കൊടുക്കാമായിരുന്നല്ലോ എന്ന വിചാരമുണ്ടായി. എന്നാൽ, ദാരിദ്ര്യം കാരണത്താൽ അത് എനിക്ക് അസംഭാവ്യമായിരുന്നു. എന്നാൽ, ഇപ്പോൾ എന്റെ മാതാവ് വഫാത്തായപ്പോൾ അനന്തരാവകാശത്തിൽനിന്ന് രണ്ടുതോല സ്വർണ്ണം എനിക്ക് ഓഹരി ലഭിച്ചിരിക്കുന്നു. അത് ഞാൻ നല്കുകയാണ്. ഇതിനുശേഷം അതെന്റെ കൈയിലുണ്ടാകുമോ ഇല്ലേ എന്നെനിക്കറിയില്ല. ഇതു കേട്ടപ്പോൾ ഇൻസ്‌പെക്ടർ സാഹിബും മറ്റുള്ളവരും നിന്റെ വിവാഹം നടക്കണം അപ്പോൾ ഇതിന്റെ ആവശ്യം വരും എന്നൊക്കെ പറഞ്ഞുകൊടുത്തു. പക്ഷേ, അവർ പിടിവാശിയോടെ രണ്ടുതോല സ്വർണത്തിന്റെ വില തഹ്‌രീക്കെ ജദീദിൽ ചന്ദ കൊടുത്തു. കഴിഞ്ഞ ജുമുഅ ഖുത്‌ബയിൽ അമേരിക്കയിലും ഞാൻ പറഞ്ഞിരുന്നു, എന്നല്ല മിക്കപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്, ദരിദ്രർ ധനത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുവെന്ന്; എന്നാൽ, നല്ല അവസ്ഥകളിലുള്ള ധനവാന്മാർ അല്ലാഹു പറഞ്ഞിട്ടുള്ള നിലവാരത്തിലാണോ അവരുടെ ധനത്യാഗമെന്ന് ചിന്തിക്കേണ്ടതാണ്. അപ്പോഴായിരിക്കും അത് സ്വീകരിക്കപ്പെടുക.

ഇന്ത്യയിൽനിന്നുതന്നെ കർണാടക തഹ്‌രീക്കെ ജദീദ് ഇൻസ്‌പെക്ടർ എഴുതുന്നു: ഒരു സുഹൃത്ത് 2500 രൂപ തഹ്‌രീക്കെ ജദീദ് ചന്ദ അടക്കേണ്ടതുണ്ടായിരുന്നു. തഹ്‌രീക്കെ ജദീദിന്റെ വർഷം അവസാനിക്കുകയാണെന്നും, കുറച്ചു ദിവസം മാത്രമെ ബാക്കിയുള്ളൂവെന്നും അതുകൊണ്ട് ചന്ദ അടയ്ക്കുകയെന്നും അദ്ദേഹത്തോട് അപേക്ഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: മഴ കാരണം കഴിഞ്ഞ മൂന്നുമാസമായി പണിയൊന്നുമില്ല. വരുമാനമാർഗമൊന്നും കാണുന്നുമില്ല. ഇൻസ്‌പെക്ടർ സാഹിബ് പറയുന്നു: അടയ്ക്കുമെന്നുള്ള തീരുമാനമെടുക്കാനും അല്ലാഹുവിനോടു ദുആ ചെയ്യാനും അദ്ദേഹത്തോട് പറഞ്ഞിട്ട് ഞാൻ അടുത്ത സ്ഥലത്തേക്കുപോയി. വൈകുന്നേരം അവിടെത്തെ മറ്റു സ്ഥലങ്ങളിൽ പര്യടനം നടത്തി തിരിച്ചുവന്നപ്പോൾ അദ്ദേഹം നേരിട്ട് മിഷൻഹൗസിലെത്തി മുഴുവൻ ചന്ദയും അടച്ചു. ഇത്രവേഗം എവിടന്നു പണം കിട്ടിയെന്ന് ഇൻസ്‌പെക്ടർ സാഹിബ് അദ്ദേഹത്തോടു ചോദിച്ചപ്പോൾ പറഞ്ഞു: ഇത് തീരുമാനത്തിന്റെ ബർക്കത്താണ്. ചന്ദ കൊടുക്കുന്നതിന്റെ ബർക്കത്താണ്. അല്ലാഹുവിന്റെ കൃപയാണ്. ഞാൻ ദുആയും ചെയ്തിരുന്നു. ഒരാൾ കുറച്ചുനാളായി എനിക്ക് പണം തരാനുണ്ടായിരുന്നു. ഞാൻ മാസങ്ങളായി അയാളുടെ പിന്നാലെ നടക്കുകയായിരുന്നു. പക്ഷേ, അയാൾ തന്നിരുന്നില്ല. എന്നാൽ, ഇന്ന് അപ്രതീക്ഷിതമായി അയാൾ എന്റെ വീട്ടിൽ വരികയും എന്റെ പണം മടക്കിത്തരികയും ചെയ്തു.

ടൻസാനിയായിലെ മുഅല്ലിം മൂസാ സാഹിബ് എഴുതുന്നു: ദാറുസ്സലാം ജമാഅത്തിലെ അങ്ങേയറ്റം മുഖ്‌ലിസായ ഒരു സ്നേഹിതനുണ്ട്. ജമാഅത്തിന്റെ ഓഫീസിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്നയാളാണ്. തന്റേയും കുടുംബത്തിന്റേയും തഹ്‌രീക്കെ ജദീദ് വഖ്ഫെ ജദീദ് ചന്ദകളുടെ വാഗ്ദാനം റമളാനുമുമ്പേ അടച്ചുതീർക്കാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്. പക്ഷേ, ഈ വർഷം കുടുംബപരമായ അവസ്ഥകൾ കാരണം ആ വാഗ്ദാനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. അല്ലാഹു നേരിട്ട് തനിക്കെന്തെങ്കിലും വഴി തുറന്നുതരാൻ അദ്ദേഹം ദുആ ചെയ്തു. അദ്ദേഹം പറയുന്നു: ഈദിന്റെ അവസരത്തിൽ ജമാഅത്തിൽനിന്ന് ജമാഅത്തിന്റെ പ്രവർത്തകർക്ക് ഈദി കിട്ടാറുണ്ട്. ഈദിന്റെ തുഹ്ഫ കിട്ടുമ്പോൾ, അതിൽനിന്ന് തന്റെ ഈദിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനു പകരം ചന്ദ കൊടുക്കുന്നതാണെന്ന് അദ്ദേഹം വിചാരിച്ചു. പക്ഷേ, അദ്ദേഹം കണക്കുകൂട്ടി നോക്കിയപ്പോൾ അതുകൊണ്ടും ചന്ദ മുഴുവനും കൊടുക്കാൻ കഴിയുകയില്ലെന്നും കുടിശ്ശിക ഉണ്ടാകുമെന്നും കണ്ടു. അപ്പോൾ അദ്ദേഹം തന്റെ വാഗ്ദാനമനുസരിച്ച് മുഴുവൻ തുകയും അടച്ചുതീർക്കാനുള്ള സാഹചര്യം ഒരുക്കിത്തരേണമേ എന്ന് അല്ലാഹുവിനോടും ദുആ ചെയ്തു. അദ്ദേഹം പറയുന്നു: ഇപ്രാവശ്യം ഈദി കിട്ടിയപ്പോൾ അത് സാധാരണ കിട്ടുന്നതിനെക്കാളധികമായിരുന്നു. അദ്ദേഹം തന്റെ വാഗ്ദാനം മുഴുവനും പൂർത്തിയാക്കി ചന്ദ നല്കി.

മോസ്കോയിൽനിന്ന് മുബല്ലിഗ് രിള്‌വി സാഹിബ് എഴുതുന്നു. ഒരു നവഅഹ്‌മദി സ്നേഹിതൻ വാദം സാഹിബിന്റെ ബന്ധം റഷ്യയിലെ ഒരു വിദൂരവും പിന്നാക്കം നില്ക്കുന്നതുമായ പ്രദേശം ബോരിയാതയായുമായിട്ടാണ്. അദ്ദേഹത്തിന് 2017 –ൽ അഹ്‌മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. ഈ വർഷം മാർച്ച് മാസത്തിൽ ഒരാഴ്ചത്തേക്ക് അഹ്‌മദി സഹോദരങ്ങളെ കാണുന്നതിനുവേണ്ടി അദ്ദേഹം മോസ്കോയിൽ വന്നു; വിദ്യാഭ്യാസപരവും ശിക്ഷണപരവുമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും. ഇദ്ദേഹം ദരിദ്രകുടുംബവുമായി ബന്ധം വയ്ക്കുന്നയാളാണ്. സാമ്പത്തികബുദ്ധിമുട്ട് കാരണത്താൽ ചില ഘട്ടങ്ങളിൽ അങ്ങയേറ്റം വിഷമകരമായ അവസ്ഥകളിലൂടെ കടക്കേണ്ടിവരുന്നുണ്ട്. മോസ്കോയിൽ താമസിക്കുന്നതിനിടെ ഇശാ നമസ്കാരത്തിനുശേഷം സംസാരത്തിനിടയിൽ ജമാഅത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയേയും അതിനു ലഭിക്കുന്ന അനുഗ്രഹങ്ങളേയും കുറിച്ച് വിശദീകരിച്ചു പറഞ്ഞുകൊടുത്തു. കുറച്ച് ചന്ദ നല്കാനും പറഞ്ഞു. അദ്ദേഹത്തിന്റെ പരിമിതമായ മാർഗങ്ങളും ഞെരുക്കവും കാരണത്താൽ അദ്ദേഹം 50 റൂബിൾ തന്നെയാണ് ചന്ദ നല്കുന്നതെങ്കിലും അതദ്ദേഹത്തിന്റെ ഒരു വലിയ ത്യാഗമായിരിക്കുമെന്നാണ് ധരിച്ചത്. അടുത്തദിവസം രാവിലെ സുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹം ചന്ദ തഹ്‌രീക്കെ ജദീദിനും ചന്ദ വഖ്ഫെ ജദീദിനും രണ്ടായിരം റൂബിൾ നല്കി; അതിൽനിന്ന് ചന്ദ സ്വീകരിക്കാൻ പറയുകയും ചെയ്തു. താനെന്തുകൊണ്ട് മുമ്പേ ചന്ദ കൊടുത്തില്ല എന്നു പറഞ്ഞ് ഖേദിക്കുകയും ചെയ്തു. താൻ ഇത്ര താമസമെന്തിനാണ് വരുത്തിയത്! ഒരു വർഷത്തിലേറെയായി ഞാൻ അഹ്‌മദിയായിട്ട്. മുബല്ലിഗ് എഴുതുന്നു: അദ്ദേഹത്തിന്റെ അവസ്ഥകളനുസരിച്ച് ഇത് വളരെ വലിയൊരു ത്യാഗമായിരുന്നു.

ഇതാകുന്നു ത്യാഗത്തിന്റെ നിലവാരം. അവരുടെ ആത്മാർഥതയും കൂറും കണ്ട് അത്ഭുതം തോന്നുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ആളുകളാണിവർ. (മൽഫൂദാത്ത്, വാള്യം 10, പേജ് 334, 1985 ലണ്ടൻ പതിപ്പ്)

വീണ്ടും മോസ്കോയിൽനിന്നുതന്നെ മുബല്ലിഗ് എഴുതുന്നു: മോസ്കോ ജമാഅത്തിലെ ഒരംഗമാണ്. ഒരു ദീർഘകാലം മോസ്കോയിൽ വിവിധ സ്ഥാപനങ്ങളിൽ ഉദ്യോഗം വഹിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു: ഈ സ്ഥലത്ത് ഇന്റർവ്യൂ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഉടമസ്ഥർ എന്നോടു പറഞ്ഞു: ഞങ്ങളുടെ ഇവിടെ ശംബള വർധന ഉണ്ടാകാറില്ല. കിട്ടുന്ന ശമ്പളമനുസരിച്ച് എപ്പോഴും താങ്കൾക്ക് കഴിയേണ്ടിവരും. അതുകൊണ്ട് ഈ ശമ്പളം താങ്കൾക്ക് സമ്മതമാണെങ്കിൽ ജോലി ചെയ്യുക. ഇല്ലെങ്കിൽ വിട്ടുകളയുക. അദ്ദേഹം പറയുന്നു, ഞാൻ ജോലി സ്വീകരിച്ചു. കുറച്ചു കാലത്തിനുശേഷം തഹ്‌രീക്ക് ജദീദ്, വഖ്ഫെ ജദീദ് പദ്ധതികളെ കുറിച്ച് ജമാഅത്തുപരമായ നിലയിൽ ആഹ്വാനം ചെയ്യപ്പെട്ടു. ഞാൻ ആ പദ്ധതികളിൽ കൃത്യമായി ചന്ദ കൊടുത്തുതുടങ്ങി. കുറച്ചു ദിവസത്തിനുശേഷം ആ സ്ഥാപനത്തിലെ സംഘാടകർ എന്നെ വിളിപ്പിച്ചു. ബാഹ്യമായി ഒരു കാരണവും കൂടാതെ എന്റെ ശമ്പളത്തിൽ 5000 റൂബിൾ വർധിപ്പിച്ചു. കുറച്ചുകാലത്തിനുശേഷം പിന്നേയും വിളിപ്പിച്ചു. 2000 റൂബിൾ വർധിപ്പിച്ചു. ഇതോടെ ഇത് അല്ലാഹുവിന്റെ വഴിയിൽ ധനത്യാഗം ചെയ്യുന്നതിന്റെ ഫലമൊന്നു മാത്രമാണെന്ന് എനിക്ക് ദൃഢവിശ്വാസമായി; ഭൗതികമായ നിലയിൽ നോക്കുമ്പോൾ ശമ്പളം വർധിപ്പിക്കാൻ ഒരു കാരണവുമില്ലായിരുന്നു. അദ്ദേഹം പറയുന്നു, ഞാനിത് ഏതെങ്കിലും അനഹ്‌മദിയോടു പറയുമ്പോൾ അവർക്കത് പൂർണമായും മനസ്സിലാകുമായിരുന്നില്ല. പക്ഷേ, ഹദ്റത്ത് ഇമാം മഹ്‌ദി(അ)യെ വിശ്വസിക്കുന്നവർക്ക്, അല്ലാഹു തന്റെ കൃപയാൽ ഒരു ഭൗതിക കാരണവും കൂടാതെ തന്റെ വഴിയിൽ ത്യാഗം ചെയ്യുന്ന കാരണത്താൽ ഈ അനുഗ്രഹം നല്കിയെന്ന് നല്ലവണ്ണം മനസ്സിലാകുന്നതാണ്.

ബെനിൻ റീജ്യണിലെ അലാഡായിലെ മുബല്ലിഗ് എഴുതുന്നു: റീജ്യണിലെ ഒരു ജമാഅത്താണ് ഫാൻജി. അവിടെ അൽഹംദുലില്ലാഹ് മസ്ജിദുമുണ്ട്. ഇവിടെത്തെ സ്വദ്ർ സാഹിബ് കൊല്ലനാണ്. അദ്ദേഹത്തോടു തഹ്‌രീക്കെ ജദീദിൽ ഉത്സാഹത്തോടെ പങ്കെടുക്കാൻ പറഞ്ഞു. അദ്ദേഹം കൂടുതൽ തുക അടയ്ക്കാമെന്ന് വാഗ്ദാനം ചെയ്തെങ്കിലും ഇപ്പോൾ ജോലിയൊന്നും ഇല്ലാത്ത കാരണത്താൽ ഞെരുക്കമുണ്ടെന്ന് പറഞ്ഞു. അതിനുശേഷം തനിക്ക് പത്തായിരം ഫ്രാങ്ക് സീഫ ചന്ദ

## കലാമുൽ ഇമാം:–

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാള്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്‌മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:–

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്‌മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

തരേണ്ടതുണ്ട്. അതിന്റെ രസീത് മുറിക്കുക എന്ന് പറഞ്ഞ് സ്വദ്ർ സാഹിബിന്റെ ഫോൺ വന്നു. അദ്ദേഹം പറയുന്നു. ഈ വാഗ്ദാനം ചെയ്തതിനുശേഷം അല്ലാഹു വലിയ കൃപ ചെയ്തു. എനിക്ക് ജോലി കിട്ടി. ഇപ്പോൾ ഞാൻ 10000 ഫ്രാങ്ക് സീഫ ചന്ദ നല്കുന്നതിനുവേണ്ടി വരികയാണ്. പറയുന്നു: ഈ തുക അടച്ചതിന് പതിനഞ്ചു ദിവസത്തിനുശേഷം വീണ്ടും അദ്ദേഹത്തിന്റെ ഫോൺ വന്നു. അല്ലാഹുവിന്റെ വളരയെധികം ഫള്ലുണ്ടായിരിക്കുന്നു. എത്രമാത്രം അധികം ജോലിയാണ് വന്നിട്ടുള്ളതെന്നാൽ, പറഞ്ഞ സമയത്ത് സാധനം കൊടുക്കാൻ കഴിയുമോ എന്നുതന്നെ അറിയില്ല. വലിയ വർക്കാണ് കിട്ടിയിട്ടുള്ളത്. ഇതെല്ലാം അല്ലാഹുവിന്റെ വഴിയിൽ ധനത്യാഗം ചെയ്തതിന്റെ സമ്പത്താണ്. അതായത് ഇവിടെ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഒരുപാടിരട്ടിയാക്കി ഉടനെ നല്കിക്കൊണ്ടിരിക്കുന്നു.

മാലിയിൽനിന്ന് സേഹോ റീജ്യണിലെ മുബല്ലിഗ് എഴുതുന്നു: ഒരു ദിവസം കണ്ണിനുകാഴ്ചയില്ലാത്ത സ്ത്രീ കുറച്ചു ചന്ദ കൊടുത്തയച്ചു. വരുംകാലങ്ങളിൽ ഓരോ മാസവും തന്റെ ചന്ദ മിഷൻഹൗസിൽ കൊടുത്തുവിടുന്നതാണെന്ന് പറയുകയും ചെയ്തു. അവരോട് കാരണം ചോദിച്ചപ്പോൾ പറഞ്ഞു. ചിലയാളുകളെക്കൊണ്ട് കൂടുതൽ നല്കുന്നതിനുവേണ്ടി അല്ലാഹു സ്വയം പറയിപ്പിച്ച് ത്യാഗം ചെയ്യിക്കാറുണ്ട്. അവർ പറയുന്നു: ഞാൻ രണ്ടു ദിവസം മുമ്പേ സ്വപ്നത്തിൽ കണ്ടു, ഞാൻ ഉറങ്ങുകയാണ്. സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നെ ഉണർത്തി ചന്ദ കൊടുക്കാൻ ഉപദേശിച്ചു. അങ്ങനെ ഞാൻ സ്വപ്നത്തിൽ എഴുന്നേറ്റ് മിഷൻഹൗസിൽ പോയി അവിടെ 5000 സീഫ നല്കി. അതിനു ശേഷം ഞാനുണർന്നു.'

ബുർക്കിനോ ഫാസോയിൽനിന്ന് മുബല്ലിഗ് മുബാറക് മുനീർ സാഹിബ് എഴുതുന്നു: പേക്കോ ജമാഅത്തിലെ ഒരു ആത്മാർഥ അഹ്മദി അൽഹാജ് ഇബ്റാഹീം സാഹിബിന്റെ രണ്ട് കുട്ടികൾക്ക് കുറച്ചുകാലമായി സുഖമില്ലായിരുന്നു. ഒരുപാട് ചികിത്സ നടത്തി. പക്ഷേ, രോഗം ഭേദമായില്ല. ഒരു ദിവസം നമ്മുടെ മുഅല്ലിം സാഹിബ് അദ്ദേഹത്തോട് ധനത്യാഗം ചെയ്യാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം തന്റെ കഴിവനുസരിച്ച് ചന്ദ കൊടുത്തു. അല്ലാഹുവേ എന്റെ ത്യാഗം സ്വീകരിക്കേണമേ. എന്റെ കുട്ടികൾക്ക് വേഗം രോഗശമനം നല്കേണമേ എന്ന് ദുആ ചെയ്തു. അദ്ദേഹം പറയുന്നു: കുറച്ചു ദിവസം കഴിഞ്ഞപ്പോൾതന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ കുട്ടികളുടെ അവസ്ഥ മെച്ചപ്പെടാൻ തുടങ്ങി. ഒരു കുട്ടി പൂർണമായും സുഖം പ്രാപിച്ചുകഴിഞ്ഞു. രണ്ടാമത്തെ കുട്ടിയുടെ ആരോഗ്യനിലയും ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. അദ്ദേഹവും വിശ്വസിക്കുന്നത് അല്ലാഹു ഈ ത്യാഗം സ്വീകരിച്ചുകൊണ്ട് ഈ അനുഗ്രഹം നല്കിയെന്നാണ്.

ബുർക്കിനോ ഫാസോയിലെ ബോബോ നഗരത്തിലെ സെക്രട്ടറി വസിയ്യത്ത് പറയുന്നു. ഞാൻ വസിയ്യത്തിന്റെ ചന്ദ എല്ലാ മാസവും കൊടുത്തുകൊണ്ടിരുന്നു. എന്നാൽ, തഹ്രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദ കൊടുക്കുന്നതിൽ ചിലപ്പോൾ താമസമുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം എന്റെ ഖുത്ബ കേട്ടപ്പോൾ എന്തുകൊണ്ട് വർഷം അവസാനിക്കുന്നതിനുമുമ്പേ എല്ലാ ചന്ദയും കൊടുത്തുകൂടാ എന്ന ചിന്തയുണ്ടായി. അങ്ങനെ ചന്ദ കൊടുത്തതിനുശേഷം ഒരു രാത്രി സ്വപ്നത്തിൽ കണ്ടു. ഒരു ശുഭ്രവസ്ത്രധാരിയായ മനുഷ്യൻ എന്റെ കൈയിൽ ഏതോ താക്കോൽ പിടിപ്പിക്കുന്നു. ആ നേരത്ത് എനിക്ക് സ്വപ്നം മനസ്സിലായില്ല. പക്ഷേ, കുറച്ചു ദിവസത്തിനുശേഷം എന്റെ സഹോദരനിൽനിന്ന് താങ്കൾ ഹജ്ജിനുപോകാൻ തയ്യാറായിക്കൊള്ളുക; എല്ലാ ചെലവും താൻ വഹിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള സന്ദേശം വന്നു. ഇപ്രകാരം ധനത്യാഗത്തിന്റെ ഫലമായി അല്ലാഹു ഹജ്ജ് ചെയ്യാനുള്ള ഭാഗ്യവും നല്കി.

ജർമനിയിലെ സെക്രട്ടറി തഹ്രീക്കെ ജദീദ് എഴുതുന്നു: ബോർക്കൻ ജമാഅത്തിലെ ഒരു സ്നേഹിതൻ തഹ്രീക്കെ ജദീദിന്റെ ചന്ദയിൽ 900 യൂറോ വർധിപ്പിച്ചു. ആ സ്നേഹിതൻ പറയുന്നു: ഞാൻ വാഗ്ദാനം ചെയ്തതിന്റെ പിറ്റേദിവസം ഫാമിൽ ചെന്നപ്പോൾ ഉടമസ്ഥൻ പറഞ്ഞു: ഞാൻ താങ്കളുടെ ശമ്പളത്തിൽ നൂറ് യൂറോ വർധിപ്പിച്ചിരിക്കുന്നു. ഫെബ്രുവരി മുതൽ ഒക്ടോബർ വരെ കണക്കുകൂട്ടിനോക്കിയപ്പോൾ മൊത്തം 900 രൂപയാണ് വർധിച്ചത്. ഈ സ്നേഹിതൻ പറയുന്നു: അല്ലാഹു ഇതിന്റെ ഏർപാട് ചെയ്യുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. പക്ഷേ, 24 മണിക്കൂറിനുള്ളിൽ ഈ ഏർപാട് ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല.

ജർമനിയിലെ സെക്രട്ടറി തഹ്രീക്കെ ജദീദു എഴുതുന്നു: ഒരു സ്നേഹിതൻ തന്റെ അസൈലം കേസ് കാരണത്താൽ ബുദ്ധിമുട്ടുകൾക്കിരയായിരുന്നു. അദ്ദേഹത്തോട് ധനത്യാഗം ചെയ്യാനും തഹ്രീക്കെ ജദീദ് ചന്ദ കൊടുക്കാനും പറഞ്ഞു. അതിനു കുറച്ചുദിവസം കഴിഞ്ഞ് ആ സ്നേഹിതനെ കണ്ടു. അദ്ദേഹം പറഞ്ഞു. താങ്കൾ ഇങ്ങനെ തഹ്രീക്കെ ജദീദ് ചന്ദ കൊടുക്കാൻ എന്നോട് പറഞ്ഞിരുന്നു. ഞാൻ നൂറ് യൂറോ വാഗ്ദാനമെഴുതിച്ചു. ആ നേരത്ത് എന്റെ കൈയിൽ വെറും 20 യൂറോയാണ് ഉണ്ടായിരുന്നത്. ഞാൻ ആ 20 യൂറോ ഉടനെ കൊടുത്തു. വീട്ടിലേക്ക് പോകുകയും ചെയ്തു. ഞാൻ ആദ്യം ജോലി ചെയ്തിരുന്ന സ്ഥലത്തുനിന്ന് 'താങ്കളുടെ കണക്കിൽ കുറച്ച് പണം ബാക്കിയുണ്ട്. അതു വന്ന് കൊണ്ടുപോകുക!'എന്ന് പറഞ്ഞ് ഞാൻ വീട്ടിലെത്തിയയുടനെ ഫോൺ വന്നു. മുന്നൂറോ നാന്നൂറോ യൂറോ കാണുമെന്നാണ് ഞാൻ ധരിച്ചത്. പക്ഷേ, അവിടെനിന്ന് പണം കിട്ടിയപ്പോൾ ഞാൻ അത് എണ്ണിതിട്ടപ്പെടുത്താതെ പോക്കറ്റിലിട്ടു. ഏറ്റവുമാദ്യം തഹ്രീക്കെ ജദീദിലെ ബാക്കിയുണ്ടായിരുന്ന 80 യൂറോ അടച്ചു. പിന്നീട് മറ്റ് ആവശ്യങ്ങൾക്കായി പൈസ എടുത്തു. അതിനുശേഷം കുറച്ച് പണമുണ്ടായിരുന്നു. ശേഷം കണക്കുനോക്കിയപ്പോഴാണ് അവിടെനിന്ന് ആയിരം യൂറോ കിട്ടിയിരുന്നുവെന്ന് മനസ്സിലായത്. അദ്ദേഹം പറയുന്നു. ഞാൻ നൂറു യൂറോ ആണ് വാഗ്ദാനം ചെയ്തിരുന്നത്. അല്ലാഹു അതിനുപകരം പത്തിരട്ടി നല്കി. ആദ്യം ഞാൻ ഇത്തരം സംഭവങ്ങൾ കേൾക്കാറുണ്ടായിരുന്നതേയുള്ളൂ. അല്ലാഹു യഥാർഥത്തിൽ തന്റെ ദാസരോടു ഇങ്ങനെ പെരുമാറുമോ എന്ന് ചിന്തിച്ചിരുന്നു. എന്നാൽ, ഇപ്പോൾ എനിക്ക് നേരിട്ട് അനുഭവമുണ്ടായി.

ഐവറികോസ്റ്റിൽനിന്ന് മുബല്ലിഗ് എഴുതുന്നു. തഹ്രീക്കെ ജദീദിലെ ചന്ദയുമായി ബന്ധപ്പെട്ട് ഒരു സ്ഥലത്ത് പോയി. നവഅഹ്മദികളുടെ ജമാഅത്താണ്. ഒരു വർഷം മുമ്പേ മാത്രമാണ് ബയ്അത്ത് ചെയ്ത് ഇവരെല്ലാം ജമാഅത്തിൽ പ്രവേശിച്ചത്. ഈ ഗ്രാമത്തിൽ തഹ്രീക്കെ ജദീദിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രസംഗിച്ചു. അതിന്റെ ഉദ്ദേശ്യം വിവരിക്കപ്പെട്ടു. ഈ അനുഗ്രഹത്തിൽ പങ്കെടുക്കണമെന്ന് ഖലീഫത്തുൽ മസീഹ് പറഞ്ഞിരുന്നതായും പറഞ്ഞു. അടുത്തദിവസം സുബ്ഹി നമസ്കാരത്തിനുശേഷം ജമഅത്തംഗങ്ങൾ അവരവരുടെ കഴിവനുസരിച്ച് ചന്ദ കൊടുക്കാൻ തുടങ്ങി. മസ്ജിദിലെ ഇമാം സാഹിബും ഈ പുണ്യകർമത്തിൽ പങ്കെടുത്തു. തന്റെ കുടുംബക്കാരുടെ ചന്ദയും നല്കി. പിന്നീട് അദ്ദേഹത്തിന്റെ ആറു വയസുള്ള മകൻ തന്റെ പിതാവിൽനിന്ന് 100 ഫ്രാങ്ക് സീഎഫ്എ വാങ്ങികൊണ്ടുവന്നു. പറഞ്ഞു. ഇതെന്റെ ചന്ദയാണ്. പറയുന്നു. ഈ ചെറിയ കുട്ടി ഈ ചന്ദ കൊടുക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് വളരെ സ്നേഹം തോന്നി. ചെറുപ്രായത്തിൽ ധനം ത്യാഗം ചെയ്യാൻ എത്രമാത്രം താൽപര്യമാണ്. അല്ലാഹു ആ നവ അഹ്മദിയുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. ദീനിന്റേയും ദുൻയാവിന്റേയും നന്മകൾ കൊണ്ട് അനുഗ്രഹിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് ഒരവസരത്തിൽ ഒരു മൗലവി മസ്ജിദിൽ ധനത്യാഗം ചെയ്യാൻ പറഞ്ഞതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും ആ സദസിൽ ഇരിപ്പുണ്ടായിരുന്നു. അതുകേട്ടപ്പോൾ ആ സ്ത്രീ വളരെ ആകർഷിതയായി. വീട്ടിൽ വന്ന് തന്റെ ആഭരണവും മസ്ജിദിനുവേണ്ടി ഊരികൊടുത്തു. മൗലവി പറഞ്ഞു: ഇത് ഞാൻ പറഞ്ഞത് മറ്റുള്ളവർക്കുവേണ്ടിയായിരുന്നു. നിനക്കു വേണ്ടിയല്ല. നീ ത്യാഗം ചെയ്യേണ്ടതില്ല. (മൽഫൂദാത്ത്, വാല്യം 6, പേജ് 264–265, 1985 ലണ്ടൻ പതിപ്പ്)

പക്ഷേ, ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുകളാണ് രൂപം കൊള്ളുന്നത്. ഇവിടെ മൗലവിതന്നെയും അദ്ദേഹത്തിന്റെ മക്കളും അത്യുത്സാഹത്തോടെ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

ഇന്തോനേഷ്യയിലെ ഒരു ഉദാഹരണമുണ്ട്. അവിടത്തെ ഒരു സ്ത്രീ സ്വൂഫിയാ സാഹിബ എഴുതുന്നു. ഞാൻ 2014ൽ ക്രൈസ്തവ മതത്തിൽനിന്ന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതാണ്. ബയ്അത്തിനുശേഷം എന്റെ ക്രൈസ്തകുടുംബത്തിൽനിന്ന് എതിർപ്പുണ്ടായി. എന്നെ ചീത്ത വിളിച്ചു. എന്നെ അപമാനിച്ചു. ഞാൻ കുടുംബത്തിന്റെ ഭാഗമല്ലെന്ന് വീട്ടുകാർ മനസ്സിലാക്കിയിരുന്നു. പക്ഷേ, ജമാഅത്തിൽനിന്ന് എനിക്ക് വലിയ സ്നേഹവും പ്രീതിയും കിട്ടി. എന്റെ നിക്കാഹും ഒരു അഹ്മദിയുമായി നടന്നു. കുറച്ചുകാലത്തിനുശേഷം എന്റെ ഭർത്താവ് ഒരു വാഹനാപകടത്തിൽപെട്ടു. ഇടതുകാലും ഇടതുകാലിന്റെ എല്ലും പൊട്ടി. അവർ പറയുന്നു: അപ്പോൾ ഞാൻ നാലുമാസം ഗർഭിണിയായിരുന്നു. ആയിടയ്ക്കാണ് തഹ്രീക്കെ ജദീദിന്റെ പുതിയ വർഷം ആരംഭിക്കുന്നത്. ഞാനെന്റെ ഭർത്താവിനോടു വാഗ്ദാനം ചോദിച്ചു. അദ്ദേഹം വളരെ ദൃഢവിശ്വാസത്തോടെ പറഞ്ഞു. 5 ലക്ഷം ഇന്തൊനേഷ്യൻ രൂപ എഴുതിപ്പിക്കുക. കാരണം അടുത്തവർഷം എനിക്ക് ജോലി കിട്ടുന്നതാണ്. ഇന്തൊനേഷ്യൻ രൂപയ്ക്ക് വളരെ കുറഞ്ഞ മൂല്യമാണുള്ളത്. എന്തായാലും അവിടെ കഴിയുന്നവർക്ക് വലിയ വാല്യുവാണുള്ളത്. ആ സ്ത്രീ പറയുന്നു: ഞാൻ അത്ഭുതപ്പെട്ടു. ഇപ്പോൾ സ്ട്രെച്ചറിന്റെ സഹായത്താലാണ് നടക്കുന്നത്. ജോലി എങ്ങനെ കിട്ടാനാണ്. എന്തായാലും അദ്ദേഹം പറഞ്ഞതനുസരിച്ച് ഞാൻ വാഗ്ദാനം എഴുതിച്ചു. സമയം വേഗം കഴിഞ്ഞുപോയി. വർഷം അവസാനിക്കാൻ പോകുകയാണെന്ന് ഞാൻ അറിഞ്ഞില്ല. വളരെ പ്രയാസപ്പെട്ടു. ഇപ്പോൾ എന്റെ ഭർത്താവ് തൊഴിൽരഹിതനാണ്. ചന്ദ എവിടന്ന് കൊടുക്കാനാണ്. ഈ പ്രയാസാവസ്ഥയിൽ ദുആ ചെയ്തു. അല്ലാഹു തന്റെ ശക്തിപ്രഭാവം കാണിക്കാൻ. അവർ പറയുന്നു: എന്റെ ഭർത്താവിന് ഒരു നല്ല കമ്പിനിയിൽ നല്ല ജോലി കിട്ടി. ഞാൻ വാഗ്ദാനമനുസരിച്ച് നൂറു ശതമാനവും ചന്ദ നല്കി.

ഇന്തൊനേഷ്യയിൽനിന്നുതന്നെ വാർദി സാഹി

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ബെഴുതുന്നു. കഴിഞ്ഞ റമളാനിൽ ഞങ്ങളുടെ കുടുംബം ബുദ്ധിമുട്ടിലായിരുന്നു. എന്റെ ഭാര്യാപിതാവിന് സുഖമില്ലാതായി. അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരുമാസംവരെ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അതിനിടയിൽ അദ്ദേഹത്തിന്റെ ആരോഗ്യനില വഷളായി. ഐസിയുവിൽ പ്രവേശിപ്പിക്കേണ്ടിവന്നു. രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ കുറവായിരുന്നു. അവർ പറയുന്നു: ആ സമയത്ത് അദ്ദേഹത്തിന് എന്റെ ഖുത്ബ ഓർമ വന്നു. അത് തഹ്‌രീക്കെ ജദീദിന്റെ ബർക്കത്തിനെ കുറിച്ചായിരുന്നു. അങ്ങനെ എല്ലാ വീട്ടുകാരും ഒരുമിച്ച് ഈ റമളാൻ മാസത്തിൽ തഹ്‌രീക്കെ ജദീദിന്റെ നൂറു ശതമാനം ചന്ദയും അടയ്ക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ അതടയ്ക്കുകയും ചെയ്തു. എനിക്കും അവർ ദുആക്കു വേണ്ടി എഴുതിയിരുന്നു.അവർ പറയുന്നു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആയുടെ ഫലമായി, ത്യാഗത്തിന്റെ ഫലമായി എന്റെ ഭാര്യാപിതാവിന്റെ ആരോഗ്യനില മെച്ചപ്പെടാൻ തുടങ്ങി. കുറച്ചു ദിവസത്തിനുശേഷം ഡോക്ടർ ഡിസ്ചാർജ് ചെയ്ത് വീട്ടിൽ അയച്ചു. അദ്ദേഹം എത്തിയവിവരം അയൽവാസികളറിഞ്ഞപ്പോൾ ഇത്രമാത്രം ഭയങ്കരമായ രോഗം പിടിപ്പെട്ട് മരണത്തിന്റെ വാതിൽക്കലെത്തിയ ഒരുമനുഷ്യൻ എങ്ങനെ പൂർണ സുഖം പ്രാപിച്ച് തിരിച്ചെത്തി എന്നോർത്ത് അത്ഭുതപ്പെട്ടു.

യു.കെയിലെ ബർമിംഗ്ഹാം സെൻട്രൽ ജമാഅത്തിന്റെ സ്വദ്ർ എഴുതുന്നു: ഞങ്ങൾ തഹ്‌രീക്കെ ജദീദിന്റെ ടാർഗറ്റിൽനിന്ന് 1500 പൗണ്ട് പിന്നിലായിരുന്നു. സമയം തീരാൻ കണക്ക് ക്ലോസുചെയ്യാൻ കുറച്ചു മണിക്കൂറുകൾ മാത്രമാണ് ഉണ്ടായിരുന്നത്. പലസഹോദരങ്ങളോടും പറഞ്ഞപ്പോൾ ആദ്യമേ 2400 പൗണ്ട് നല്കിക്കഴിഞ്ഞിരുന്ന ഒരു സഹോദരൻ താൻ 1500 പൗണ്ട് അടയ്ക്കാമെന്ന് പറഞ്ഞു. ആ നേരത്ത് ഈ സ്നേഹിതൻ രാജ്യത്തിനു വെളിയിലായിരുന്നു. ഇദ്ദേഹം ഓൺലൈനിൽത്തന്നെ ചന്ദ അടച്ചു. സ്വദ്ർ സാഹിബ് പറയുന്നു: അദ്ദേഹം 1500 പൗണ്ട് അടച്ചതിന്റെ തൊട്ടടുത്ത ദിവസം ടാക്സ് വകുപ്പിൽനിന്ന് അദ്ദേഹത്തിന് 6000 പൗണ്ട് തിരിച്ചു കിട്ടി. ഇവിടെ അല്ലാഹു ക്ഷണത്തിൽ നാലിരട്ടി വർധിപ്പിക്കുകയാണ് ചെയ്തത്.

ദരിദ്രരുടെ ത്യാഗങ്ങൾ എങ്ങനെയുള്ളതാണ്. അല്ലാഹുവിന്റെ അത്ഭുതകരമായ പെരുമാറ്റം എങ്ങനെയുള്ളതാണ്. ഇതിനെക്കുറിച്ച് ബറോണ്ടിയിലെ മുഅല്ലിം സാഹിബെഴുതുന്നു: ‘കഴിഞ്ഞ വർഷം ഞങ്ങൾ ഒരു പുതിയ ജമാഅത്തായ കഹാൻഗായിൽ പര്യടനം നടത്തിയിരുന്നു. അവിടെത്തെ ഒരു നവ അഹ്മദി സ്നേഹിതൻ മസ്ഊദ് സാഹിബിനോടു ചന്ദയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു. ചന്ദ നല്കാനും പറഞ്ഞു. മസ്ഊദ് സാഹിബ് പറഞ്ഞു: എന്റെ കൈയിൽ ഈ നേരത്ത് ഒന്നുമില്ല. എന്റെ വീട്ടിൽ ഒരു മരമുണ്ട്. അതിൽ അതിൽ ഫലങ്ങളുണ്ട്. അതു വിറ്റ് ഞാൻ ചന്ദ നല്കാം. പഴയകാലങ്ങളിൽ കാണാൻ കഴിഞ്ഞിരുന്ന ആ ത്യാഗങ്ങളുടെ മാതൃക ഇപ്പോഴും കാണാൻ ലഭിക്കുന്നു. അദ്ദേഹം പറയുന്നു: അങ്ങനെ അദ്ദേഹം ഒന്നുരണ്ടു ദിവസത്തിനുള്ളിൽ മരത്തിലെ ഫലങ്ങൾ ആയിരം ബറോണ്ടി ഫ്രാങ്കിന് വിറ്റ് മുഴുവൻ തുകയും ചന്ദ നല്കി. പിന്നീട് അദ്ദേഹം പറഞ്ഞു: ഈ ചന്ദ നല്കിയ കാരണത്താൽ വളരെ അധികം ബർക്കത്തുണ്ടായി. ഇപ്പോൾ ആ മരത്തിൽ മുമ്പേയുള്ളതിനെ അപേക്ഷിച്ച് ധാരാളം ഫലങ്ങളുണ്ടായിട്ടുണ്ട്. അത് അദ്ദേഹം നാൽപതിനായിരം നാൽപത്തി അഞ്ചായിരം ബറോണ്ടി ഫ്രാങ്കിനാണ് വിറ്റത്.

കോംഗോ ബ്രാസ്‌വീലിലെ മുഅല്ലിം സാഹിബെഴുതുന്നു: ഒരു സ്നേഹിതനായ മാവീലി സാഹിബിന്റെ ആൺകുട്ടിയ്ക്ക് കുറെ ദിവസമായി സുഖമില്ലായിരുന്നു. ചന്ദ പിരിക്കാൻവേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ പോയപ്പോൾ ചന്ദ അടച്ചു. ഒപ്പം ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ! ഈ ചന്ദയുടെ ബർക്കത്തുകൊണ്ട് എന്റെ മകന് ശിഫാ നല്കേണമേ. ഈ സ്നേഹിതൻ പറയുന്നു:കുറച്ചു ദിവസംകൊണ്ടുതന്നെ എന്റെ മകന്റെ അസുഖം മാറി. നമ്മുടെ നിസാരമായ ത്യാഗങ്ങൾ സ്വീകരിച്ച് നമ്മുടെ ദുആ അല്ലാഹു സ്വീകരിക്കുന്നത് കണ്ട് ഞാൻ തന്നെയും അത്ഭുതപ്പെട്ടുപോയി.

സെക്രട്ടറി തഹ്‌രീക്കെ ജദീദ് ലജ്ന കനഡ എഴുതുന്നു:തന്റെ ഭർത്താവ് തഹ്‌രീക്കെ ജദീദിൽ ആയിരം ഡോളർ വാഗ്ദാനം എഴുതിച്ചിരുന്നുവെന്നും തൊഴിലില്ലാത്തകാരണത്താൽ അടയ്ക്കാൻ സാധിച്ചില്ലെന്നും ഒരു സഹോദരി പറഞ്ഞു. വർഷം അവസാനിക്കാൻ ഒരാഴ്ച ബാക്കിയുള്ളപ്പോൾ മാൽ സെക്രട്ടറി സാഹിബ് ചന്ദ വാങ്ങാൻ അവരുടെ വീട്ടിൽ വന്നു. അവരുടെ ഭർത്താവ് ഉള്ളിൽപ്പോയി ഭാര്യയോടു തന്റെ കൈയിൽ ഒന്നമില്ലെന്നും ഇനി എന്താണ് ചെയ്യുക എന്നും ചോദിച്ചു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: അദ്ദേഹത്തെ വെറുംകൈയോടെ പറഞ്ഞുവിടാൻ പാടില്ല. അവരുടെ കൈയിൽ ആയിരം ഡോളറിന്റെ സമ്പാദ്യമുണ്ടായിരുന്നു. അതിൽനിന്ന് ചന്ദ കൊടുത്തു. അവർ പറയുന്നു: ചന്ദയുടെ അനുഗ്രഹത്താൽ ആ ആഴ്ചയ്ക്കുള്ളിൽത്തന്നെ അവരുടെ ഭർത്താവിന് 7000 മാസ ശമ്പളത്തിൽ ജോലി കിട്ടി.

ഐവറികോസ്റ്റിലെ മുബല്ലിഗ് എഴുതുന്നു: സാൻപേദ്രോയിൽ ഒരു ആൺകുട്ടിയുണ്ട്. 14 വയസു മാത്രമാണ് പ്രായം. ആ കുട്ടിയുടെ പിതാവ് പറഞ്ഞു: ഞായറാഴ്ച ഞാൻ അവനോടു ഒരു വീട്ടുജോലി പറഞ്ഞു. അപ്പോൾ അവൻ പറഞ്ഞു:ഞാൻ അത്ഫാലുൽ അഹ്മദിയ്യായുടെ ആമിലായിൽ സെക്രട്ടറി മാൽ എന്ന നിലയിൽ ചന്ദ പിരിക്കുകയാണ്. ഞാൻതന്നെയും ഇതുവരെ ചന്ദ കൊടുത്തിട്ടില്ല. മറ്റു ദിവസങ്ങളിൽ സ്കൂളിൽ പോകേണ്ടതുണ്ട്. അതുകൊണ്ട് ഞാനിന്ന് ആരുടെയെങ്കിലും പാടത്ത് പണിക്കുപോകുകയാണ്. പണിയെടുത്ത് കിട്ടുന്ന തുക ചന്ദ കൊടുക്കുന്നതായിരിക്കും. അപ്പോൾ പിതാവ് മകനോടു പറഞ്ഞു, നിന്റെ ചന്ദ ഞാൻ കൊടുത്തുകൊള്ളാം. അപ്പോൾ മകൻ പറഞ്ഞു:‘കുട്ടികൾ തങ്ങളുടെ പോക്കറ്റുമണിയിൽനിന്ന് ചന്ദ കൊടുക്കണമെന്നാണ് മുറബ്ബി സാഹിബ് പറഞ്ഞിട്ടുള്ളത്. പക്ഷേ, ഇപ്രാവശ്യം എനിക്കതിനു കഴിഞ്ഞില്ല. അതുകൊണ്ട് ചന്ദകൊടുക്കാൻ ഇന്ന് പണിക്കുപോകുകയാണ്.’ അങ്ങനെ അവൻ പണിയെടുത്തു. ആ തുകയിൽനിന്ന് ചന്ദയും കൊടുത്തു. ദൂരദൂര ദേശങ്ങളിലുള്ള പുതിയതായി ജമാഅത്തിൽ ചേരുന്ന കുട്ടികളിൽ അല്ലാഹു ഉണ്ടാക്കുന്ന ചിന്താഗതികളാണിത്.

ജർമനിയിലെ സെക്രട്ടറി തഹ്‌രീക്കെ ജദീദ് പറയുന്നു: കീൽ ജമാഅത്തിലെ ഒരു സ്ത്രീ പറഞ്ഞു: എന്റെ മാതാവ് പാക്കിസ്താനിലെ കൽസിയാൽ ഭട്ടിയായിൽ സ്കൂൾ ടീച്ചറായിരുന്നു. ഒരുപാട് ധനത്യാഗം ചെയ്യാറുണ്ടായിരുന്നു. പെരുന്നാൾ വരുമ്പോൾ കുട്ടികൾക്ക് പുതുവസ്ത്രം കിട്ടാറുണ്ടായിരുന്നു. പക്ഷേ, റമളാനിൽ നൂറു ശതമാനം തഹ്‌രീക്കെ ജദീദ് ചന്ദ അടയ്ക്കുന്നവർക്കായുള്ള ദുആയുടെ ലിസ്റ്റിൽപെടാനുള്ള ശ്രമത്തിലായിരിക്കും മാതാവ്. മിക്കപ്പോഴും കടം വാങ്ങിയായിരിക്കും ചന്ദ കൊടുക്കുക. പിന്നീട് കടം വീട്ടുകയും ചെയ്യും. സ്പെയിനിലെ മസ്ജിദ് ബിശാറത്തിനു വേണ്ടി ചന്ദ കൊടുക്കാൻ പറഞ്ഞപ്പോൾ സ്വന്തം വള ഊരി നല്കി. അതുമാത്രമെ അവർക്കുണ്ടായിരുന്നുള്ളു. ഇക്കാരണത്താൽ ഭർതൃവീട്ടിൽനിന്ന് ഒരുപാട് കേൾക്കേണ്ടിയും വന്നു. അവർ പറയുന്നു: അത് എന്റെ കുട്ടിക്കാലമായിരുന്നു. ഇങ്ങനെ സ്വയം ബുദ്ധിമുട്ടിലകപ്പെടുത്തി ത്യാഗം ചെയ്യേണ്ട ആവശ്യമെന്താണെന്ന് ഞാൻ ചിന്തിച്ചിരുന്നു. ഈ വീക്ഷണം എന്റെ മനസ്സിൽ വേരുപിടിച്ചിരുന്നു. കഴിഞ്ഞ വർഷം തഹ്‌രീക്കെ ജദീദിനെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ മാതാവിനെ പോലെ സർവവും ഊരിക്കൊടുക്കുന്നവളാകുകയില്ലെന്ന് ഞാൻ തീരുമാനിച്ചു. അതുകൊണ്ട് ഞാൻ ബാഹ്യമായ ബുദ്ധി കാണിച്ച് മുപ്പതോ നാല്പതോ യൂറോ വാഗ്ദാനമെഴുതിച്ചു. അവർ പറയുന്നു: കുറച്ചു കാലത്തിനുശേഷം എന്റെ കഴുത്തിൽ രണ്ടു കുരു പൊന്തിവന്നു. ഞാൻ വളരെ ഭയപ്പെട്ടു. ഡോക്ടർ ഓപ്റേഷൻ വേണമെന്ന് പറഞ്ഞു. ആ നേരത്ത് എന്റെ ആഭരണമോ വസ്ത്രമോ ഒന്നും എനിക്കു നല്ലതായി തോന്നിയില്ല. ഒരു ദിവസം എന്റെ ഒരു ഖുത്ബ അവർ കേട്ടു. ഞാൻ അതിൽ സ്ത്രീകളുടെ ധനത്യാഗത്തെ കുറിച്ചാണ് പറഞ്ഞിരുന്നത്. അവർ പറയുന്നു: കാലത്തിന്റെ ഖലീഫയുടെ ഖുത്ബ കേട്ട് എനിക്ക് വീണ്ടുവിചാരമുണ്ടാകുകയും എന്റെ എല്ലാ ആഭരണവും തഹ്‌രീക്കെ ജദീദിൽ കൊടുക്കുകയും ചെയ്തു. ഞാൻ അതിന്റെ വിലയിട്ട് ചന്ദ കൊടുത്തു. അതിനുശേഷം വീണ്ടും ഡോക്ടറുടെ അടുത്ത് പോയി. ഈ കുരുക്കൾ ദോഷമുണ്ടാക്കുകയില്ലെന്ന് ഡോക്ടർ പറഞ്ഞു. അവർ പറയുന്നു: അല്ലാഹു എനിക്ക് ആ ഭയത്തിൽനിന്ന് മുക്തി നല്കി. എന്റെ അഹങ്കാരപരമായ പെരുമാറ്റത്തിന് അല്ലാഹു നല്കിയ ശിക്ഷയാണിതെന്ന് എനിക്കു ബോധ്യമായി. ഇപ്പോൾ എന്റെ മനസ്സിൽ അത്തരം തെറ്റുധാരണകളൊന്നുമില്ല. ഒരു ഹോട്ടലിൽ ജോലി ചെയ്യുന്ന കാരണത്താൽ എന്റെ ഭർത്താവിന് ചന്ദ കൊടുക്കുന്നതിൽ നിയന്ത്രണവുമുണ്ടായിരുന്നു. എന്റെ ഭർത്താവിന് നല്ല ജോലി കിട്ടാൻ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു; ജോലി കിട്ടിയാൽ 500 യൂറോ തഹ്‌രീക്കെ ജദീദിൽ നല്കുമെന്നും തീരുമാനിച്ചു. അങ്ങനെ അല്ലാഹു എന്റെ ഭർത്താവിന് നല്ലജോലി നല്കി; ഇപ്പോൾ ഭർത്താവും ഭാര്യവും ചന്ദ കൊടുക്കുന്നു.

ലാഹോറിലെ സെക്രട്ടറി തഹ്‌രീക്കെ ജദീദ് ലജ്ന എഴുതുന്നു: വാപ്പട ടൗണിലെ ഒരു അംഗം ഒന്നരവർഷമായി കഠിനമായ ശ്വാസമുട്ടൽ രോഗിയായിരുന്നു. കേന്ദ്ര പ്രതിനിധി പര്യടനം നടത്തുന്നതിനിടയിൽ അദ്ദേഹം തന്റെ തഹ്‌രീക്കെ ജദീദ് ചന്ദ 50000/- രൂപ വർധിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിൽ വലിയ അനുഗ്രഹം ചൊരിഞ്ഞു. മരുന്നുകഴിച്ചുകൊണ്ടിരുന്നിട്ടും പലവട്ടവും ആക്രമണം നടത്തിയിരുന്ന ആ രോഗം മൊത്തം മാറിപ്പോയി. ഇപ്പോൾ വർഷാവസാനം തികച്ചും ആരോഗ്യവാനാണ്.

ഗാംമ്പിയ അമീർ സാഹിബ് എഴുതുന്നു: കിഴക്കൻ ജില്ലയിലെ ഗ്രാമമായ ജർറായിലെ ഒരു സഹോദരൻ മുടങ്ങാതെ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തുകൊണ്ടിരുന്നു.ഇപ്പോൾ അദ്ദേഹത്തിന്റെ ഗ്രാമത്തിൽ കന്നുകാലികൾക്ക് ഒരു രോഗം പടർന്നുപിടിച്ചു. അതുകാരണം മൃഗങ്ങളെല്ലാം ചത്തൊടുങ്ങാൻ തുടങ്ങി. ഏകദേശം എല്ലാ ആളുകൾക്കും കാലികൾ നഷ്ടപ്പെട്ടു. സാംമ്പാ സാഹിബിന്റെ ഒരു മൃഗംപോലും ചത്തില്ല. നിന്റെ ഒരു മൃഗവും ചാകാത്തതിന്റെ കാരണമെന്താണെന്ന് ഗ്രാമവാസികൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഓരോ വർഷവും എന്റെ കാലികളിൽ ഒന്നിനെ വിറ്റ് ഞാൻ ചന്ദ കൊടുക്കാറുണ്ട്. ആ ബർക്കത്തുകൊണ്ടാണ് അല്ലാഹു ഈ കാലികളെ സുരക്ഷിതമാക്കി വെച്ചത്. ഇതുകേട്ട് ഗ്രാമത്തിലെ അഹ്മദികളായ ഏഴുപേർ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു.ആ മൃഗങ്ങളുടെ ആരോഗ്യം മെച്ചപ്പെട്ടുവരുന്നതായി അവർ കണ്ടു. ഒരു മൃഗവും ഈ രോഗത്തിൽനിന്ന് രക്ഷപ്പെടുകയില്ലെന്ന് ഗ്രാമത്തിലെ മൃഗഡോക്ടർ പറഞ്ഞിരുന്നതാണ്. കുറച്ചു ദിവസങ്ങൾക്കുശേഷം വെറ്റിനറി ഡോക്ർ വീണ്ടും വന്നു. അയാൾ മൃഗങ്ങളെ പരിശോധിച്ചു. നിങ്ങൾ എന്തുചികിത്സയാണ് നടത്തിയതെന്ന് അദ്ദേഹം ചോദിച്ചു. പറയുന്നു: അപ്പോൾ ഗ്രാമത്തിലെ ഒരു വൃദ്ധ ചന്ദ കൊടുത്ത രസീത് കൊണ്ടുവന്നു. ഇതാണ് തങ്ങളുടെ ചികിത്സ എന്നു പറഞ്ഞു. അപ്പോൾ ഡോക്ടർ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: ‘ഞാനും അഹ്മദിയ്യത്തിനെ കുറിച്ച് റിസർച്ച് നടത്തുന്നതാണ്.’ അദ്ദേഹത്തിന് ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ നല്കി.

വളരെ ദൂരത്തുള്ള ഈ ആളുകളുടെ ഈമാനും ആത്മാർഥതയും അല്ലാഹുവിലുള്ള തവക്കുലും അവരുടെ വാഗ്ദാനങ്ങളിലുള്ള ദൃഢവിശ്വാസവും മറ്റുള്ളവരേയും ഇസ്‌ലാമിന്റെ സത്യത്തെ സംബന്ധിച്ച് ചിന്തിക്കുന്നതിന് നിർബന്ധിക്കുന്നു. അല്ലാഹു ഇവരുടെ എല്ലാം ഈമാനും ദൃഢനിശ്ചയവും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി അവരിൽ പതിയുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഈ സംഭവങ്ങൾ വിവരിച്ചതിനുശേഷം ഇനി ഞാൻ നവംബറിന്റെ ആരംഭത്തിൽ തഹ്‌രീക്കെജദീദിന്റെ നവവത്സര വിളംബരം ചെയ്യാറുള്ളതുപോലെ തഹ്‌രീക്കെ ജദീ

ദിന്റെ നവവത്സരം വിളംബരപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ വർഷത്തെ കുറച്ചു കാര്യങ്ങൾ പറയുകയാണ്.

തഹ്‌രീക്കെജദീദിന്റെ 85–ാമത് വർഷം നവംബർ ഒന്നുമുതൽ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. 84–ാം വർഷത്തിൽ അല്ലാഹുവിൽ നിന്നുണ്ടായ അനുഗ്രഹത്തിന്റെ റിപ്പോർട്ട് ഇവിടെ കിട്ടിയത് പറയുകയാണ്. അതനുസരിച്ച് 12.79 മില്യണിൽ അധികം പൗണ്ട് ത്യാഗം ചെയ്യാൻ അല്ലാഹു മുഖ്‌ലിംസങ്ങൾക്കു തൗഫീഖ് നല്കി. അതായത് ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം (1,27,93,000)പൗണ്ട്. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഇത് അല്ലാഹുവിന്റെ കൃപയാൽ രണ്ടു ലക്ഷത്തി പന്ത്രണ്ടായിരം പൗണ്ട് അധികമാണ്. ലോകത്തെ പ്രതികൂല അവസ്ഥകളും ഒരുപാട് രാജ്യങ്ങളിലെ കറൻസി ഡീവാലൂവ് ആയിട്ടും അല്ലാഹു തൗഫീഖ് നല്കി. മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ പാക്കിസ്താനെ ഒഴിച്ച് ജർമനി ഒന്നാം സ്ഥാനത്താണ്. രണ്ടാം സ്ഥാനം ബ്രിട്ടൻ, മൂന്നാം സ്ഥാനം അമേരിക്ക, നാലാം സ്ഥാനം കാനഡ, അഞ്ചാം സ്ഥാനം ഇന്ത്യ, ആറാം സ്ഥാനം ആസ്ത്രേലിയ, ഏഴാം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. എട്ടാം സ്ഥാനം ഇന്തൊനീഷ്യ(Indonesia).ഒമ്പതാം സ്ഥാനം ഘാന. പത്താം സ്ഥാനം മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ സ്വിറ്റ്സർലൻഡ്(Switzerland) ഒന്നാം സ്ഥാനത്താണുള്ളത്. രണ്ട് അമേരിക്ക (America), മൂന്ന് യു.കെ (U.K). നാല് ആസ്ത്രേലിയ, അഞ്ച് സിങ്കപ്പൂർ, ആറ് സ്വീഡൻ (Sweden), ഏഴ് ബെൽജിയം, എട്ട് ജർമനി, ഒമ്പത് കനഡ (Canada), പത്ത് ഫിൻലാന്റ്

ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ ഘാന(Ghana), നൈജീരിയ (Nigeria), ഗാംമ്പിയാ(Gambia), ടാൻസനിയാ (Tanzania).

പങ്കെടുക്കുന്നവരുടെ മൊത്തം എണ്ണം വർധിപ്പിക്കുന്ന കാര്യത്തിലും അല്ലാഹുവിന്റെ കൃപയാൽ ശ്രദ്ധിച്ചു വരുന്നുണ്ട്. അല്ലാഹുവിന്റെ കൃപയാൽ ഈ വർഷം പങ്കെടുത്തവർ പതിനേഴുലക്ഷത്തി പതിനേഴായിരം ആളുകളാണ്. ചേർന്നവരുടെ എണ്ണത്തിൽ ഒരു ലക്ഷത്തി പതിനേഴായിരത്തിന്റെ വർധന ഉണ്ടായി. ഇതിൽ കൂടുതൽ വർധന ഉണ്ടായിട്ടുള്ളത് ആഫ്രിക്കൻ രാജ്യങ്ങളിലാണ്. നൈജർ (Niger), ഗാംബിയാ(Gambia), ബെനിൻ (Benin), ബുർക്കിനാ ഫാസോ (Burkina Faso), ഘാന(Ghana), നൈജീരിയ(Nigeria), കാമറൂൺ(Cameroon),കോംഗോ കിൻഷാസാ(Congo kinshasa), ലൈബീരിയ (LIberia) , മൗറീഷ്യസ് (Mauritius). ഐവറികോസ്റ്റ്(Ivory coast)ലും നല്ല വർധന ഉണ്ടായിട്ടുണ്ട്. വലിയ ജമാഅത്തികളിൽ ഇന്തൊനീഷ്യ (Indonesia), ജർമനി(Germany), ഇന്ത്യാ(India), പാക്കിസ്താൻ(Pakistan),കനഡ(Canada), അമേരിക്ക (America),നോർവെ(Norway), മലേഷ്യ (Malaysia)യിലെ പങ്കെടുത്തവരും പെടുന്നു.

ദഫ്ത്തറെഅവ്വലിൽപ്പെട്ടഎല്ലാവരുടേയുംചന്ദതുടർന്നുവരുന്നുണ്ട്. അവരുടെ എണ്ണം 5927 ആകുന്നു.

ധനത്യാഗത്തിൽ പാക്കിസ്താനിലെ മൂന്നു വലിയ ജില്ലകളുടെ റിപ്പോർട്ടുണ്ട്. അതിൽ ഒന്നാം സ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം റബ്‌വ, മൂന്നാം സ്ഥാനം കറാച്ചി. റബ്‌വയെ ജില്ലകളുടെ ലിസ്റ്റുകളിലാണ് ഉൾപ്പെടുത്തുന്നത്; അത് ഒരു നഗരമാണെങ്കിലും. കൂടുതൽ ത്യാഗം ചെയ്ത ജില്ലക്കാരിൽ സിയാൽക്കോട്ട്, സർഗോധാ, ഗുജ്റാത്ത്, ഗുജ്‌റൻവാല, ഉമർക്കോട്ട്, ഹൈദരബാദ്, നോറോവാൾ, മീർപൂർഖാസ്, ടോബ ടേക് സംഗ്, മീർപൂർ കശ്മീർ.

വസൂലിയുടെ അടിസ്ഥാനത്തിൽ നല്ല പ്രവർത്തനം കാഴ്ചവച്ച ജമാഅത്തുകൾ ഇസ്‌ലാമാബാദ് ഇമാറത്ത്, ഡിഫൻസ് ലാഹോർ ഇമാറത്ത്, ടൗൺഷിപ്പ് ലാഹോർ ഇമാറത്ത്, അസീസാബാദ് കറാച്ചി, പെശാവർ ഇമാറത്ത്, ഗുൽശൻ ഇഖ്ബാൽ കറാച്ചി ഇമാറത്ത്, കരീം നഗർ ഫയ്സ്വലാബാദ്, കോഇട്ട, നവാബ്ശാഹ്, ബഹാവൽപൂർ, ഒക്കാഡ

ജർമനിയിലെ ആദ്യസ്ഥാനത്തുള്ള പത്തു ജമാഅത്തുകൾ: ഒന്ന് നോയിസ്(Neus), റോഡർമാർക്ക് (Roedermark), പിന്നെബർഗ് (Pinneberg), മഹ്ദിയാബാദ് (Mehdi-Abad), കീൽ(Kiel), ഫ്ളവേഴ്സ്ഹൈം (Floersheim), കൊബ്ലൻസ് (Koblenz), weingarten (വിംഗാർട്ടൻ), കോളോൻ (Koeln) ലിംബർഗ്(Iimburg).

അവരുടെ തദ്ദേശ ജമാഅത്തുകൾ പത്താണ്. ഹംബർഗ്(Hamburg), ഫ്രാങ്ക്ഫർട്ട് (Frankfurt), മോർഫീൽഡൻ (Moerfelden), ഗ്രോസ്ഗ്രാവ് (GrossGerau),ഡട്സൺബാഖ്(Ditzenbach),വേസ്ബാദൻ (Wiesbaden), മൻഹൈം(Mannheim), റെഡ്ഷറ്റഡ്(Reidstadt),ഓഫൺബാഖ്(Offenbach),ഡാറംഷറ്റഡ് (Darmstadt).

മൊത്തം അടവിന്റെ അടിസ്ഥാനത്തിൽ യു.കെയിലെ ആദ്യത്തെ അഞ്ച് റീജ്യൺ, ലണ്ടൻ ബി (London B), ലണ്ടൻ എ (London A), മിഡ്ലാന്റ്സ് (Midlands), നോർത്ത് ഈസ്റ്റ് (North East), സൗത്ത് (South). മൊത്തം അടവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടണിലെ 10 വലിയ ജമാഅത്തുകൾ, ഫള്ൽ മോസ്ക്(Fazal Mosque),വോർസസ്റ്റർ പാർക്ക് (Worcester Park), ബ്രിമിംഗ്ഹം സൗത്ത് (Birmingham South), ന്യൂ മാൾഡൻ (New Malden), ബ്രാഡ് ഫോർഡ് നോർത്ത് (Brad ford North), ഇസ്‌ലാമാബാദ്(Islamabad), ബ്രിമിംഗ്ഹം വെസ്റ്റ് (Birmingham West), ഗ്ലാസ്ഗൊ (Glasgow), ജില്ലിംഗ്ഹം(Gillingham), സ്കൻതോർപ് (Scunthorpe).

അഞ്ചു ചെറിയ ജമാഅത്തുകൾ: സ്പൻവാലി (Spen Valley), സ്വാൻസീ(Swansea), നോർത്ത് വെയിൽസ് (North Wales), സൗത്ത് ഫീൽഡ്സ് (Southfields), എഡിമ്പ്ര(Edinburgh).

അടവിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ അഞ്ച് റീജ്യൺ: സൗത്ത് വെസ്റ്റ്(South West), മിഡ്ലാന്റ്സ് (Midlands), ഇസ്‌ലാമാബാദ് (Islamabad), നോർത്ത് ഈസ്റ്റ് (North East), സ്കോട്ട്ലാന്റ് (Scotland).

അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ജമാഅത്തുകൾ: ഒന്നാം സ്ഥാനം ഓഷ്ക്കോശ് (Oshkosh), സിലിക്കോൺവാലി(Silicon Vakkey), മൂന്ന് സീട്ടൽ(Seattle),ഡെട്രോയ്റ്റ്(Detroit), സിൽവർ സ്പ്രിംഗ്(Silver Spring), യോർക് (York), സെന്റ്റൽ വെർജീന(Central Virginia), ജോർജിയ (Georgia), അറ്റ്ലാന്റാ (Atlanta), ലോസ്ഏഞ്ചൽസ് ഈസ്റ്റ്(Los Angeles East), സെൻട്രൽ ജേഴ്സി (Central Jersey), ലൗറൽ(Laurel).

അടവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ ലോക്കൽ ഇമാറത്തുകൾ; ബ്രംടൺ(Brampton), വാഗ്ഹാൻ(Vaughan), പീസ് വില്ലേജ് (Peace Village), കാൽഗരി (Calgary), വാൻകോവർ (Vancouver), വെസ്റ്റൻ(Westn), മെസ്സിസ്വാഗ (Mississauga).

അടവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ എടുത്തു പറയാൻ അർഹമായ അഞ്ചു ജമാഅത്ത്: എഡ്മെന്റൺ വെസ്റ്റ് (Edmonton West), ദുർഹം (Durham), ഹമിൽടൺ സൗത്ത് (Hamilton South), ബ്രഡ്ഫോർഡ് (Bradford), സസ്കാതൂൺ നോ ർത്ത് (Saskatoon North).

ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പത്ത് വലിയ ജമാഅത്തുകൾ: ഖാദിയാൻ പഞ്ചാബ്, ഹൈദരാബാദ് തെലുങ്കാന, പത്തപ്പിരിയം കേരള, ചെന്നായ് തമിഴ്നാട്, കാലിക്കറ്റ് കേരള, മാംഗ്ലൂർ കർണാടക, കൊൽക്കത്ത ബംഗാൾ, പഴയങ്ങാടി കേരള, കണ്ണൂർ ടൗൺ കേരള, യാദ്ഗീർ കർണാടക,

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് കേരള, രണ്ട് കർണാടക, മൂന്ന് തമിഴ്നാട്, നാല് തെലുങ്കാന, അഞ്ച് ജമ്മു കാശ്മീർ, ആറ് ഒഡീശ, ഏഴ് പഞ്ചാബ്, എട്ട് ബംഗാൾ, ഒമ്പത് ദില്ലി, പത്ത് മഹാരാഷ്ട്ര.

പത്ത് വലിയ ജമാഅത്ത്– കോഴിക്കോട്(കേരള), പത്തപ്പിരിയം(കേരള), ഖാദിയാൻ, ഹൈദരബാദ്, കൊൽക്കത്ത, ബാംഗ്ലൂർ, കണ്ണൂർ ടൗൺ, പഴയങ്ങാടി, മാത്തോട്ടം, കരുളായി.

ആസ്ത്രേലിയായിലെ ആദ്യത്തെ 10 ജമാഅത്തുകളിൽ ഒന്ന് കാസ്റ്റിൽഹിൽ(Castle Hill), മൽബോർണി ബെർവിക് (Melbourne Berwick), ACT ക്യാൻമ്പറCanberra), പെൻറിത് (Penrith), മൽബറൺ ലോംഗ് വാറൺ (Melbourne Long Varren), മാർസ്ഡൻ പാർക്ക്(Marsden Park), അഡീലൈഡ് സൗത്ത്(Adelaide South), ബ്രൈസ്ബൈൻ ലോഗൺ(Brisbane Logan), ബ്രൈസ് ബൈൻ (Brisbane) പ്ലംബ്ടൺ (Plumpton).

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ തസ്മാനിയ, ACT ക്യാൻമ്പറ Canberra), കാസ്റ്റിൽ ഹിൽ(Castle Hill), ഡാർവിൻ(Darwin), മാർസ്ഡൻ പാർക്ക്(Marsden Park), മൽബോർണി ബെർവിക് (Melbourne Berwick), സിഡ്നി സിറ്റി (Sydney City), പെർത് (Perth),കാമ്പൽടൗൺ(Cambelltown), പാറമട്ട(Parramatta.

അല്ലാഹു ഈ എല്ലാ ഖുർബാനീ ചെയ്യുന്നവരുടെ സമ്പത്തുകളിലും ആയുസുകളിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. യാത്ര ചെയ്ത് വന്നതിനുശേഷം യാത്രാവിവരണമുണ്ടാകുമെന്ന് ആളുകൾ ധരിച്ചിട്ടുണ്ടാകും. അടുത്ത ഖുത്ബയിൽ ഇൻശാഅല്ലാഹ്.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി,**
**കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

### അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***
**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്വ്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്വ്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

(തുടർച്ച)അഡീഷണൽ സെക്രട്ടറി മാലിന് നിർദേശം കൊടുത്തുകൊണ്ട് ഹുദൂർ പറഞ്ഞു. ആളുകളുടെ വീട്ടിൽ പോകുക. ചന്ദയെ കുറിച്ചും അതിന്റെ നിലവാരത്തെ കുറിച്ചും പറഞ്ഞു തരാനുള്ള ജോലി എന്നെ ഏല്പിച്ചിരിക്കുകയാണെന്ന് അവരോടു പറയുക. തോതനുസരിച്ചില്ല നിങ്ങൾ ചന്ദ കൊടുക്കുന്നതെങ്കിൽ നിങ്ങളുടെ ചന്ദ തോതനുസരിച്ചാക്കുക. ചന്ദയുടെ നിലവാരത്തെ കുറിച്ച് പറഞ്ഞുതരിക എന്നതാണ് എന്റെ ജോലി. ധൈര്യത്തോടും ക്ഷമയോടുംകൂടി പറഞ്ഞുകൊണ്ടേ പോകുക.

ആമിലായിലെ ഒരംഗം ഊമക്കത്തുകളെ കുറിച്ച് ചോദിച്ചു. ഹുദൂർ പറഞ്ഞു: ഊമക്കത്തുകളുടെ അടിസ്ഥാനത്തിൽ ആക്ഷൻ എടുക്കാൻ പറ്റുകയില്ല. ഞാൻ അത് തിരിച്ചയക്കുന്നത് അമീറിനും മറ്റു ഭാരവാഹികൾക്കും ഇത്തരം ചിന്താഗതികൾ ആളുകൾക്കുണ്ടെന്ന് മനസ്സിലാക്കാൻവേണ്ടിയാണ്. ഇപ്രകാരം അവർക്ക് തങ്ങളെ നന്നാക്കാനുള്ള അവസരം കിട്ടുന്നു. ജനങ്ങളുടെ മാനസികാവസ്ഥയെ കുറിച്ച് അറിയാൻ കഴിയുന്നു. ഫിത്ന ഉണ്ടാക്കുന്നവരെ കുറിച്ച് അറിയാൻ കഴിയുന്നു.

ചോദ്യകർത്താവ് പറഞ്ഞു: ഞങ്ങൾ എന്തെങ്കിലും പരാതിപ്പെടുകയോ ഏതെങ്കിലും ആക്ഷേപത്തിന് വിശദീകരണം നല്കുകയോ ഹുദൂറിന് കത്തെഴുതുകയോ ചെയ്യുമ്പോൾ ഇവിടത്തെ സംഘാടകർ ഞങ്ങളെ ജമാഅത്തിൽനിന്ന് പുറത്താക്കിക്കുമോ എന്ന ഭയം ഞങ്ങൾക്കുണ്ടാകുന്നു.

ഹുദൂർ പറഞ്ഞു: ഇത് കാലത്തിന്റെ ഖലീഫയുടെ മേലുള്ള നിങ്ങളുടെ തെറ്റായ ധാരണയാണ്. ജമാഅത്തിൽനിന്ന് പുറത്തുപോകുക എന്നത് ഒരു അറ്റമാകുന്നു. മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരും മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നവരുമാണ് പുറത്താകുന്നത്. ഇതിന്റെ കുറഞ്ഞ ശിക്ഷ ചന്ദ വാങ്ങാതിരിക്കുക, ഭാരവാഹിത്വം നല്കാതിരിക്കുക, അല്ലെങ്കിൽ ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കുന്നതിന് നിയന്ത്രണം ഏർപെടുത്തുക എന്നതാണ്.

ഹുദൂർ പറഞ്ഞു, താങ്കൾക്ക് ജമാഅത്ത വ്യവസ്ഥിതിയെ കുറിച്ച് അറിയില്ല. താങ്കൾ ജന്മനാ അഹ്മദിയാണ്. 64 വയസുണ്ട്. ജമാഅത്തു വ്യവസ്ഥിതിയെ കുറിച്ച് അറിയില്ല. കാലത്തിന്റെ ഖലീഫ എങ്ങനെയാണ് പ്രവൃത്തിക്കേണ്ടതെന്ന് താങ്കൾക്കറിയില്ല. നിങ്ങളുടെ മനസ്സിൽനിന്ന് അജ്ഞതാപരമായ ചിന്താഗതി അകറ്റുക.

ഹുദൂർ പറഞ്ഞു: ചിലപ്പോൾ താൽക്കാലിക ശിക്ഷ ലഭിക്കാറുണ്ട്. എനിക്ക് ശരിയായ റിപ്പോർട്ടയക്കാൻ ഞാൻ ഭാരവാഹികളോടു പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ആർക്കും തെറ്റായ നിലയിൽ ശിക്ഷ കിട്ടാതിരിക്കാൻ പൂർണമായും അന്വേഷിച്ച്, പരിശോധന നടത്തി അയക്കുക. ഇനി എപ്പോഴെങ്കിലും അങ്ങനെ ഉണ്ടാകുകയാണെങ്കിൽ, ആർക്കെങ്കിലും തെറ്റായ നിലയിൽ ശിക്ഷ കിട്ടുകയാണെങ്കിൽ പിന്നീട് കമ്മീഷൻ മുഖേന അന്വേഷിച്ച് യഥാർഥ തെറ്റുകാരന് ശിക്ഷ കിട്ടുന്നതായിരിക്കും.

ഹുദൂർ പറഞ്ഞു: അല്ലാഹുവിനോടു കരുണയും കൃപയും ചോദിക്കണമെന്ന കാര്യം ഓർക്കുക. ഒരാൾ ഒരു കുറ്റകൃത്യത്തിൽ പിടിക്കപ്പെട്ടു. അയാൾ കുറ്റം ചെയ്തിട്ടില്ല. അല്ലാഹുവേ! എനിക്കു നീതി തന്നാലും എന്ന് അയാൾ അല്ലാഹുവിനോടു ദുആ ചെയ്തു. കോടതിയിൽ വിധിയുണ്ടായി, ശിക്ഷ കിട്ടുകയും ചെയ്തു. ഞാൻ നീതിയാണ് ചോദിച്ചതെന്ന് അയാൾ പറഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു: നീ കൃപയും കരുണയും ചോദിക്കണമായിരുന്നു. നീ നീതിയാണ് ചോദിച്ചിരുന്നത്. അത് നിനക്കു കിട്ടി. നീ ഇന്ന സമയത്ത് ഇന്ന മൃഗത്തെ മർദിച്ചിരുന്നു. അതിന്റെ ശിക്ഷയാണ് നിനക്കു കിട്ടിയത്.

ഹദൂർ പറഞ്ഞു: നബി(സ)തിരുമേനിയുടെ ചല സ്വഹാബാക്കൾക്ക് മുഖാതിഅ(ബഹിഷ്കരണ) ശിക്ഷ ഉണ്ടായിരുന്നു. ഇവർ മസ്ജിദിൽ പോകാറുണ്ടായിരുന്നു. നബി(സ)തിരുമേനി അവരിൽ ദൃഷ്ടി പതിപ്പിച്ചിരുന്നു. ഒരു സ്വഹാബി പറയുന്നു:നബി(സ)തിരുമേനി എന്നെ നോക്കുന്നുവെന്ന് എനിക്ക് തോന്നിയിരുന്നു. ഞാൻ എന്റെ മുഖം ഉയർത്തുമ്പോൾ നബി(സ)തിരുമേനി തന്റെ മുഖം ഒരു ഭാഗത്തേക്ക് തിരിക്കമായിരുന്നു.

ഹുദൂർ പറഞ്ഞു: ഇത് നബി(സ) തിരുമേനിയുടെ പക്കൽ പരിഷ്കരണമായിരുന്നു. അവിടന്ന് സ്നേഹത്തോടെ ആ സ്വഹാബാക്കളിലേക്ക് നോക്കാറുണ്ടായിരുന്നു. അവരുടെ പരിഷ്കരണം നടന്നു കഴിഞ്ഞപ്പോൾ അവർക്കു മാപ്പു കൊടുത്തു.

അതേ അംഗം വീണ്ടും പറഞ്ഞു: ഇനി കത്തെഴുതരുതെന്നും ശിക്ഷ കിട്ടാനിടവരരുതെന്നും പറഞ്ഞ് ഞാൻ എന്റെ മകനെ തടഞ്ഞു.

ഹുദൂർ പറഞ്ഞു: കുട്ടികളെ ഇങ്ങനെ തടയുമ്പോൾ അവരുടെ മനസ്സിൽ തെറ്റുധാരണകൾ ഉണ്ടാകും. അകൽച്ചയുണ്ടാകും. വ്യവസ്ഥിതിയുമായുള്ള വിടവ് കൂടും. ഓർക്കുക, ഒരു വിധിയും ആരെങ്കിലും പറയുന്നതുകൊണ്ട് ഉണ്ടാകുകയില്ല. നബി(സ)തിരുമേനി പറഞ്ഞത്, ആരെങ്കിലും തെറ്റായ വിധി ചെയ്യിക്കുകയാണെങ്കിൽ അവൻ തന്റെ വയറ്റിൽ തീ നിറയ്ക്കുകയായിരിക്കും ചെയ്യുന്നത്. ഒരു ഭാഗത്ത് അവൻ തന്റെ വയറ്റിൽ തീ നിറയ്ക്കുകയായിരിക്കും ചെയ്യുന്നത് മറുഭാഗത്ത് രണ്ടാമത്തെ കക്ഷി പിന്നാക്കം മാറുകയാണെങ്കിൽ അതും തെറ്റാണ്. പിന്നെ ഈ രണ്ടാമത്തെ കക്ഷിയും തങ്ങൾക്ക് നഷ്ടമുണ്ടാക്കുകയായിരിക്കും ചെയ്യുന്നത്.

ഹുദൂർ പറഞ്ഞു, അത്തരം വിധികൾ മനുഷ്യന്റെ പാപങ്ങൾ പൊറുപ്പിക്കാനുള്ള നിമിത്തമായിത്തീരുന്നു.

ഡന്മാർക്ക് ജമാഅത്തിന്റെ നാഷണൽ മജ്‌ലിസെ ആമിലയുടെ ഈ മീറ്റിംഗ് 1.50 ന് അവസാനിച്ചു. അതിനുശേഷം മജ്‌ലിസെ ആമിലയുടെ അംഗങ്ങൾ ഹുദൂറുമൊത്ത് ഗ്രൂപ്പ് ഫോട്ടോ എടുത്തു. ഹുദൂർ വാത്സല്യത്തോടെ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹസ്തദാനം ചെയ്തു.

അതിനുശേഷം രണ്ടുമണിക്ക് ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിൽ വന്ന് ളുഹ്റും അസ്വറും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

### കോപ്പൻഹേഗിൽ(ഡന്മാർക്ക്)നിന്ന് നിർഗമനം മാൽമോയിൽ(സ്യൂഡനിൽ) ആഗമനം.

ഇന്ന് പ്രോഗ്രാം അനുസരിച്ച് ഡന്മാർക്കിലെ പര്യടനം പൂർത്തിയാകുകയായിരുന്നു. കോപ്പൻഹേഗിൽനിന്ന് മാൽമോ (Malmo)സ്വീഡനിലേക്ക് യാത്ര തിരിക്കുകയായിരുന്നു. അമീർ ജമാഅത്ത് സ്വീഡൻ മാമൂൻ അർറശീദ് സാഹിബ്, മുബല്ലിഗ് ഇൻചാർജ് ആഗാ യഹ്‌യാ ഖാൻ സാഹിബ്, സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ സ്വീഡൻ മൻസൂർ അഹ്മദ് സാഹിബ് എന്നിവർ ഹുദൂറിനെ വരവേല്ക്കുന്നതിന് മാൽമോയിൽനിന്ന് കോപ്പൻ ഹേഗനിൽ എത്തിയിരുന്നു. സ്വീഡനിലേക്കുള്ള യാത്രയ്ക്ക് ആദ്യമെ തയ്യാറാക്കിയ പരിപാടി അനുസരിച്ച് യാത്രാസംഘത്തിന് വാഹനങ്ങൾ സ്വീഡനിൽനിന്ന് വന്നിരുന്നു.

ഡന്മാർക്കിലെ ജമാഅത്തംഗങ്ങൾ ഉച്ച കഴിഞ്ഞപ്പോൾ തന്നെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ യാത്ര അയക്കുന്നതിനുവേണ്ടി നുസ്റത്ത് ജഹാൻ മസ്ജിദിൽ ഒത്തുചേരാൻ തുടങ്ങിയിരുന്നു. ഒരു ഭാഗത്ത് സ്ത്രീകളും പെൺകുട്ടികളും നിലയുറപ്പിച്ചു. മറുഭാഗത്ത് പുരുഷന്മാരും നിലയുറപ്പിച്ചിരുന്നു. പെൺകുട്ടികൾ ഗ്രൂപ്പായി നിന്ന് പ്രാർഥനാഗാനങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു.

5.5ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. കുറച്ചുസമയം തന്റെ പ്രിയപ്പെട്ടവരുടെ ഇടയിൽ നിന്നു. ഈ വേളയിൽ ഒരു ഭാഗത്ത് പെൺകുട്ടികൾ പദ്യങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. മറുഭാഗത്ത് സ്ത്രീകൾ ഹുദൂറിനെ നോക്കി കണ്ണിന് കുളിർമ നല്കുകയായിരുന്നു. പുരുഷന്മാർ തങ്ങളുടെ കൈകളുയർത്തി തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്ര അയപ്പ് നല്കുകയായിരുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് ദുആ ചെയ്യിച്ചു. യാത്രാസംഘം മാൽമോ, സ്വീഡനിലേക്ക് പുറപ്പെട്ടു. കോപ്പൻഹേഗിൽനിന്ന് മാൽമോയിലേക്കുള്ള ദൂരം 45 കിലോമീറ്ററാണ്. കോപ്പൻഹേഗിനും മാൽമോയ്ക്കുമിടയിൽ സമുദ്രമാണ്. ഇതിൽ 16 കിലോമീറ്റർ ദൂരമുള്ള പാലം പണിത് ആ രണ്ടു നഗരത്തേയും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു. പാലം കടന്ന് ഹുദൂർ അയ്യദഹുല്ലാഹ് സ്വീഡന്റെ (Sweden) അതിർത്തിയിൽ പ്രവേശിച്ചപ്പോൾ അവിടെനിന്ന് സ്വീഡൻ പോലീസിന്റെ വാഹനങ്ങൾ യാത്രാസംഘത്തിന് അകമ്പടി (Escort) സേവിച്ചു. മാൽമോയിലെ ജമാഅത്തിന്റെ കേന്ദ്രംവരെ എത്തുന്നതുവരെയുള്ള എല്ലാ വഴിയും പോലീസ് അപ്പപ്പോൾ ക്ലിയർ ചെയ്തുകൊണ്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ അൽഖാമിസ് അയ്യദഹുല്ലായുടെ സ്വീഡനിലെ രണ്ടാമത്തെ പര്യടനമാണ് ഇത്. ഇതിനുമുമ്പേ 2005ൽ ഹുദൂർ സെപ്റ്റംബർ 11 മുതൽ 19 വരെ സ്വീഡൻ പര്യടനം നടത്തിയിരുന്നു.

ഇന്നത്തെ ദിവസവും സ്വീഡൻ അഹ്മദിയ്യാ ജമാഅത്തിന് വളരെ അനുഗ്രഹീതമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലായുടെ അനുഗൃഹീത പാദം രണ്ടാം പ്രാവശ്യവും സ്വീഡന്റെ മണ്ണിൽ പതിഞ്ഞു. അല്ലാഹു ഈ സൗഭാഗ്യം സ്വീഡൻ ജമാഅത്തിന് എല്ലാ വിധത്തിലും നന്മയ്ക്കും അനുഗ്രഹത്തിനും നിമിത്തമാക്കുമാറാകട്ടെ. ഈ പര്യടനം അഭിവൃദ്ധിയുടെ പുതിയ വഴികൾ തുറക്കുന്നതും പുതിയ വഴികൾ നല്കുന്നതുമായിത്തീരട്ടെ. ആമീൻ.

മാൽമോ നഗരത്തിലേക്ക് പ്രവേശിക്കുകയായിരുന്നപ്പോൾ മോട്ടോർ വേയിൽ ദൂരത്തുനിന്നുതന്നെ മാൽമോയിൽ നിർമാണത്തിലിരിക്കുന്ന സ്വീഡൻ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ മസ്ജിദ് 'മസ്ജിദ് മഹ്മൂദി'ന്റെ വിശാലവും വിസ്തൃതവുമായ രണ്ടുനില കെട്ടിടം അതിന്റെ മിനാരത്തോടുകൂടി തിളങ്ങിക്കൊണ്ട് ഗുമ്പത്തോടുകൂടി കാണാൻ തുടങ്ങി. വളരെ മനോഹരമായ മസ്ജിദാണ് നിർമിക്കപ്പെട്ടിട്ടുള്ളത്. നോക്കുന്ന എല്ലാവരുടേയും ദൃഷ്ടികൾ അത് തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു.

6.10 ന് ഹുദൂർ അയ്യദഹുല്ലാഹ് മാൽമോയിലെ (സ്വീഡൻ)മസ്ജിദ് മഹ്മൂദിൽ ആഗതരായി. അവിടെ സ്വീഡൻ ജമാഅത്തംഗങ്ങൾ തങ്ങളുടെ ഇമാമിന് ഊഷ്മളമായ വരവേൽപു നല്കി. ആൺകുട്ടികളും പെൺകുട്ടികളും സംഘം ചേർന്ന് സ്വാഗതഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. *അഹ്ലൻ വ്വ സഹ്ലൻ വ്വ മർഹബാ*യുടെ ശബ്ദം നാലുഭാഗത്തുനിന്നും മുഴങ്ങിക്കൊണ്ടിരുന്നു. സ്ത്രീകൾ പ്രിയ ഹുദൂറിനെ കണ്ട് കണ്ണിന് കുളിർമയേകിക്കൊണ്ടിരുന്നു. ജമാഅത്തംഗങ്ങൾ കൈവീശിക്കൊണ്ട് ഹുദൂറിനെ ഹൃദ്യമായ സ്വാഗതം ആശംസിച്ചുകൊണ്ടിരുന്നു.

ഹുദൂർ വാഹനത്തിൽനിന്ന് പുറത്തിറങ്ങിയ ഉടനെ മാൽമോ ജമാഅത്ത് അമീർ മുഹമ്മദു ദാവൂദ് ഖാൻ സാഹിബ്, മാൽമോ മുബല്ലിഗ് ത്വാഹിർ ഹയാത്ത് സാഹിബ്, ലൗലിയ(Lulea) മുബല്ലിഗ് രിള്‌വാൻ അഫള്ൽ സാഹിബ് തുടങ്ങിയവർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് സ്വാഗതം പറഞ്ഞ് എതിരേറ്റു. ഹുദൂർ അൻവർ തന്റെ പരിശുദ്ധ കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാവർക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ് പറഞ്ഞു. താമസസ്ഥലത്തേക്ക് പോയി.

ഇന്ന് പ്രിയപ്പെട്ട ഇമാമിനെ സ്വീകരിച്ചവരിൽ മാൽമോ തദ്ദേശ ജമാഅത്തംഗങ്ങൾക്കു പുറമെ രാജ്യത്തിന്റെ മറ്റു വിവിധ ജമാഅത്തുകളിൽനിന്നും ജമാഅത്തംഗങ്ങൾ മാൽമോയിലെത്തിയിരുന്നു. ഗോഥൻബർഗിൽനിന്ന് വന്നവർ 288 കിലോമീറ്ററും സ്റ്റോക് ഹോമിൽനിന്ന് വന്നവർ 615 കിലോമീറ്ററും ലൗലിയ(Lulea)ജമാഅത്തിൽ നിന്നവർ 1510 കിലോമീറ്ററും ദീർഘ യാത്ര ചെയ്താണ് എത്തിയിരുന്നത്. തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ ദർശനം നടത്തുന്നതിനും തങ്ങളുടെ കുറച്ചു മണിക്കൂറുകൾ പ്രിയ ഇമാമിന്റെ സാമീപ്യത്തിൽ കഴിച്ചുകൂട്ടുന്നതിനും ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കുന്നതിനും വേണ്ടിമാത്രമാണ് അവർ വന്നത്. അല്ലാഹു ഈ സൗഭാഗ്യവും നന്മയും നിറഞ്ഞ ദിനങ്ങൾ എല്ലാവർക്കും അനുഗൃഹീതമാക്കട്ടെ. ആമീൻ.

(തുടരും)

## ജമാഅത്തിന് ഉപദേശം:–

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"അവസാനമായി ഞാനെന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. നിങ്ങൾ ശത്രുക്കൾക്കെതിരിൽ സഹനം കൈക്കൊള്ളുക. നിങ്ങൾ ചീത്ത വിളികൾകേട്ട് മൗനം പാലിക്കുക. ചീത്ത വിളി കേട്ടാൽ എന്തു നഷ്ടം സംഭവിക്കാനാണ്. ചീത്തവിളിക്കുന്നവന്റെ സ്വഭാവം മനസ്സിലാകും. അത്രതന്നെ. ആരെങ്കിലും നിങ്ങളെ മർദിച്ചാലും നിങ്ങൾ ക്ഷമ കൈക്കൊള്ളണമെന്നാണ് ഞാൻ നിങ്ങളോടു പറയുന്നത്. അല്ലാഹുവിൽനിന്ന് അവരുടെ ഹൃദയം കഠിനമാക്കപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ അവരങ്ങനെ ചെയ്യുകയില്ലായിരുന്നു എന്നകാര്യം ഓർക്കേണ്ടതാണ്. നമ്മുടെ ജമാഅത്ത് സമാധാനകാംക്ഷികളാണെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവർ കലാപക്കാരായിരുന്നെങ്കിൽ എപ്പോഴും കലഹങ്ങളുണ്ടാകുമായിരുന്നു. പിന്നീട് അവരിൽ ക്ഷമയും സഹനവും കാണുമായിരുന്നില്ല. പിന്നീട് അവരും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?................

അല്ലാഹുവിന്റെ രണ്ടു കല്പനകളുണ്ടെന്ന കാര്യം ഓർത്തുകൊള്ളുക. അവനോട് ഒന്നിനേയും പങ്കുചേർക്കരുതെന്നതാണ് ഒന്നാമത്തേത്; അവന്റെ സത്തയിലും അവന്റെ സവിശേഷ ഗുണങ്ങളിലും അവനെ ആരാധിക്കുന്നതിലും. രണ്ടാമത്തേത് മനുഷ്യകുലത്തോടു അനുകമ്പകാണിക്കുക എന്നതാണ്. നന്മ ചെയ്യുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വന്തം സഹോദരങ്ങളോടും സ്വന്തം ബന്ധുമിത്രാദികളോടും മാത്രം ചെയ്യുക എന്നതല്ല. എല്ലാവർക്കും ചെയ്യുക. അല്ലാഹുവിന്റെ സൃഷ്ടികളായ എല്ലാവർക്കും നന്മ ചെയ്യുക. അവൻ ഹിന്ദുവാണ്, ഇവൻ ക്രിസ്ത്യാനി എന്ന ചിന്ത ഉണ്ടാകരുത്. ഞാൻ സത്യമായും പറയുന്നു: നിങ്ങളുടെ നീതി അല്ലാഹു തന്റെ കൈയിൽ എടുത്തിരിക്കുകയാണ്. നിങ്ങൾ സ്വയം ചെയ്യണമെന്ന് അവനാഗ്രഹിക്കുന്നില്ല. എത്രത്തോളം മൃദുലനയം നിങ്ങൾ സ്വീകരിക്കുന്നുവോ എത്രത്തോളം വിനയവും എളിമയും കൈക്കൊള്ളുന്നുവോ അല്ലാഹു അത്രത്തോളം നിങ്ങളിൽ സന്തുഷ്ടനായിരിക്കും. നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ അല്ലാഹുവിന് ഏല്പിച്ചു കൊടുക്കുക. ഖിയാമത്ത് അടുത്തിരിക്കുകയാണ്. ശത്രുക്കളുടെ പീഢനങ്ങളിൽ ഒരിക്കലും പരിഭ്രമിക്കരുത്. ഇനി നിങ്ങൾക്ക് അവരിൽനിന്ന് ഒരുപാടു ദുഃഖങ്ങൾ സഹിക്കേണ്ടി വരുന്നതായി ഞാൻ കാണുന്നു. കാരണം സംസാകാരവൃത്തത്തിന്റെ വെളിയിലുള്ളവരുടെ നാവ്, അണക്കെട്ടുപൊട്ടി ശക്തമായി ജലപ്രവാഹമുണ്ടാകുന്നതു പോലെ ചലിക്കുന്നു. അതുകൊണ്ട് മതനിഷ്ഠയുള്ളവർ തങ്ങളുടെനാവ് അടക്കി വയ്ക്കേണ്ടതാണ്...............

നിങ്ങളുടെ ശാരീരികാവേശം നിങ്ങളുടെ ശത്രക്കളുടേതുപോലെ തന്നെയെങ്കിൽ നിങ്ങൾതന്നെ പറയുക! നിങ്ങളും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? എത്രാളികൾ സ്വയം ലജ്ജിതരായിത്തീരും വിധം നല്ല മാതൃക നിങ്ങൾ കാണിക്കേണ്ടതാണ്. നന്മകൊണ്ട് ശത്രുക്കളെ നാണംകെടുത്തുന്നവനാണ് വലിയ ബുദ്ധിമാനും ജ്ഞാനിയും..........

നമ്മളോടു അല്ലാഹു പറഞ്ഞിട്ടുള്ളത് മൃദുലമായും അലിവോടും കൂടി പെരുമാറുക എന്നാണ്. നിങ്ങൾക്കുണ്ടാകുന്ന എല്ലാ വിപത്തുകളും നാശങ്ങളും അല്ലാഹുവിൽ വിടുക. ഓരോ ഉപദ്രവങ്ങളിലും ക്ഷമ കൈക്കൊള്ളുകയും ഓരോന്നും അല്ലാഹുവിൽ വിടുകയും ചെയ്യുന്ന വ്യക്തിയെ അല്ലാഹു കൈയൊഴിയുകയില്ലെന്ന കാര്യം ഓർത്തുകൊള്ളുക. പരിഹസിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾകേട്ട് അവഹേളിക്കുകയും ചെയ്യുന്ന ആളുകൾ ലോകത്തുണ്ട്. എന്നാൽ, നിങ്ങൾ അത് ഗൗനിക്കണ്ട. അവരുടെ കാര്യം അല്ലാഹു നോക്കുന്നതാണ്. മനുഷ്യൻ വയസ്സനായി പടുവൃദ്ധനാകുന്നതുപോലെ ആ അല്ലാഹു പഴഞ്ചനായിട്ടില്ല. ഹദ്റത്ത് മൂസായുടേയും ഈസായുടേയും(അ) ഹദ്റത്ത് നബി(സ)തിരുമേനിയുടേയും കാലത്തുണ്ടായിരുന്ന അതേ അല്ലാഹു തന്നെയാണ് ഇന്നുമുള്ളത്. അവന്റെ ആദ്യമുണ്ടായിരുന്ന എല്ലാ ശക്തികളെല്ലാം ഇപ്പോഴുമുണ്ട്. എന്നാൽ, എന്തെന്നാണോ ഞാൻ പറയുന്നത് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.........

ഉപദേശങ്ങളോ എന്തെങ്കിലും തന്ത്രങ്ങളോ സൂത്രങ്ങളോ പാപങ്ങളേയും കുറ്റങ്ങളേയും അകറ്റുകയില്ലെന്ന കാര്യം ഓർത്തു കൊള്ളുക. അതിന് ഒരു വഴിയെയുള്ളു. അതു ദുആയാണ്. അല്ലാഹു നമ്മോട് പറഞ്ഞിട്ടുള്ളത് ഇതാണ്. ഇക്കാലഘട്ടത്തിൽ നന്മചെയ്യുക എന്നതും തിന്മ ഉപേക്ഷിക്കുക എന്നതും ചെറിയ കാര്യമല്ല. ഇതൊരു വിപ്ലവം ആഗ്രഹിക്കുന്നു. ഈ വിപ്ലവം അല്ലാഹുവിന്റെ കൈയിലാണ്. ഇതു ദുആ മുഖേനമാത്രമേ നടക്കൂ...

(മൽഫൂദാത്ത് വാള്യം 5 പേജ് 130–133)

☆☆☆

(പേജ് 1ൽനിന്ന്)

യോഹന്നാൻ അഥവാ യഹ്യാ ആയിരുന്നുവെന്ന് ഹദ്റത്ത് ഈസാ(അ) പറഞ്ഞിരുന്നില്ലേ? ഇത്രയും കാര്യം പറഞ്ഞിട്ട് അദ്ദേഹം യഹൂദികളുടെ പഴയ പ്രതീക്ഷകളെ മണ്ണിൽ പൂഴ്ത്തിക്കളഞ്ഞു. എന്നാൽ, ഹദ്റത്ത് ഈസാനബിതന്നെ ആകാശത്തുനിന്നു വരണമെന്നത് ഇപ്പോൾ നിർബന്ധമാണെങ്കിൽ അപ്പോൾ അദ്ദേഹം ഒരു സത്യപ്രവാചകനായിത്തീരുന്നതല്ല. കാരണം ആകാശത്തുനിന്നു തിരിച്ചുവരികയെന്നത് ദൈവിക നടപടിയിൽ പെട്ടതാണെങ്കിൽ ഇൽയാസ് നബി എന്തുകൊണ്ട് തിരിച്ചുവന്നില്ല? എന്തിനാണ് അദ്ദേഹത്തിന്റെ സ്ഥാനത്ത് യഹ്യായെ, ഏലിയാവാണെന്ന് പറഞ്ഞുകൊണ്ട് വ്യാഖ്യാനിച്ചത്? ബുദ്ധിമാന്മാർ ചിന്തിക്കേണ്ട സന്ദർഭമാണിത്."(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 71–73)

1.മനുഷ്യകുലത്തിനുമേൽ ശക്തമായി കോപം ചൊരിയുന്നവൻ, കോപംകൊണ്ടുതന്നെ നശിപ്പിക്കപ്പെടുന്നു. അല്ലാഹു അതുകൊണ്ടാണ് ഫാത്തിഹാ അധ്യായത്തിൽ യഹൂദികളുടെ പേര് 'കോപത്തിനുപാത്രമായവർ'എന്നു വെച്ചിട്ടുള്ളത്. ഇത് സൂചനനല്കുന്നത് പുനരുഥാന നാളിൽ എല്ലാ കുറ്റവാളികളും കോപത്തിന്റെ രസം രുചിക്കുമെന്നാണ്. എന്നാൽ, ലോകത്ത് അന്യായമായി കോപിക്കുന്നവൻ, ലോകത്തുതന്നെ ദൈവകോപത്തിന്റെ രസം രുചിക്കും. യഹൂദികളെ അപേക്ഷിച്ച് ക്രിസ്ത്യാനികളിൽനിന്ന് ലോകത്ത് കോപം വെളിപ്പെടുകയുണ്ടായില്ല. അതുകൊണ്ട് ഫാത്തിഹാ അധ്യായത്തിൽ അവരുടെ പേര് 'വഴിപിഴച്ചവർ' എന്നു വയ്ക്കപ്പെട്ടു. 'ളാല്ലീൻ'എന്ന പദത്തിന് രണ്ടർഥമുണ്ട്. ഒന്ന് വഴിപിഴച്ചവൻ. ഇതിന്റെ രണ്ടാമത്തെ അർഥം 'ലയിച്ചുപോകും' എന്നാണ്. എന്റെ നോട്ടത്തിൽ ഇത് അവർക്കുള്ള സുവാർത്തയാണ്. അതായത് ഏതെങ്കിലും കാലത്ത് വ്യാജമതത്തിൽനിന്ന് മോചനം നേടി ഇസ്ലാമിൽ ലയിച്ചുപോകും. പതുക്കെപ്പതുക്കെ അന്യാരാധനാപരമായ വിശ്വാസവും ന്യൂനവും ലജ്ജാകരവുമായ അനാചാരങ്ങളും ഉപേക്ഷിച്ച് ഉപേക്ഷിച്ച് ഏകദൈവവിശ്വാസികളായ മുസ്ലീംകളായിത്തീരും. ഫാത്തിഹാ അധ്യായത്തിന്റെ അവസാനം പറഞ്ഞ 'അള്ളാല്ലീൻ'എന്ന പദത്തിൽ ഉലാലത്തിന്റെ രണ്ടാമത്തെ അർഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു വസ്തു മറ്റൊരു വസ്തുവിൽ ലയിക്കുക എന്നാണ്. ക്രിസ്ത്യാനികളുടെ ഭാവിയിലെ മതപരമായ അവസ്ഥയെക്കുറിച്ചുള്ള ഒരു പ്രവചനമാണിത്.

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

(പേജ് 2ൽനിന്ന്)

ളുടെ പോസ്റ്റർ കീറി എന്നും ഇനി കുഴപ്പമുണ്ടാകുമെന്നും അഹ്റാരികൾ പോലീസിനോട് പറഞ്ഞു. ഞങ്ങൾ അതു ചെയ്യും ഇതുചെയ്യും എന്ന് പറഞ്ഞ് ബഹളംവച്ചു. ഇത് കണ്ടിട്ട് ഇൻചാർജ് പോലീസ് (അദ്ദേഹത്തിന്റെ കൺമുമ്പിലാണ് അവർ ആ പോസ്റ്റർ പതിച്ചത്)അഹ്റാരികളെ തടയുന്നതിനു പകരം അഹ്മദിയെ വഴക്ക് പറയാൻ തുടങ്ങി.

## ഖാദിയാനിൽ മജ്‌ലിസെ അഹ്റാരിന്റെ ഓഫീസ്

അക്രമത്തിന്റെ പരസ്യമായ ആദ്യത്തെ പരിശ്രമമായിരുന്നു ഇത്. ഇത് വിപുലമാക്കുന്നതിനുവേണ്ടി 1934 ന്റെ തുടക്കത്തിൽ ഖാദിയാനിൽ മജ്‌ലിസെ അഹ്റാറിന്റെ ഒരു ഓഫീസ് തുറക്കപ്പെട്ടു.

സയ്യിദ് അത്വാ ഉല്ലാഹ് ശാഹ് ബുഖാരിയുടെ ജീവിത ചരിത്രത്തിൽ ഈ ഓഫീസിനെ കുറിച്ചു പറയുന്നു: “ഖാദിയാനിൽ മജ്‌ലിസെ അഹ്റാറിന്റെ ഓഫീസ് 1934 മുതലുള്ളതാണ്.... മുബല്ലിഗുമാർ ഖാദിയാനിയ്യത്തിനെ ഖണ്ഡിക്കുന്ന ജോലി ഭംഗിയായ നിലയിൽ നിർവഹിച്ചു വരുന്നു. ഓഫീസ് ഒരു വലിയ കെട്ടിടത്തിലാണ് നിലകൊള്ളുന്നത്. അത് ഖാദിയാന്റെ ഒത്തനടുവിലാണ്.....ഖാദിയാനിലെ മദ്രസയുടേയും മുബല്ലിഗുമാരുടേയും ഓഫീസിന്റേയും ഒരു മാസത്തെ ചെലവ് 300 രൂപയിലധികമാണ്.”

ഈ ഓഫീസിന്റെ ചെലവുകൾ എവിടെനിന്നാണ് സംഘടിപ്പിച്ചിരുന്നത്? അതിന്റെ വിശദീകരണത്തിലേക്ക് നമുക്ക് പോകേണ്ടുന്ന ആവശ്യമില്ല. ശാഹ് സാഹിബിന്റെ ചരിത്രമെഴുതിയ ആൾ ഇത്രമാത്രം എഴുതി പിന്മാറുകയാണ് ചെയ്തിട്ടുള്ളത്: ‘ഈ എല്ലാ ചെലവുകളുടേയും ഉത്തരവാദിത്തം അമീറെ ശരീഅത്തിന്റേതായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമമൊന്നുകൊണ്ടുമാത്രം ഇപ്പോഴും അത് നിലച്ചിട്ടില്ല.’

ഈ ഓഫീസിന്റെ “വലിയ കെട്ടിടം” അതിന്റെ “മദ്രസ”യുടേയും “മുബല്ലിഗുമാരു”ടേയും അവസ്ഥ കാണുന്നവർക്ക് നല്ലവണ്ണം അറിയാം. എന്നാൽ ശാഹ് സാഹിബ് തന്റെ ശക്തമായ പ്രസംഗങ്ങളിൽ എങ്ങനെയാണ് ഈ ഓഫീസിന്റെ “പ്രവർത്തനങ്ങളെ” പ്രചരിപ്പിച്ചിരുന്നതിനുള്ള മാതൃക അദ്ദേഹമെഴുതിയ താഴെ കാണുന്ന പരസ്യത്തിൽനിന്ന് ലഭിക്കുന്നുണ്ട്:

“ഖാദിയാനിൽ പ്രത്യേകം തുറക്കപ്പെട്ടിട്ടുള്ള നമ്മുടെ ഓഫീസ് ഈ ഫിത്നയുടെ വളർച്ചയെ ഒരു പരിധിവരെ തടഞ്ഞു നിറുത്തിയിട്ടുണ്ട്. എന്നല്ല എല്ലാ മിർസായി ജമാഅത്തിനേയും ഇല്ലാതാക്കിക്കളഞ്ഞിരിക്കുന്നു. നൂറുക്കണക്കിന് മിർസായി പശ്ചാത്തപിച്ച് മടങ്ങിക്കഴിഞ്ഞു. ആയിരക്കണക്കിന് തയ്യാറായി കഴിഞ്ഞിട്ടുണ്ട്. അവർ നിങ്ങളിലേക്ക് നോക്കുന്നു. ഇസ്‌ലാം നിങ്ങളെ ഏല്പിച്ചിട്ടുള്ള മജ്‌ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ പൂർണ മനക്കരുത്തോടും തികഞ്ഞ ഉത്തരവാദത്തോടുംകൂടി ശ്രമിക്കുകയും നിർബന്ധംകൊണ്ട് അവിടെ കുടുങ്ങിക്കിടക്കുന്ന അവരിലെ വലിയ വലിയ ആളുകളെ ഇങ്ങോട്ടു ക്ഷണിക്കാൻ നാം പ്രാപ്തരാകുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ കൺമുമ്പിൽ ഈ ഫിത്ന ലോകത്ത് നിന്ന് ഇല്ലാതാകുന്നത് അകലെയല്ല. അതുകൊണ്ട് നിങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും മജ്‌ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ കഠിനപ്രയത്നം ചെയ്യേണ്ടത് നിർബന്ധമാണ്......ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു, ഖാദിയാനികൾക്കെതിരെ പണം ചെലവഴിക്കുന്നത് ഇക്കാലത്തെ ജിഹാദാകുന്നു,”

അഹ്റാരികൾ ഖാദിയാനിൽ താവളമടിക്കുകയും ഓഫീസ് തുറക്കുകയും ചെയ്തതോടെ സമാധാനലംഘനത്തിനുള്ള പരിപാടികളും തുടങ്ങി. ഇക്കാരണത്താൽ ഖാദിയാനിൽ മാത്രമല്ല അതിന്റെ പരിസരവാസികളിലും ഉഗ്രമായ പിരിമുറുക്കമുണ്ടായി. ഇതു വർധിപ്പിക്കുന്നതിനുവേണ്ടി ഒരു ഭാഗത്ത് അഹ്മദികളെക്കുറിച്ചുള്ള കള്ള റിപ്പോർട്ടുകൾ ഭരണകർത്താക്കൾക്കു നല്കി അവരെ പ്രകോപിതരാക്കി. മറുഭാഗത്ത് എല്ലാ പള്ളികളിലും അങ്ങേയറ്റം പ്രകോപനപരവും ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ പ്രസംഗപരമ്പര ആരംഭിച്ചു. ഇതിൽ അഹ്മദിയ്യ ജമാഅത്തിന്റെ വന്ദ്യനായ ഇമാമിനേയും മറ്റു പുണ്യാത്മാക്കളേയും അധിക്ഷേപിക്കാൻ തുടങ്ങി. അഹ്മദികൾ വധാർഹരാണെന്നും അവരെ കൊല്ലേണ്ടതാണെന്നും പരസ്യപ്രസ്താവനകൾ നടത്തി. വിവിധ രീതിയിൽ സാധാരണക്കാരെ കലഹങ്ങൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ചീത്ത പറയാനും അസഭ്യങ്ങൾ പുലമ്പാനും ലാഹോർ, അമൃതസർ, ലുധിയാന, മറ്റു നഗരങ്ങളിൽനിന്നും കടിഞ്ഞിണില്ലാത്തവരും വിധ്വംസകപ്രവർത്തകരുമായ പ്രസംഗകരുടേയും മൗലവിമാരുടേയും ഒരു പടതന്നെ അണിനിരന്നു. നിർഭയമായും ചീത്തപറയൽ, വിഷംചീറ്റുന്ന പ്രസംഗങ്ങൾ, പരിഹാസങ്ങൾ, അസഭ്യവാക്കുകൾ, കളവ് കൂടാതെ ഹീനമായ മറ്റുള്ള സകല ആയുധങ്ങളും അവർ ഉപയോഗിച്ചു. ഇതെല്ലാം അരങ്ങേറിയത് പോലീസിന്റേയും മറ്റു ഉത്തരവാദപ്പെട്ട ഭരണാധികാരികളുടേയും കൺമുമ്പിലായിരുന്നു. എന്നല്ല, അവരുടെ മേൽനോട്ടത്തിലായിരുന്നു. ഇവർ സാധാരണക്കാരുടെ വികാരങ്ങളെ ഇളക്കിവിടാൻ ചെയ്യാത്ത പണികളൊന്നുമില്ല. അതിനോടൊപ്പം തങ്ങളാണ് സമാധാനകാംക്ഷികളെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളും അവർ നടത്തിയിരുന്നു. ഈ നയം പൊതുവെ എല്ലാ പ്രസംഗകരും സ്വീകരിച്ചിരുന്നു. ഇതിനായി അവർ പുതിയ പുതിയ രീതികൾ അവലംബിച്ചിരുന്നു.

1934 മാർച്ച് 23ന് മജ്‌ലിസെ അഹ്റാരിന്റെ ദേശീയ അധ്യക്ഷൻ മൗലവി ഹബീബുർറഹ്മാൻ ലുധിയാനവി ഖാദിയാനിൽ വന്നു. അദ്ദേഹത്തിന് ഖാദിയാൻവാസികൾ ഒരു മെമ്മോറാണ്ടം കൊടുത്തു. അതിൽ പറഞ്ഞിരുന്നതിപ്രകാരമാണ്:

“അങ്ങയോട് ഞങ്ങൾ സത്യം പറയുന്നു. ഖാദിയാനിൽ ബ്രിട്ടീഷ് സർക്കാറിന്റെ ഭരണമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഞങ്ങളെ ഭരിക്കുന്നത് ഖാദിയാനി ജമാഅത്താണ്. ഖാദിയാനിൽ ബ്രിട്ടീഷ് ഭരണം തകിടം മറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെമേൽ മർദനമാണ് നടക്കുന്നത്. ചെവിപിടിച്ച് ഖാദിയാനിൽനിന്ന് പുറത്താക്കൽ നിത്യക്കാഴ്ചയാണ്. പിഴകൾ ചുമത്തുകയും തടവിലിടുകയും ചെയ്യുന്നു. കൊലപാതകംവരെ നടക്കുന്നുണ്ട്. മുഹമ്മദ് അമീൻ മുജാഹിദ് ബുഖാറയെ പട്ടാപ്പകൽ കൊലചെയ്തിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു. അതിനുശേഷം കൊലപാതകി ഇഖ്ബാൽ കുറ്റകൃത്യം ചെയ്തുകൊണ്ടേപോകുന്നു. പക്ഷേ, കേസുകളൊന്നുമില്ല. ഉമൂറെ ആമ, ഉമൂറെ ഖാരിജ, ഉമൂറെ ദാഖല എല്ലാം കൃത്യമായി പ്രവർത്തിച്ചു വരുന്നു. ഹൈക്കോടതിയും അതിനു വിധേയമായി കീഴ്ക്കോടതിയുമുണ്ട്. ഖാദിയാനിൽനിന്ന് മുസ്‌ലീംകളെ ഒന്നടങ്കം പുറത്താക്കുക എന്നതാണ് അവരുടെ പോളിസി. അത് അവരുടെ മതപരമായ വിശ്വാസവുമാണ്. ഖാദിയാനിലെ സമാൻടൗണിലെ നിലവിലുള്ള പ്രസിഡന്റിന്റെ കോടതിയിൽ അതവർ ബോധിപ്പിച്ചിട്ടുള്ളതാണ്. ഖാദിയാനിലെ അനഹ്മദികൾക്ക് രണ്ടു വഴികളാണുള്ളതെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്; ഒന്നുകിൽ മുഹമ്മദു(സ)ന്റെ കോന്തലവിട്ട് ഖാദിയാനിയാകുക, അല്ലെങ്കിൽ ഖാദിയാനിൽനിന്ന് ഒഴിഞ്ഞു പോകുക.”

പിന്നീട് പഞ്ചാബ് ഹൈക്കോടതിയിൽ സവിസ്തരം വാദത്തിൽവന്ന ആരോപണങ്ങളാണ് ഇതിലധികവും. കോടതി അവയെല്ലാം അടിസ്ഥാനരഹിതവും അസത്യപരവുമാണെന്ന് വിധിക്കുകയുണ്ടായി. ആദ്യം മുതൽ അവസാനം വരെ കളവിന്റെ സമുച്ചയമായ ഈ മെമ്മോറാണ്ടത്തിന് മറുപടി നല്കിക്കൊണ്ട് മൗലവി ഹബീഹുർറഹ്മാൻ സാഹിബ് അതിതീവ്രമായ ഒരു പ്രസംഗം ചെയ്തു. അതിൽ ഖാദിയാനിലെ അനഹ്മദികളെ പ്രകോപിപ്പിച്ചുകൊണ്ടു പറഞ്ഞു:

“മഹ്മൂദിനേയും അയാളുടെ കൂട്ടാളികളേയും സമാധാനത്തോടെ നേരായ പാതയിലേക്ക് വിളിക്കേണ്ടത് നിങ്ങളുടെ നിർബന്ധ കടമയാണ്. ഇരുലോകങ്ങളുടെ നേതാവിന്റെ സത്യദീൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുക. അതിനുപകരം നിങ്ങളുടെ തലതല്ലിപൊളിപ്പിക്കേണ്ടി വന്നാൽ പൊളിപ്പിക്കുക. വെടിയേല്ക്കേണ്ടി വന്നാൽ വിരിമാർ കാണിച്ചുകൊടുക്കുക. ഒരു ചാഞ്ചല്യവും കൂടാതെ മരണത്തെ ആലിംഗനം ചെയ്യുക. ഖാദിയാനിലെ ഇടവഴികളിൽ അഹ്റാരി പ്രവർത്തകരുടെ രക്തത്തിന്റെ പുഴകളൊഴുകിയാൽ ഞാൻ മനസ്സിലാക്കും, ഞാനെന്റെ ലക്ഷ്യം പ്രാപിച്ചുവെന്ന്. അല്ലാഹുവാണ! അതു ഞാൻ കാത്തിരിക്കുകയാണ്. എന്റെ മതദൗത്യം പൂർത്തിയാക്കുന്നതിനിടയിൽ മഹ്മൂദിന്റെ ഹവാരികളുടെ കൈയാൽ ഞാൻ വധിക്കപ്പെട്ടാൽ, ഞാൻ അത് ശഹാദത്തെ കുബ്റാ (ഏറ്റവും വലിയ വീരമൃത്യു) ആയി മനസ്സിലാക്കുന്നതാണ്.”

ഈ ഉദ്ധരണത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും അഹ്റാരി നേതാക്കന്മാരുടെ പ്രസംഗങ്ങൾ പ്രകോപനപരമായ എന്തെന്തെല്ലാം ചതികളാണ് നടത്താതിരുന്നതെന്ന്. ഈ തീപ്പൊരികളുടെ ഒരു ഭാഗം അൽഫദ്ൽ പത്രത്തിലും അഹ്മദിയ്യ ജമാഅത്തിന്റെ റെക്കോർഡുകളിലും സുരക്ഷിതമാണ്. ഇൻശാഅല്ലാഹ്! വരും തലമുറയ്ക്കായി ഖിയാമത്തുനാൾവരെ അത് സുരക്ഷിതമായിരിക്കും.

## അഹ്റാറിന് പഞ്ചാബിലെ ചില ഉലമാക്കളുടെ പ്രോത്സാഹനം:

ഇതായിരുന്നു ഖാദിയാനിലെ അവസ്ഥ. എന്നാൽ, ഖാദിയാനിൽ വരാൻ അവസരം ലഭിക്കാതിരുന്ന മറ്റു നഗരങ്ങളിലെ ഉലമാക്കൾ – അവരുടെ നാവുകളിൽനിന്നും തൂലികകളിൽനിന്നും കോപാഗ്നിയും കടുപ്പമായ ചിന്താഗതിയും ജ്വലിച്ചിരുന്നു–അഹ്റാറികളുടെ പരിശ്രമങ്ങളെ ജിഹാദ് എന്നു പറഞ്ഞു. അവർ അഹ്മദിയ്യത്തിനെതിരിൽ അന്തിമ തീരുമാനത്തിനായി യുദ്ധം ചെയ്യാൻ എല്ലാ മുസ്‌ലീംകളേയും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആ നാളുകളിൽ മൗലവി സയ്യിദ് അൻവർശാഹ് സാഹിബ് കാശ്മീരി(സുപ്രസിദ്ധ ദേവബന്ദ് പണ്ഡിതൻ) ഒരു അഭ്യർഥന പ്രസിദ്ധീകരിച്ചു. അതിലെഴുതി:

“അല്ലാഹുവിനുവേണ്ടി ഖാദിയാനികൾക്കെതിരിൽ ഇപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എന്നിൽനിന്ന് ഹദീഥു പഠിച്ചിട്ടുള്ളവരോട് പ്രത്യേകിച്ചും മുസ്‌ലീംകളോട് പൊതുവേയും, ദീനിനുവേണ്ടി അർപണം ചെയ്തിട്ടുള്ള ലാഹോറികളെപ്പോലെ മിർസായികളുടെ അടിത്തറയില്ലാത്ത കൊട്ടാരത്തെ തകർത്തെറിയാൻ സാധ്യമായതെല്ലാം ചെയ്യുന്നതിൽ ഒരു കുറവും വരുത്തരുതെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.”

ഇപ്രകാരംതന്നെ ലാഹോർ അഞ്ചുമൻ ഖുദ്ദാമുദ്ദീനിന്റെ അമീർ മൗലവി അഹ്മദ് അലി സാഹിബും സമീന്ദാർ പത്രത്തിന്റെ എഡിറ്റർ മൗലവി സഫർഅലി ഖാൻ സാഹിബും മുസ്‌ലീംകളോട് അഭ്യർഥിച്ചു:

“റസൂലുല്ലാഹി(സ) പ്രവചനം ചെയ്ത ആ അവസാന ഫിത്ന പൗരസ്ത്യദേശത്ത് ഖാദിയാനിയ്യത്തിന്റെ രൂപം പ്രാപിച്ച് വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ലം യലിദ് വലം യൂലിദായ അല്ലാഹുവിന്റെ നാമത്തിൽ, ഖാത്തമുന്നബിയ്യീനായ മുഹമ്മദ് മുസ്തഫാ(സ)യുടെ നാമത്തിൽ, അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമതമായ ഇസ്‌ലാമിന്റെ നാമത്തിൽ, വേദനതിങ്ങുന്ന മനസ്സോടെ പൊതുക്ഷണം നടത്തുകയാണ്, മുസ്‌ലീംകളായ നമ്മളെല്ലാവരും നമ്മളുടെ ഭാഗികമായ എല്ലാ എതിർപുകളും മാറ്റിവച്ചുകൊണ്ട് ഈ ഫിത്നയെ(ഖാദിയാനിയ്യത്തിനെ) ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി സാധ്യമായ എല്ലാ മാർഗങ്ങളും പ്രയോഗിക്കുന്നതിൽനിന്ന് ഒഴിഞ്ഞു മാറരുത്. ഒഴിഞ്ഞുമാറിയാൽ ദുൻയാവും ആഖിറത്തും നഷ്ടമായിപ്പോകുമെന്നല്ലാതെ ഒന്നും ലഭിക്കുകയില്ല.”

അഹ്റാരി നേതാക്കൾ വിളംബരം ചെയ്തു: ‘ഖാദിയാനിയ്യത്തിന്നെതിരിലുള്ള നമ്മുടെ യുദ്ധം മതപരമല്ല. വെറും രാഷ്ട്രീയപരമാണ്.’ ഥനാഉല്ലാഹ് അമൃതസരി പറഞ്ഞു: ‘അഹ്റാർ പരസ്യമായി പറയുന്നു, ഖാദിയാനീ സംഘവുമായിട്ടുള്ള പ്രശ്നങ്ങളുടെ തീരുമാനം ഉലമാക്കൾ എടുത്തു കഴിഞ്ഞിട്ടുള്ളതാണ്. അവരോടുള്ള നമ്മുടെ പോരാട്ടം രാഷ്ട്രീയ നിറത്തിലുള്ളതാണ്.’

അങ്ങനെ അവർ പ്രകോപനപരമായ പ്രസംഗങ്ങളിലൂടേയും എഴുത്തുകളിലൂടേയും സാധാരണ മുസ്‌ലീംകളെ അഹ്മദികൾക്കെതിരെ ഇളക്കിവിട്ട് കലാപം സൃഷ്ടിക്കാൻ തുടങ്ങി. ഏതു രീതിയിലും അഹ്മദിയ്യ ജമാഅത്തിനെ ഉന്മൂലനം ചെയ്യുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

ഇഹ്സാൻ എന്ന പത്രം 1935 ഫെബ്രുവരി 5 ന് എഴുതി: “സിദ്ദീഖുൽ അക്ബറിന്റെ കാലത്ത് ജനിക്കാതിരുന്നതിന് മിർസായികൾ നന്ദി പറയേണ്ടതാണ്. ഇല്ലെങ്കിൽ അദ്ദേഹം സക്കാത്ത് കൊടുക്കാൻ കൂട്ടാക്കാതിരുന്ന നാമധാരികളായ മുസ്‌ലീംകൾക്കെതിരിൽ വാൾകൊണ്ടു യുദ്ധം ചെയ്തതുപോലെ മിർസായികളേയും വകവരുത്തുമായിരുന്നു.”.....“ഇന്നു മുസ്‌ലീംകളിൽ ഹദ്റത്ത് സിദ്ദീഖുൽ അക്ബർ ഉണ്ടായിരുന്നെങ്കിൽ ഉറകളിൽനിന്ന് വാൾ പുറത്തെടുക്കുകും ഖാദിയാനിയ്യത്ത് വേരോടെ പിഴുതെറിയപ്പെടുകയും ചെയ്തിട്ടുണ്ടാകുമായിരുന്നു.”

ഗസ്നവീ കുടുംബത്തിലെ ഒരു അമൃതസരി മൗലവി 1935 ഫെബ്രുവരി 7ന് വീരാവൽ എന്ന സ്ഥലത്തുചെയ്ത പ്രസംഗത്തിൽ പറഞ്ഞു: “കുറച്ചു ദിവസങ്ങൾക്കുളളിൽ ഖാദിയാനിലെ ഖലീഫ വധിക്കപ്പെടും. മിനാരം തകർത്തെറിയപ്പെടും. പോലീസും സർക്കാരും കേട്ടുകൊള്ളുവിൻ! ഞങ്ങൾ എത്രയും വേഗം ഖാദിയാനീ ഖലീഫയെ കൊല്ലുന്നതാണ്.”

## ഫിത്നയെ തടയാൻ ഒരു കമ്മിറ്റി:

മിർസാ അബ്ദുൽഹഖ് സാഹിബിന്റെ (പ്ലീഡർ ഗുരുദാസ്പൂർ) വിവരണമാണ്. “അഹ്റാറിനെ നേരിടാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനീ മിർസാ ബശീറുദ്ദാൻ മഹ്മൂദ് അഹ്മദ്(റ) ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ അദ്ദേഹവും അംഗമായിരുന്നു. അപ്രകാരംതന്നെ ബഹുമാനപ്പെട്ട ശേയ്ഖ് ബശീർ അഹ്മദ് സാഹിബ് അഡ്വക്കേറ്റ് ലാഹോർ തുടങ്ങി മറ്റു ചില സഹോദരന്മാരും അംഗങ്ങളായിരുന്നു. ഹുദൂർ തന്നെയായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. കമ്മിറ്റിയിലെ അംഗങ്ങൾക്ക് ഒരുപാട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അവരുടെ മുമ്പിൽ സംഭവങ്ങളെല്ലാം വിശദമായി അവതരിപ്പിച്ചിരുന്നു. ഇതു സംബന്ധമായിട്ടുള്ള അത്യാവശ്യ കത്തിടപാടുകളും സാഹിത്യങ്ങൾ സുരക്ഷിതമാക്കി വെക്കാനുള്ള പ്രവർത്തികളുമെല്ലാം ഹുദൂർ നേരിട്ട് തന്റെ കീഴിലാണ് വെച്ചിരുന്നത്.” (തുടരും)



EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 06 December 2018 Issue-49

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# അഹ്മദിയ്യാ ഫിഖ്ഹ്–20

## നമസ്കാരത്തിൽ കൈകെട്ടൽ:

കൈകെട്ടാതെ നമസ്കരിക്കുക എന്നത് ഒരു ഹദീഥിൽനിന്നും സ്ഥാപിതമല്ല. കൈകെട്ടി നിൽക്കുക എന്നത് പ്രകൃതി നിയമത്തിന്റെ അടിസ്ഥാനത്തിലും ഭക്തിപൂർവമുള്ള ഈശ്വരപ്രാർഥനയ്ക്ക് യുക്തമായതാണെന്ന് മനസ്സിലാകുന്നു. ഇനി കൈകെട്ടാതെ നമസ്കരിക്കുകയാണെങ്കിലും നമസ്കാരം ശരിയാകുന്നതാണ്. മാലിക്കികളും ശിയാക്കളെപ്പോലെ കൈകെട്ടാതെയാണ് നമസ്കരിക്കുന്നത്. എങ്കിലും സുന്നത്താക്കപ്പെട്ട രീതി മുകളിൽ വിവരിച്ചിട്ടുള്ളതാണ്. (ഫതാവാ മസീഹ് മൗഊദ് പേജ് 46)

നമസ്കാരത്തിൽ കൈകെട്ടുന്നതിനെ സംബന്ധിച്ച് ഇമാം മാലിക്(റഹ്) തന്റെ സുപ്രസിദ്ധ ഗ്രന്ഥമായ മുഅത്വായിൽ പറയുന്നു:

*അൻ അബ്ദിൽകരീം ബിൻ അബിൽ മുഖാരിഖിൽ ബസ്രിയ്യി അന്നഹൂ ഖാല മിൻകലാമിന്നുബുവ്വത്തി ഇദാ ലം തസ്തഹീ ഫസ്നഅ് മാ ശിഅ്ത്ത വ വള്അൽ യദയ്നി ഇഹദാഹുമാ അലൽ ഉഖ്റാ ഫിസ്സ്വലാത്തിൽ യുംനാ അലയ്യുസ്റാ*

നിനക്ക് ലജ്ജയില്ലെങ്കിൽ നീ ആഗ്രഹിക്കുന്നതുപോലെ ചെയ്തുകൊള്ളുക. എന്നു പറഞ്ഞുകൊണ്ട് നമസ്കാരത്തിൽ ഒന്നു മറ്റൊന്നിനുമേൽ വലതു കൈ ഇടതുകൈയുടെ മീതെ വെച്ചു.

ഇപ്രകാരംതന്നെ ബുഖാരിയിലും മുസ്‌ലിമിലും രിവായത്തുണ്ട്:

സഹ്ല്(റ)നിവേദനം: വലത്തേ കൈ നമസ്കാരത്തിൽ ഇടത്തേ മുഴംകൈയിന്മേൽ വെക്കൽ(തിരുമേനിയുടെ കാലത്ത്)ആളുകളോടു കൽപ്പിക്കാറുണ്ടായിരുന്നു.(ബുഖാരി കിതാബുൽ അദാൻ, ബാബുവള്ഉൽയദയ്നി ഇഹ്ദാഹുമാ അലൽ ഉഖ്റാ ഫിസ്സ്വലാത്തി പേജ് 55)

ചോദ്യം: നമസ്കാരത്തിൽ കൈകെട്ടേണ്ട രീതി എങ്ങനെയാണ്?

ഉത്തരം: കൈകെട്ടേണ്ടതിന്റെ യഥാർഥവും ശരിയായതുമായ രീതി വലതുകൈയുടെ തള്ളവിരലും ചെറിയ വിരലുംകൊണ്ട് ഇടതുകൈയുടെ താഴെ അടുത്തുള്ള മണിക്കണ്ടം പിടിക്കുകയും വലതു കൈയുടെ ബാക്കിയുള്ള മൂന്നു വിരലുകൾ നീളത്തിൽ വലതുകൈയുടെ മണിക്കണ്ടത്തിൽ വെക്കുകയും ചെയ്യുക എന്നതാണ്.

## റഫഅയദയ്ൻ: (കൈ ഉയർത്തൽ)

ചോദ്യം:അഹ്ലെ ഹദീഥുകാർ പറയുന്നത് നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) ഹദ്റത്ത് ഉഥ്മാനും അവസാന കാലംവരെ കൈ ഉയർത്താറുണ്ടായിരുന്നുവെന്നാണ്. ഇതിനെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസമെന്താണ്?

ഉത്തരം: നമസ്കാരത്തിൽ എവിടെയെല്ലാം കൈ ഉയർത്തണം എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. നമസ്കാരം ആരംഭിക്കുന്ന നേരത്ത് കൈയുയർത്തുന്നതിനെ സംബന്ധിച്ച് ഉലമാക്കളെല്ലാം ഏകാഭിപ്രായക്കാരാണ്. സ്വഹീഹായ ഹദീഥുകളിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷേ അതിനുപുറമെ താഴെ പറയുന്ന സ്ഥലങ്ങളിൽ കൈയുയർത്തുന്നതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. റുക്കൂഇലേക്കു പോകുമ്പോൾ, റുക്കൂഇൽനിന്ന് എഴുന്നേല്ക്കുമ്പോൾ, സജ്ദയിൽ പോകുമ്പോൾ, സജ്ദയിൽ നിന്നെഴുന്നേല്ക്കുമ്പോൾ, സജ്ദ ചെയ്തതിനുശേഷം രണ്ടാമത്തെ റക്അത്തിനുവേണ്ടി എഴുന്നേല്ക്കുമ്പോൾ, ഒന്നാമത്തെ അത്തഹിയാത്തിൽനിന്ന് എഴുന്നേല്ക്കുമ്പോൾ, അവസാന അത്തഹിയാത്തിനുശേഷം സലാം മടക്കുന്ന നേരത്ത്. ചുരുക്കിപ്പറഞ്ഞാൽ തക്ബീറത്തുൽ ഇഹ്റാമിനു പുറമെ ബാക്കി ഏഴു സ്ഥലത്തെ സംബന്ധിച്ച് വിവിധ ഹദീഥുകളിൽ പറയപ്പെട്ടിട്ടുണ്ട്. അതിൽ ചിലത് ഇവയാണ്.

1. മാലിക് ബിൻ ഹുവയ്രിഥ് പറയുന്നു: നബി(സ)തിരുമേനി റുക്കൂഇൽ പോകുമ്പോഴും റുക്കൂഇൽനിന്ന് എഴുന്നേല്ക്കുമ്പോഴും സജ്ദയിൽ പോകുമ്പോഴും സജ്ദയിൽനിന്നെഴുന്നേല്ക്കുമ്പോഴും എല്ലാ അവസരത്തിലും കൈയുയർത്തുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ഈ ഉള്ളടക്കമുള്ള ഹദീഥുകൾ തുർമുദിയിലും അബൂദാവൂദിലും ഹ്രസ്വമായി വന്നിട്ടുണ്ട്.

2. ഹദ്റത്ത് ഇമാം ബുഖാരി തന്റെ ലഘുകൃതിയായ 'റഫഉൽ യദയ്നിൽ' ഇബ്നു ഉമറിൽനിന്ന് രിവായത്തു ചെയ്തിരിക്കുന്നു. നബി(സ)തിരുമേനി ഒന്നാമത്തെ അത്തഹിയാത്തിൽനിന്ന് എഴുന്നേൽക്കുമ്പോൾ കൈയുയർത്താറുണ്ടായിരുന്നു. ഇപ്രകാരം തന്നെ ഒരു രിവായത്തിലുണ്ട്, നബി(സ)തിരുമേനി അത്തഹിയ്യാത്തിനുശേഷം സലാം ചൊല്ലുമ്പോൾ കൈയുയർത്താറുണ്ടായിരുന്നു. ഇത്തരത്തിലുള്ള എല്ലാ ഹദീഥുകളും ഉണ്ടായിട്ടും ഭൂരിഭാഗം അഹ്ലെ ഹദീഥുകാരും വെറും മൂന്നു സ്ഥലങ്ങളിലാണ് കൈയുയർത്തൽ അംഗീകരിക്കുന്നത്. അതായത് തക്ബീറത്തുൽ ഇഹ്റാമിന്റെ നേരത്ത്, റുക്കൂഇൽ പോകുമ്പോൾ, റുക്കൂഇൽനിന്ന് നേരെ എഴുന്നേറ്റു നില്ക്കുമ്പോൾ. അവർ ബാക്കി ഹദീഥുകളെ അവഗണിച്ചിരിക്കുന്നു. ഇതിനെതിരിൽ ചില ഇമാമുമാർ അവരിൽ ഇമാം അബൂഹനീഫയും ഇമാം മാലിക്കും ഉൾപ്പെടുന്നു ആരംഭത്തിൽ തക്ബീറത്തുൽ ഇഹ്റാമിന്റെനേരത്ത് മാത്രം കൈയുയർത്തുന്നത് നിർബന്ധമായി അംഗീകരിച്ചിരിക്കുന്നു. മറ്റു സ്ഥലങ്ങളിൽ കൈയുയർത്തുന്നത് വിലക്കിയിരിക്കുന്നു. ഈ ഇമാമുമാർ താഴെ കാണുന്ന രിവായത്തുകളാണ് തെളിവുകളായി നല്കുന്നത്.

1. സുപ്രസിദ്ധ സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)ഒരിക്കൽ പറഞ്ഞു: നബി(സ)തിരുമേനി എങ്ങനെയാണ് നമസ്കരിച്ചതെന്ന് ഞാൻ നിങ്ങൾക്ക് നമസ്കരിപ്പിച്ചു പറഞ്ഞു തരട്ടെയോ? അങ്ങനെ അദ്ദേഹം അതനുസരിച്ച് നമസ്കരിപ്പിച്ചു. അതിൽ ഒരു പ്രാവശ്യം (അതായത് തക്ബീറത്തുൽ ഇഹ്റാമിന്റെ നേരത്തു) മാത്രമാണ് കൈയുയർത്തിയത്.

ഈ ഹദീഥ് തുർമുദി വിവരിച്ചിട്ടുള്ളതാണ്. അത് സ്വിഹാഹു സിത്തയിൽപ്പെട്ട ഗ്രന്ഥമാണ്. ഇപ്രകാരം അബൂദാവൂദും നസാഇയും അത് രിവായത്തു ചെയ്തിട്ടുണ്ട്.

2. ഇബ്നു മസ്ഊദ് രിവായത്തു ചെയ്യുന്നു. നബി(സ)തിരുമേനി തക്ബീറത്തുൽ ഇഹ്റാമിനു പുറമെ നമസ്കാരത്തിലെ മറ്റൊരു ഭാഗത്തും കൈയുയർത്തിയിരുന്നില്ല.(മുസ്നദ് ഇമാം അബൂ ഹനീഫ)

3. ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) വിവരിക്കുന്നു:ഞാൻ നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്കറിന്റേയും ഹദ്റത്ത് ഉമറിന്റേയും പിന്നിൽ നമസ്കരിച്ചിട്ടുണ്ട്. തക്ബീറത്തുൽ ഇഹ്റാമിനു പുറമെ ഒരു അവസരത്തിലും അവർ കൈയുയർത്തിയിരുന്നില്ല. (ബയ്ഹഖി)

4. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദും ഹദ്റത്ത് അലിയുടെ ശിഷ്യരും തക്ബീറത്തുൽ ഇഹ്റാമിനു പുറമെ നമസ്കാരത്തിലെ മറ്റൊരു ഭാഗത്തും കൈയുയർത്തിയിരുന്നില്ല.

5. അല്ലാമ നയ്മവി എഴുതുന്നു: സ്വഹാബാക്കൾ കൈയുയർത്തലിനെ സംബന്ധിച്ച് വിവിധ അഭിപ്രായക്കാരായിരുന്നു. എന്നാൽ, നാലു ഖലീഫമാരെ സംബന്ധിച്ചും അവർ തക്ബീറത്തുൽ ഇഹ്റാമിനു പുറമെ എവിടെയെങ്കിലും കൈയുയർത്തിയതായി ഒരു ശരിയായ രിവായത്തിലും സ്ഥാപിതമല്ല.

6. ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു: അശ്റ മുബശ്ശിറായിൽപ്പെട്ട ആരും തക്ബീറത്തുൽ ഇഹ്റാമിന്റെ അവസരത്തിലല്ലാതെ കൈയുയർത്തിയിരുന്നില്ല.(സ്വർഗ സുവിശേഷം അറിയിക്കപ്പെട്ട 10 സ്വഹാബ)

ഈ നിവേദനങ്ങളിൽനിന്ന് ആരംഭകാലം മുതലെ ഇതുസംബന്ധമായ അഭിപ്രായഭിന്നത നിലനിന്നു വരുന്നുണ്ടെന്നുള്ളത് പ്രകടമാണ്. ചില രിവായത്തുകളിൽ തക്ബീറത്തുൽ ഇഹ്റാമിനു പുറമെയും കൈയുയർത്തിയതായി സ്ഥാപിതമാകുന്നുണ്ട്. ചിലർ അത് ഖണ്ഡിച്ചിട്ടുള്ളതായും കാണാം. മറ്റുള്ള സ്ഥലങ്ങളിൽ കൈയുയർത്തിയിരുന്നതായി വിശ്വസിക്കുന്നവരും എല്ലാ ഹദീഥുകളുമനുസരിച്ച് പ്രവർത്തിക്കുന്നില്ല. ചിലത് അവർ ചെയ്യുന്നുണ്ട്. ചിലത് അവർ ചെയ്യാത്തതായും കണ്ടു. അത്തരം പരിതഃസ്ഥിതിയിൽ കർമശാസ്ത്രത്തിന്റെ ഒന്നാമത്തെ ഇമാമുമാരായ ഉദാഹരണത്തിന് ഇമാമെ അഅ്ളം അബൂഹനീഫ(റഹ്), ഇമാം ദാറുൽഹിജ്റത്ത് മാലിക്(റഹ്), ഇമാം ഥൗരിയുടെ അഭിപ്രായങ്ങൾക്ക് പ്രത്യേക പ്രാധാന്യം ഉണ്ടാവേണ്ടതാണ്. കാരണം അവർ സ്വഹാബത്തിന്റെ അടുത്ത കാലഘട്ടം പ്രാപിച്ചവരാണ്. പ്രത്യേകിച്ചും ഇമാം മാലിക്(റഹ്) മദീനയിൽ താമസക്കാരനായിരുന്നു. മദീനക്കാരുടെ കർമപദ്ധതി, അത് സ്വഹാബത്തിന്റെ വളരെ അടുത്ത കാലമായിരുന്നു അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്നു. ഇവരെല്ലാവരും കർമപരമായി കൈയുയർത്തൽ ഈ രീതിയിൽ വിശ്വസിക്കുമ്പോൾ അതിന്റെ അർഥം ഇതുസംബന്ധമായി തീർച്ചയായും എന്തോ മാറ്റം സംഭവിച്ചിട്ടുണ്ടെന്നാണ്. കൈയുയർത്തൽ ഉപേക്ഷിച്ചിട്ടുള്ള നിവേദനങ്ങൾ അടിസ്ഥാന രഹിതമല്ല.(ഫിഖ്ഹ് അഹ്മദിയ്യാ പേജ് 80)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin